"ഉടനെ യജമാനൻ ആ ഭൃത്യനെ വിളിച്ചുപറഞ്ഞു: ദുഷ്ടഭൃത്യാ, നീ അപേക്ഷിച്ചപ്പോൾ നിൻെറ കടമെല്ലാം ഞാൻ ഇളച്ചുതന്നില്ലേ? ഞാൻ നിന്നോടു കരുണകാണിച്ചതുപോലെ, നിൻെറ കൂട്ടുഭൃത്യനോടും നീയും കരുണകാണിക്കേണ്ടതല്ലേ?......സഹോദരൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലായെങ്കിൽ, സ്വർഗ്ഗസ്ഥനായ എൻെറ പിതാവു് നിങ്ങളോടും ഇപ്രകാരംതന്നെ ആയിരിക്കും വർത്തിക്കുക." —മത്തായി XVIII: 2, 33, 35)

# സത്യദീപം

"നിനക്കു അഭിവൃദ്ധിയുണ്ടാകണമെങ്കിൽ ഈശ്വരഭയത്തോടുകൂടി വർത്തിക്കുക; നിൻെറ സ്വാതന്ത്ര്യം അതിരുകവിഞ്ഞുപോകരുതു്; നിൻെറ എല്ലാ ഇന്ദ്രിയങ്ങളേയും ശിക്ഷണാധീനമാക്കി നിയന്ത്രിക്കുകയും അനുചിതമായ ഉല്ലാസത്തിൽ ലയിച്ചുപോകാതിരിക്കുകയും ചെയ്യുക. നിൻെറ ഹൃദയം പശ്ചാത്താപത്താൽ പരവശമാകട്ടെ; എന്നാൽ നിനക്കു ഭക്തിയുണ്ടാകും."
—ക്രിസ്ത്വാനുകരണം.

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1956 ഒക്ടോബർ 10—ബുധനാഴ്ച | Vol. 30, No. 9

## കത്തോലിക്കാ വനിതകളോടു് മാർപ്പാപ്പായുടെ ആഹ്വാനം

### "ഉണർന്നിരിക്കുക; വിശ്വാസസ്ഥൈര്യമുള്ളവരായിരിക്കുക; സമരസന്നദ്ധരായിരിക്കുക"

(റവ. ഫാദർ തോമസ് മൂത്തേടൻ എം. ഏ., ഡി. ഡി.)

അടുത്ത തലമുറയെ പരിപാലിച്ചു വളർത്തിക്കൊണ്ടുപോരുവാൻ നിയുക്തരായിരിക്കുന്ന കത്തോലിക്കാവനിതകൾക്കു് പരിശുദ്ധ പിതാവു് അടുത്തകാലത്തു് ഒരാഹ്വാനം നൽകുകയുണ്ടായി. പല കുടുംബങ്ങളിലും പുരുഷന്മാരുടെ ദൈവവിശ്വാസവും മതഭക്തിയും സംരക്ഷിക്കുന്നതും കുട്ടികളെ ദൈവസ്നേഹത്തിൽ വളർത്തിക്കൊണ്ടുപോരുന്നതും സ്ത്രീകളാണെന്നു മനസ്സിലാക്കിക്കൊണ്ടാണു പരിശുദ്ധ പിതാവു സംസാരിക്കുന്നതു്.

ഇതു മരിയൻയുഗമാണെന്നു നാമെല്ലാവരും പറയുന്നുണ്ടു്. സ്ത്രീകൾ ദൈവമാതാവിനെ അനുകരിക്കുവാനും ആ പരിശുദ്ധ അമ്മയുടെ ആദർശങ്ങൾ കുടുംബത്തിലും സമുദായത്തിലും പുലർത്തിക്കൊണ്ടുപോരുവാനും ഉത്സാഹിക്കാത്തിടത്തോളംകാലം നാം മരിയൻയുഗമെന്നു എത്ര പെരുമ്പറയടിച്ചാലും അതുകൊണ്ടെന്തുപ്രയോജനം? കന്യകാംബിക ധീരയായ ഒരു സ്ത്രീരത്നമായിരുന്നു. ദിവ്യസുതൻെറ രാജ്യത്തിൽ സംസ്ഥാപിതമാകുന്ന പുതിയ സാമുദായികക്രമത്തെപ്പററി പ്രയോഗിക്കപ്പെട്ടിരിക്കുന്ന ധീരമായ വാക്യത്തെപ്പററി രാജ്യസ്നേഹികൾ ചിന്തിക്കേണ്ടതാണു്: "ശക്തരെ അവരുടെ സിംഹാസനങ്ങളിൽനിന്നു് അവിടുന്നു മറിച്ചിടുകയും വിനീതഹൃദയങ്ങളെ ഉയർത്തുകയും ചെയ്തിരിക്കുന്നു. വിശക്കുന്നവർക്കു് അവിടുന്നു നല്ല സാധനങ്ങൾ കൊടുത്തു സംതൃപ്തരാക്കി; ധനവാന്മാരെ അവിടുന്നു വെറുതെ അയച്ചു." (ലൂക്കാ 1, 52—53)

ഏതാദൃശമായ ധീരതയും വിശ്വാസചൈതന്യവുമാണു കത്തോലിക്കാവനിതകളിൽനിന്നു പരിശുദ്ധ പിതാവു പ്രതീക്ഷിക്കുന്നതു്. ഇററാലിയൻ കത്തോലിക്കാപ്രവർത്തനസമിതിയിലെ വനിതാവിഭാഗത്തോടു തിരുമേനി ചെയ്ത ഈ പ്രസംഗം ഇതു സുവ്യക്തമാക്കുന്നു. തിരുമേനിയുടെ വാക്കുകൾതന്നെ കേട്ടാലും:

"കത്തോലിക്കാപ്രവർത്തനസംഘാംഗങ്ങളായ യുവതികളേ, നിങ്ങൾ നമ്മുടെ ആനന്ദവും കിരീടവുമാണു്. ആത്മാർത്ഥതയും ഐക്യവും പ്രസാദവും ശാന്തതയും ഒത്തുചേർന്നിരിക്കുന്ന ഒരു മനോഹരരംഗമാണിതു്. നിങ്ങളുടെ ഈ സാന്നിദ്ധ്യംവഴി നമുക്കു സംസിദ്ധമായിരിക്കുന്ന സന്തോഷത്തിനും സുപ്രതീക്ഷാഭാവത്തിനും നാം നിങ്ങളോടു കൃതജ്ഞനാണു്. നിങ്ങൾക്കു പക്ഷേ നിശ്ചയമുണ്ടായിരിക്കയില്ല, എത്ര വാത്സല്യത്തോടെയാണു നാം നിങ്ങളുടെ പ്രവർത്തനങ്ങൾ വീക്ഷിച്ചുകൊണ്ടിരിക്കുന്നതെന്നു്. കഠിനമായ ഹേമന്തവും അന്തമില്ലാത്ത അന്ധകാരവും മനുഷ്യഹൃദയത്തെ ഇററലിയിലും ഇതരരാജ്യങ്ങളിലും ബാധിച്ചിരുന്ന കാലത്താണു് നിങ്ങളുടെ സംഘടന ഉടലെടുത്തതു്. വസന്തത്തിൻെറ ആഗമനത്തിൽ പാറിക്കൂടുന്ന കുരുവിപ്പക്ഷികളുടെ ഗണംപോലെയായിരുന്നു നിങ്ങളുടെ സംഘടനയുടെ ഉത്ഭവം. അതു തിരുസഭയ്ക്കുള്ള തീരാത്ത ഫലപുഷ്ടിയുടേയും നിത്യയൗവനത്തിൻേറയും വേറൊരു ലക്ഷ്യമായി കാണപ്പെട്ടു. അതിൽ നാം അഭിമാനംകൊള്ളുകയും നിങ്ങളെ അനുമോദിക്കുകയും ചെയ്യുന്നു. നിങ്ങളുടെ ഭാവി ഭൂതകാലത്തോടു കിടപിടിക്കുവാൻ മൂന്നു സംഗതികൾ നിഭാവികമായ പ്രസരിപ്പും നിങ്ങൾക്കു ഉണ്ടായിരിക്കുമാറാകട്ടെ ...

ഭാവികമായ പ്രസരിപ്പും നിങ്ങൾക്കു ഉണ്ടായിരിക്കുന്നതിനെ ചെയ്യും. ദൈവത്തിൻെറ ഈ ദാനങ്ങളെ പാപകാരണവും ആത്മനാശകരവുമാക്കിത്തീർക്കുന്നതിനാണു് പൊ

പ്രിയ മക്കളേ, നമ്മൾ ജീവിക്കുന്ന ഇക്കാലത്തെപ്പററി ചിന്തിക്കുവിൻ. ക്രിസ്തുമതത്തിൻെറ ചരിത്രത്തിൽ നിർണ്ണായകമായ ഒരു കാലഘട്ടമാണിതെന്നുള്ളതിനു സൂ



"കാവൽമാലാഖാ അവരെ പരിരക്ഷിക്കുന്നു."

(കാവൽമാലാഖായുടെ തിരുനാൾ—ഒക്ടോബർ 2)

ങ്ങളുടെ മുമ്പിൽ വയ്ക്കുവാൻ നാം ആഗ്രഹിക്കുന്നു. പ്രിയമക്കളേ, നിങ്ങൾ ഉണർന്നിരിക്കുവാൻ ആഗ്രഹിക്കുന്നുവോ? നിങ്ങൾക്കു ആത്മാർത്ഥതവേണമെന്നില്ലേ? സമരംചെയ്യുവാൻ നിങ്ങൾ സന്നദ്ധരാണോ?

പ്രഥമതഃ നിങ്ങൾ ഒന്നു മനസ്സിലാക്കണം. നിങ്ങളുടെ പ്രായത്തിൽ പ്രത്യേകമായ ആഹ്ലാദപ്രകൃതിയും ആകർഷണവും സ്വാ

തുജനങ്ങൾ ഇന്നു ഉന്നംവയ്ക്കുന്നതു്. അപ്പോൾ മനുഷ്യരെന്ന നിലയിൽ നിങ്ങൾക്കുള്ള ഔന്നത്യത്തെപ്പററി നിങ്ങൾ ചിന്തിക്കുകയും, ദൈവസ്വഭാവത്തിൽ ഓഹരിക്കാരായ നിങ്ങളെപ്പോലെയുള്ളവർക്കുള്ള അതുല്യമായ ഔന്നത്യത്തോടു് സൗന്ദര്യമോ, ശക്തിയോ, ധനമോ താരതമ്യപ്പെടുത്താവുന്നതല്ലെന്നു ബോദ്ധ്യപ്പെട്ടിരിക്കുകയും ചെയ്യേണ്ടതാണു്.

ചനകൾ പലതുണ്ടു്. മനുഷ്യനു് ഇതുവരെ അനുഭവവേദ്യമായിട്ടില്ലാത്ത പലതും ഇന്നു നാം കാണുന്നു. ശാസ്ത്രീയകണ്ടുപിടുത്തങ്ങൾ മനുഷ്യജീവിതത്തിൽ വരുത്തിയേക്കാവുന്ന വ്യത്യാസങ്ങൾ ആരറിഞ്ഞു?...... മനുഷ്യനെ ഇതുവഴി ഈശോയിലേക്കു കൂടുതൽ അടുപ്പിക്കുവാനും അവിടത്തെ ആരാധിക്കുവാൻ കൂടുതൽ താല്പര്യം അവനിൽ ജനിപ്പിക്കുവാനും ദൈ

വം ഉദ്ദേശിക്കുകയാണോ? മറേറതുകാലത്തെക്കാളും കൂടുതലായി മനുഷ്യൻ തിരുസ്സഭയുടെ പക്കൽ രക്ഷതേടിവരുമോ?

അങ്ങനെയെങ്കിൽ എത്ര ഭാരമേറിയ ഒരു ചുമതലയായിരിക്കും തിരുസ്സഭയ്ക്കു വന്നുചേരുന്നതു്? കത്തോലിക്കാ പ്രവർത്തകർക്കുണ്ടാകുവാൻ പോകുന്ന വമ്പിച്ച ചുമതലകൾ നിങ്ങൾക്കും അനുഭവവേദ്യമാകും. ദൈവത്തിൽനിന്നു് അകന്നുനടക്കുന്നവർ സുവിശേഷത്തെ സമീപിക്കുന്നുവെന്നു കരുതുക. പ്രകാശവും സത്യവും പ്രതീക്ഷിച്ചു് തിരുസ്സഭയുടെ കവാടത്തുങ്കൽവന്നു മുട്ടുന്നവർ അന്ധകാരത്തിൽ ഉഴലുന്ന ക്രിസ്ത്യാനികളെയാണു കാണുന്നതെന്നും സങ്കല്പിക്കുക. നിങ്ങളിൽത്തന്നെ പലരും ഉറപ്പില്ലാതെ സമസ്തവും സംശയിക്കുകയാണെന്നുകൂടി വിചാരിക്കുക. എന്തായിരിക്കും അപ്പോഴത്തെ സ്ഥിതി?

കാര്യങ്ങൾ അറിഞ്ഞിരിക്കയാണെങ്കിൽ നിങ്ങൾക്കു ഉണർവുണ്ടാകും. അതിനാൽ നമ്മുടെ വിശ്വാസസത്യങ്ങളെ സംബന്ധിച്ചു സൂക്ഷ്മമായ വിജ്ഞാനം കരസ്ഥമാക്കുവാൻ നിങ്ങൾ പരിശ്രമിക്കണം. ഇതിനു നമ്മുടെ വിശ്വാസത്തിൻെറ അടിസ്ഥാനന്യായങ്ങളും, വിശ്വാസവും ശാസ്ത്രവും തമ്മിലുള്ള ബന്ധവും ശരിയായി നിങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതാണു്. ദൈവം വെളിപ്പെടുത്തിയിട്ടുള്ളതും വിശ്വസിക്കുവാൻ തിരുസ്സഭ നിർദ്ദേശിക്കുന്നതുമായ സമസ്തവും അതേപടി നിങ്ങൾ ആശ്ലേഷിക്കണം. എന്നാൽ അറിവു ബുദ്ധിശക്തിയുടെ അലങ്കാരമായിരുന്നാൽ പോരാ; പ്രവൃത്തിയെ അതു ഭരിക്കണം.

രണ്ടാമതായി, പ്രിയ മക്കളേ, നിങ്ങളുടെ വിചാരവും പ്രവൃത്തിയും തമ്മിൽ പൊരുത്തംവേണം. അബദ്ധസഞ്ചാരികളെ വീക്ഷിക്കുവിൻ. അവർ തിന്മ ചെയ്തുകൊണ്ടിരിക്കുന്നു; പോകുന്നിടത്തെല്ലാം തിന്മ കൊണ്ടുനടക്കുകയുംചെയ്യുന്നു. സത്യം അറിയാവുന്ന നിങ്ങൾക്കു നന്മചെയ്യുവാനും നന്മയുടെ പ്രേഷിതരാകുവാനും പാടില്ലേ? ഈ ബസ്സിലിക്കായുടെ ഉള്ളിൽ ഏതെല്ലാം ഭാഷകളിൽ എത്രപ്രാവശ്യം വിശ്വാസപ്രമാണം ചൊല്ലുന്നുണ്ടു്? പ്രിയ മക്കളേ, നമ്മളോടു ഉത്തരം പറയൂ:

"ആകാശത്തിൻേറയും ഭൂമിയുടേയും സ്രഷ്ടാവും സർവ്വശക്തനായ പിതാവുമായ ദൈവത്തിൽ നിങ്ങൾ വിശ്വസിക്കുന്നുവോ?"

അവിടുന്നു മനുഷ്യരുടെ എന്നല്ല സമസ്തവസ്തുക്കളുടേയും അധിനാഥനാണു്. അവിടുന്നു ജീവൻേറയും മരണത്തിൻേറയും ശരീരത്തിൻേറയും ആത്മാവിൻേറയും കാലത്തിൻേറയും നിത്യത്വത്തിൻേറയും യജമാനനാണു്. എന്നിട്ടും ചിലർ പ്രവർത്തിക്കുന്നതു കാണുക. ദൈവത്തിൻെറ പ്രമാണങ്ങളേയും കല്പനകളേയുംപററി പ്രതിപാദിക്കുമ്പോൾ അവിടത്തെ പ്രവൃത്തികൾക്കെതിരായി പ്രതിഷേധം രേഖപ്പെടുത്തുന്നു. ചിലപ്പോൾ ദൈവദൂഷണം പറയുന്നു. ഇതാണോ ആത്മാർത്ഥത?

(ശേഷം 3-ാംപേജിൽ)

## ചെറുകഥ

# സുഹൃത്തുക്കൾ ചിന്തിക്കുന്നു

(ഫ്രാൻസീസ് അന്തിക്കാട്ട്)

അന്നും ഗോപി ആ മണപ്പുറത്ത് സൈമനെ കാത്തിരിക്കുകയാണ്. പ്രഭാകരബിംബം പടിഞ്ഞാറെ ചക്രവാളപ്പരപ്പിലെ കടലിടുക്കിൽ പകുതിയിറങ്ങി ചെങ്കതിർ കിരണങ്ങൾ വിരിച്ചുപിടിച്ച് കടലോളങ്ങളിന്മേൽ താളം പിടിച്ചുകൊണ്ടിരുന്നു.

"സൈമൺ എന്തുകൊണ്ട് ഇങ്ങനെ താമസിക്കുന്നു?" ക്ഷമയററ ഗോപി സ്വയം ആരാഞ്ഞു. സൈമനോട് പലതും അവനു ചോദിച്ചറിയുവാനുണ്ട്. "കൃത്യസമയത്ത് സ്തമിക്കുന്ന ആ സൂര്യബിംബത്തെ അനുദിനം ചെഞ്ചായം പൂശിപ്പുതുക്കുന്നതാരാണ്?" അവൻ ചിന്തിച്ചു.

"ക്ഷമിക്കണം, ഗോപി. ഞാൻ അവിചാരിതമായി അല്പം വൈകി." സൈമൺ ഓടിവന്നു ക്ഷമാപണം ചെയ്തു.

"ഓ, സാരമില്ല. വാസ്തവത്തിൽ ഞാൻ അക്ഷമനായിരിക്കയായിരുന്നു. ഇന്നലത്തെ താങ്കളുടെ സംസാരം എന്റെ ഹൃദയമണ്ഡലത്തിൽ വലിയൊരു കൊടുങ്കാററു തന്നെ സൃഷ്ടിച്ചിരിക്കയാണ്. എന്റെ കമ്മ്യൂണിസ്റ്റ് സ്നേഹിതരിൽനിന്ന് ഞാൻ മനസ്സിലാക്കിയിരുന്നത്, ഇപ്പോഴും മനസ്സിലാക്കുന്നത്, ഈ വിശ്വമാണ് എല്ലാററിനും ആദ്യഅടിസ്ഥാനമായി ഉണ്ടായിരിക്കുന്നതെന്നാണ്. എന്നാൽ, അതുണ്ടാകുവാൻ ഒരു വിശ്വവിധാതാവ് അവശ്യം ആവശ്യമാണെന്നാണല്ലോ താങ്കൾ ശാഠ്യം പിടിക്കുന്നത്. അങ്ങനെയെങ്കിൽ ആ ശക്തിയെങ്ങനെയുണ്ടായി?"

"വളരെ നല്ലൊരു ചോദ്യമാണത്. ഈ വിശ്വം ആദ്യമേയുണ്ടായിരുന്നുവെന്നുള്ള താങ്കളുടെ ആ അഭ്യൂഹം എത്രത്തോളം വാസ്തവമാണ് എന്ന് ആദ്യം അറിയേണ്ടിയിരിക്കുന്നു. ലോകവസ്തുക്കളുടെ അസ്ഥിരതയെക്കുറിച്ച് താങ്കൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?"

"അസ്ഥിരതയെന്നുവെച്ചാൽ?"

"സ്ഥിരമല്ലാത്ത—സ്ഥായിയല്ലാത്ത—അവസ്ഥ. ലോകത്തിലെ വിവിധ വസ്തുക്കളെ ഇന്നലെ കണ്ടതുപോലെയാണോ ഇന്നു കാണുന്നത്?"

"അല്ല ചില വ്യത്യാസങ്ങളെല്ലാം കാണുന്നുണ്ട്."

"മണ്ണിൽ കുഴിച്ചുവച്ച ഒരു അമരക്കുരു ക്രമേണ മുളച്ചുപൊന്തി പടന്നു പന്തലിച്ച് കാലക്രമത്തിൽ ഉണങ്ങിപ്പോകുന്നു. കുറെ കൊല്ലങ്ങൾക്കുമുമ്പ് വിരിഞ്ഞു വിലസിയ സാമ്രാജ്യദ്രുമങ്ങൾ കാലചക്രത്തിന്റെ കറങ്ങലിൽപ്പെട്ട് നുറുങ്ങിപ്പോയിരിക്കുന്നു. ഒരു നൂറുകൊല്ലങ്ങൾക്കുമുമ്പ് വിശ്വത്തിന്റെ കെടാവിളക്കുകളായി പ്രശോഭിച്ചിരുന്ന ലോകനേതാക്കന്മാരും അവരുടെ ചൊല്പടിക്കനുസരണം അടിവെച്ചിരുന്ന ജനപദങ്ങളും എവിടെപ്പോയി മറഞ്ഞു? കാലമാകുന്ന കലാകാരൻ അവരുടെ ജീവരക്തം മണ്ണിൽ കലർത്തി മറെറാരു ലോകം മെനഞ്ഞുകഴിഞ്ഞു! അദ്ദേഹം ഇനിയും ആ ജോലി തുടർന്നുവരികയാണ്. ഇന്ന് ഈ മണൽപ്പരപ്പിലിരുന്ന് സുഹൃൽസംഭാഷണം ചെയ്യുന്ന നമ്മേയും അദ്ദേഹം എടുത്തെറിയുവാൻ പോകയാണ്. എപ്പോഴാണെന്നു നമുക്കറിഞ്ഞുകൂടാ. ലോകത്തിന്റെ അസ്ഥിരതയെക്കുറിച്ചറിയുവാൻ അധികം ആയാസം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ ലോകം പണ്ടേ ഉള്ളതാണെങ്കിൽ, ലോകത്തിനു ആരംഭം ഉണ്ടായിരുന്നില്ലെങ്കിൽ, അതിന് അവസാനവും ഉണ്ടായിരിക്കുകയില്ല. മാററമില്ലാതെ സ്വയം സ്ഥിതിചെയ്യുവാൻ അതിനു കഴിവുണ്ടാകുമായിരുന്നു. ലോകം അനുദിനം, അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നുവെന്നും അതു സുസ്ഥിരമായ ഒന്നല്ലെന്നുമുള്ള സാധാരണ സത്യം താങ്കൾ സമ്മതിക്കുന്നുവോ?"

"അതു ഞാൻ സമ്മതിക്കുന്നു; പക്ഷേ, എന്റെ ചോദ്യത്തിനുള്ള മറുപടി..." ഗോപി അക്ഷമനായി.

"ഞാൻ പറയാൻ പോകയാണ് ഗോപി; അല്പം ക്ഷമിക്കൂ. ഒരു വിശ്വവിധാതാവിന്റെ ആവശ്യമില്ലാതെ വിശ്വം സ്വയം സ്ഥിതിചെയ്യുന്നുവെന്നല്ലേ താങ്കളുടെ വാദമുഖം?"

"മാത്രമല്ല, ഒരു വിശ്വവിധാതാവുണ്ടെങ്കിൽ അദ്ദേഹം എങ്ങനെയുണ്ടായി, എന്നും."

സൈമൺ ഇരുന്നു വിയർക്കുവാൻ തുടങ്ങി. അവന്റെ മനോമുകുരത്തിൽ കുയുക്തികളുടെ ഒരു കുമ്പാരം നിഴലിച്ചു നൃത്തം ചെയ്യുകയാണ്. ഒരു വിശ്വശില്പിയെക്കുറിച്ചുള്ള വിശേഷാത്തരവിശ്വാസം അവന്റെ വിശാലമായ ഹൃദയമണ്ഡലത്തിൽ അനുസ്യൂതം അലയടിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, എങ്ങനെയാണ് തന്റെ സുഹൃത്തിന്റെ ഹൃദയത്തിലേക്കതു ഊന്നുവിടുക? അതിനുള്ള മാർഗ്ഗമാരാഞ്ഞുകൊണ്ടവൻ നിമിഷങ്ങൾ കുറെ തള്ളിനീക്കി. തന്റെ സ്നേഹിതന്റെ ഹൃദയകൂപത്തിലെ കൂരിരുട്ടിന്റെ ഒരേകദേശരൂപം ചിത്രീകരിക്കുവാൻ ദിനകരൻ പശ്ചിമാംബുധിയിൽ മുഴുവനും മുങ്ങിക്കഴിഞ്ഞു. മന്ദമാരുതനിൽ മന്ദം മന്ദം പറന്നുപോകുന്ന ഒരു കരിയിലയെ കൈനീട്ടിപ്പിടിച്ചപ്പോൾ പെട്ടെന്നു സൈമന്റെ മുഖത്തൊരു പ്രകാശം പരന്നു. പൂംചന്ദ്രിക വെള്ളിത്താലമേന്തിക്കൊണ്ട് അണിഞ്ഞൊരുങ്ങി അംബരമദ്ധ്യത്തിലേക്കാഗമിക്കുകയാണ്. ആ കരിയില ഉയർത്തിപ്പിടിച്ചുകൊണ്ട് വിജയഭാവത്തിൽ സൈമൺ ചോദിച്ചു: "ഇത് എന്താണ് ഗോപി?"

"അതൊരു ചെടിയുടെ ഉണക്കയില."

"ശരി; ഇത് എങ്ങനെ ഇവിടെ വന്നു?"

"കാററിൽ പറന്നുവന്നു."

"എവിടെനിന്ന്?"

"ഒരു ചെടിയുടെ കടയ്ക്കൽനിന്ന്."

"അതിന്റെ തലയ്ക്കൽനിന്നായിക്കൂടേ?"

"ആവാം; പക്ഷേ, അതു പഴുത്തുകൊഴിഞ്ഞപ്പോൾ കാററ് ഇങ്ങോട്ടു കൊണ്ടുവന്നതായിരിക്കണം."

"എന്തായാലും ഒരിക്കൽ ഇത് ആ ചെടിയുടെ ചില്ലകളിലൊന്നിൽ ഉണ്ടായിരുന്നതാണെന്നുള്ള കാര്യത്തിൽ തർക്കമില്ലല്ലോ?"

"ഇല്ല."

"അങ്ങനെയെങ്കിൽ ഇതു സ്ഥിതിചെയ്തിരുന്ന ആ ചില്ല എങ്ങനെ അവിടെവന്നു?"

"അത് അതിന്റെ തായിത്തണ്ടിൽനിന്നു കിളിർത്തുവന്നു."

"ആ തായിത്തണ്ടോ?"

"അതൊരു വിത്തിൽനിന്ന്."

"ആ വിത്ത്?"

"ആ ഇനത്തിലുള്ള മറെറാരു ചെടിയിൽനിന്ന്."

"അപ്പോൾ ആ ചെടി?"

"അതു വേറൊരു വിത്തിൽനിന്ന്."

"ആ വിത്ത്."

"അങ്ങ്, ആ സൂത്രം മനസ്സിലായി. ഇങ്ങനെ മറുപടി ലഭിക്കാത്ത ചോദ്യംകൊണ്ട് നേരം വെളുപ്പിക്കാമെന്നാണ് കരുതുന്നതല്ലേ?"

"എന്ത്! മറുപടി ലഭിക്കാത്ത ചോദ്യമോ? അങ്ങനെയെങ്കിൽ ഗോപി അതിനു മറുപടി പറയുമായിരുന്നില്ലല്ലോ. താങ്കൾ പറഞ്ഞു വിത്ത് ചെടിയിൽനിന്നും ചെടി വിത്തിൽനിന്നും ഉണ്ടാകുന്നുവെന്ന്. എന്നാൽ ആ വിത്തും ചെടിയും ഉള്ളതിൽ ഏതാണ് ആദ്യം ഉണ്ടായത്? വിത്തോ ചെടിയോ?"

ഗോപിയുടെ നെററി ചുളിഞ്ഞു. അവന്റെ തലച്ചോറ് പതുക്കെ ഇളകുവാൻ തുടങ്ങി. വിത്താണ് ആദ്യം ഉണ്ടായതെന്നു പറഞ്ഞാൽ സൈമൺ ചോദിക്കും ചെടിയില്ലാതെ വിത്ത് എങ്ങനെ ഉണ്ടായിയെന്ന്. ചെടിയാണ് ആദ്യം ഉണ്ടായതെന്നു പറഞ്ഞാൽ വിത്തില്ലാതെ ചെടി എങ്ങനെ മുളച്ചുവെന്ന സൈമന്റെ ചോദ്യശരത്തെ തടുക്കുവാൻ ഗോപിയുടെ പരിചയ്ക്കുറപ്പുപോരാ. എങ്കിലും പതിനെട്ടടവും പരീക്ഷിക്കുവാൻ തന്നെ അവൻ തീർച്ചയാക്കി.

"വിത്താണ് ആദ്യം ഉണ്ടായത്."

"ചെടിയില്ലാതെയോ?" സൈമൺ ആശ്ചര്യപ്പെട്ടു.

"അതേ, ചെടിയുടെ ആവശ്യമുണ്ടായിരുന്നില്ല. ആ വിത്ത് മണ്ണിൽ നിക്ഷിപ്തമായിരുന്നു. മഴവെള്ളം വീണ് ഭൂമി തണുത്തപ്പോൾ ആ വിത്തു കുതിർന്നു മുളച്ചു മുതിർന്ന് ഒരു വലിയ ചെടിയായിത്തീർന്നു. പിന്നീട് ആ ചെടിയിൽ ഫലം പുറപ്പെടുവാൻതുടങ്ങി."

ഒട്ടും പ്രതീക്ഷിക്കാത്ത ആ മുട്ടത്തരത്തിനുമുമ്പിൽ സൈമൺ മുട്ടുമടക്കാൻ പോകയാണോയെന്നു ഭയന്ന ചന്ദ്രിക ഒരു മേഘത്തിനിടയിലൊളിച്ചുകളഞ്ഞു. സൈമൺ പോക്കററിൽനിന്നു തൂവാലയെടുത്തു മുഖമൊന്നു തുടച്ചു.

"ഗോപി പറഞ്ഞത് ആ വിത്ത് മണ്ണിൽ ഉണ്ടായിരുന്നുവെന്നല്ലേ?"

"അതേ?"

"അങ്ങനെയെങ്കിൽ അതു മണ്ണിൽ ഇപ്പോഴും ഉണ്ടായിരിക്കുക അവശ്യം ആവശ്യമല്ലേ?"

ഗോപി നിശ്ശബ്ദനായി. സൈമന്റെ ഉന്നം എങ്ങോട്ടാണെന്നറിയാതെ അവൻ വിഷമിച്ചു. ഇപ്പോഴും മണ്ണിൽ ആ വിത്തുണ്ടെന്നു പറയുകയാണെങ്കിൽ വിത്തുപാകാതെ ചെടി മുളച്ചുവരാത്തതെന്തെന്നു സൈമൺ ചോദിക്കും. മണ്ണിൽ ആ വിത്ത് ഇപ്പോഴില്ലെന്നുപറയുകയാണെങ്കിൽ പണ്ടത്തെ മണ്ണുതന്നെയല്ലേ ഇപ്പോഴുള്ളതും എന്നു സൈമൺ ചോദിച്ചാൽ?

"മറുപടി പറയൂ, ഗോപി." സൈമനു ധൃതിയായി.

"ഞാനൊന്നു ചിന്തിക്കട്ടെ."

"ശരി, ചിന്തിക്കൂ; ആത്മാർത്ഥമായി ചിന്തിക്കൂ. തർക്കിച്ചു ജയിക്കുവാൻ തക്കംനോക്കുകയല്ല, സത്യം ആരാഞ്ഞറിയുവാൻ ആഗ്രഹിക്കുകയാണു വേണ്ടത്."

മേഘപാളികൾക്കിടയിൽ ഒളിച്ചുകളിക്കുന്ന ചന്ദ്രികയെ കാണുന്നില്ലെന്ന ഭാവത്തിൽ ആ ഉഡുക്കിടാങ്ങൾ കണ്ണുചിമ്മുകയാണ്. നിമിഷങ്ങൾ പലതും ഇഴഞ്ഞുനീങ്ങി. സൈമൺ എന്തു പറയുമെന്നറിയുവാൻതന്നെ ഗോപി തീരുമാനിച്ചു.

"ആ വിത്തു ഇപ്പോഴും മണ്ണിൽ ഉണ്ട്."

"അങ്ങനെയെങ്കിൽ മണ്ണ് എവിടെയെല്ലാമുണ്ടോ അവിടെ മഴപെയ്തു കുതിർന്നാൽ ആ ചെടി മുളച്ചുവരേണ്ടതല്ലേ? ആ ചെടി മാത്രമല്ല, ലോകത്തിൽ ഏതെല്ലാം ചെടികളും വൃക്ഷങ്ങളുമുണ്ടോ അവയെല്ലാം ഒരുമിച്ചു മുളച്ചുവരുവാനുള്ള സാധ്യതയില്ലേ? മണ്ണുള്ള സ്ഥലങ്ങളിലെല്ലാം എല്ലാ വൃക്ഷലതാദികളുടേയും വിത്തുകൾ ഉണ്ടാകണമല്ലോ."

ഗോപി കണ്ണുമിഴിച്ചു. സൈമൺ തുടർന്നു: "പക്ഷേ, ഇന്നങ്ങനെ സംഭവിക്കുന്നതായി കാണുന്നില്ലല്ലോ, ഗോപി. ചക്കക്കുരു മണ്ണിൽ കുഴിച്ചുവച്ചാൽ മാത്രമേ പ്ലാവുണ്ടാകുന്നുള്ളു. അതുപോലെതന്നെ ഏതുചെടി അല്ലെങ്കിൽ വിത്ത് മുളപ്പിക്കണമോ അതതിന്റെ വിത്തു തന്നെ പാകണമെന്നത് അലംഘനീയമായ പ്രകൃതിനിയമമാണ്. ആദ്യത്തെ വിത്തു സ്വയം ഉണ്ടായിവന്നുവെങ്കിൽ, സ്വയം അതുണ്ടാക്കുവാൻ ആ മണ്ണിനു അന്നു ശക്തിയുണ്ടായിരുന്നുവെങ്കിൽ ഇന്ന് എന്തുകൊണ്ട് വിത്തു തനിയെ ഉണ്ടാകുന്നില്ല?"

ഗോപിയുടെ തല പതുക്കെ കുനിഞ്ഞു. ചന്ദ്രികയുടെ പ്രകാശകതിരിൽ മിന്നിത്തിളങ്ങുന്ന മണൽത്തരികൾ തന്നെ പരിഹസിക്കയാണെന്നവനു തോന്നി.

"അപ്പോൾ ആദ്യത്തെ വിത്തു തനിയെ ഉണ്ടായതാവാൻ വഴിയില്ലെന്നു ഞാൻ സമ്മതിക്കുന്നു." ഗോപി ശാന്തമായി പറഞ്ഞു.

"പിന്നെ അത് എങ്ങനെ ഉണ്ടായെന്നാണ് താങ്കൾ ഊഹിക്കുന്നത്?"

"അതു പെട്ടെന്നു പിടികിട്ടുന്ന ഒരു ചോദ്യമല്ല."

"പിടികിട്ടുന്ന ചോദ്യമല്ലെന്നോ? ഒരിക്കലും അങ്ങനെയല്ല."

"എന്നാൽ പറയൂ."

"പറയാം; ആദ്യത്തെ വിത്തു ഉണ്ടാക്കുവാൻ ഒരദൃശ്യശക്തി അവശ്യം ആവശ്യമാണ്. അങ്ങനെയുള്ള ഒരു അദൃശ്യശക്തിയുടെ കരവേലയാണ് നാം കാണുന്നതും നമുക്കു കാണുവാൻ കഴിയാത്തതുമായ സകല വസ്തുക്കളും. സ്വയം നിലനില്ക്കുവാൻ കഴിയാത്ത ഒരു വസ്തു സ്വയം ഉണ്ടായിവന്നുവെന്നു വിചാരിക്കുന്നവന്റെ തലച്ചോറിനു പററിയ തകരാറിനെക്കുറിച്ചെന്തു പറയാനാണ്!"

"സമ്മതിക്കുന്നു; എല്ലാ വസ്തുക്കളും മറെറാരു അദൃശ്യശക്തിയുടെ കരവേലയാണ്. അങ്ങനെ ഒരു ശക്തിയില്ലെങ്കിൽ ഈ പ്രപഞ്ചത്തിൽ യാതൊന്നുംതന്നെ ഉണ്ടാകുമായിരുന്നില്ലെന്നു ഞാൻ സമ്മതിക്കുന്നു. എങ്കിലും എന്റെ ചോദ്യത്തിനുള്ള മറുപടി പറഞ്ഞില്ലല്ലോ."

"ഏതു ചോദ്യം?"

"ആ അദൃശ്യശക്തി എങ്ങനെയുണ്ടായിയെന്ന ചോദ്യം."

"ആ പ്രശ്നത്തിനുത്തരം ലഭിക്കുവാൻ ആ ശക്തിയുടെ ചില പ്രത്യേകലക്ഷണങ്ങളെക്കുറിച്ച് ആദ്യമായി അല്പം അറിയേണ്ടിയിരിക്കുന്നു."

"എന്നാൽ പറയൂ."

"സമയം വൈകുന്നതിൽ ഗോപിക്കു വിഷമമുണ്ടോ?"

"ഒരു വിഷമവുമില്ല; അതറിഞ്ഞില്ലെങ്കിൽ എനിക്കൊരു സുഖവുമുണ്ടാവില്ല."

"എന്നാൽ പറയാം. ആ ശക്തിയുടെ ഒരു പ്രത്യേകത ഇതാണ്: അത് എല്ലാംകൊണ്ടും പരിപൂർണ്ണമാണ്."

"എന്നുവെച്ചാൽ?"

"ആ ശക്തിക്കു പോരായ്മയുള്ളതായി യാതൊന്നുംതന്നെയില്ല. ശക്തിയിൽ അതു പരിപൂർണ്ണമാണ്. ജ്ഞാനത്തിലും സ്നേഹത്തിലും പരിശുദ്ധിയിലും മറെറല്ലാഗുണങ്ങളിലും അതു പരമപരിപൂർണ്ണമാണ്. പരിപൂർണ്ണതയുടെ ഒരു പ്രത്യേകതയാണ് മാററമില്ലായ്മ. സുസ്ഥിരത."

"അതൊന്നുകൂടി വിശദീകരിക്കാമോ?"

"ശ്രമിച്ചുനോക്കാം. ലോകത്തിൽ നാം കാണുന്ന വസ്തുക്കളുടെ സ്ഥിതിഗതികൾ അനുസ്യൂതം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. മനുഷ്യൻ ലോകത്തിലേക്കു ഒരു ശിശുവായി വരുന്നു; ബാലനായി മാറുന്നു; യുവാവായിത്തീരുന്നു; വൃദ്ധനായി മരിക്കുന്നു. സമസ്തവസ്തുക്കളും വിശ്വത്തിന്റെ വിശാലമായ രാജവീഥിയിൽക്കൂടി വലിയ ഒരു ഘോഷയാത്ര നടത്തുകയാണ്. ലോകത്തിന്റെ അവസ്ഥയ്ക്ക് അനുനിമിഷം അങ്ങനെ അന്തരംഭവിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്?"

"അവയ്ക്കു മാററമില്ലാതെ, ഒരേ നിലയിൽ നില്ക്കുവാൻ ശക്തിയില്ലാത്തതുകൊണ്ട്."

"അപ്പോൾ, ലോകവസ്തുക്കൾ ശക്തിയിൽ അപൂർണ്ണമാണ്. അപൂർണ്ണതയുടെ ഒരു ലക്ഷണമാണ് അസ്ഥിരത. അങ്ങനെയുള്ള അപൂർണ്ണത ആദ്യകാരണമായ ആ അദൃശ്യശക്തിയിൽ കാണുക അസംഭവ്യമാണ്. അത് എപ്പോഴും പരിപൂർണ്ണമാണ്. മാററത്തിനധീനമല്ലാത്ത, പരമപരിപൂർണ്ണമായ ആ അദൃശ്യശക്തിക്കു ആരംഭമില്ല; അതു സ്വയംഭൂവാണ്."

"എന്നുപറഞ്ഞാൽ?"

"മററു യാതൊരു ശക്തിയുടേയും സഹായമില്ലാതെ സ്വയം നില്ക്കുന്ന ഒരു വിശിഷ്ടശക്തി. അതിനു ആരംഭമില്ല; അസ്ഥിരതയില്ല; അവസാനമില്ല. അത് ആരാലും ഉണ്ടാക്കപ്പെട്ടതല്ല; സ്വയം ഉള്ളതാണ്. ആ പരമശക്തിക്കു മാത്രമേ ഇങ്ങനെ പറയുവാൻ കഴിയൂ: "ഉള്ളവൻ ഞാനാകുന്നു." ആ അദൃശ്യശക്തിയുടെ, സർവ്വശക്തനായ ദൈവത്തിന്റെ അരുമസന്താനങ്ങളാണ് നാം. ആ പിതാവു നമ്മെ സ്നേഹിക്കുന്നു. ആ പിതൃസ്നേഹത്തിനു പ്രതിസ്നേഹം പ്രകടിപ്പിക്കുവാൻ നാം പ്രത്യേകവിധം ചുമതലപ്പെട്ടവരാണ്."

ഗോപിയുടെ കണ്ണുകളിൽ ഒരു പ്രത്യേകപ്രകാശം പ്രതിബിംബിച്ചു. അവൻ സന്തോഷചിത്തനായി, ആവേശഭരിതനായി പറയുകയാണ്: "ഇങ്ങനെ സർവ്വശക്തനും സ്നേഹസമ്പൂർണ്ണനുമായ ഒരു പിതാവു നമുക്കുള്ളപ്പോൾ കുരങ്ങനെ മനുഷ്യന്റെ പിതാവായി സങ്കല്പിക്കുന്ന ഈ കുരുടന്മാരുടെ

(ശേഷം 11-ാംപേജിൽ)

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്ക് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ച ചികിത്സ നിശ്ചയിക്കുന്നതുമാണ്.

(1-ാംപേജ് തുടർച്ച)

ഒന്നുകൂടി ചോദിക്കട്ടെ. നമ്മുടെ കർത്താവായ ഈശോമിശിഹായിൽ നിങ്ങൾ വിശ്വസിക്കുന്നുവോ? അവിടുന്നു അവതീർണ്ണമായ വചനമാണു്; മനുഷ്യചരിത്രത്തിൻെറമുഴുവനും സജീവവും നിത്യവുമായ കേന്ദ്രമാണു്. എന്നിട്ടും പല പുരുഷന്മാരും സ്ത്രീകളും എന്നുവേണ്ടാ, ചില രാജ്യങ്ങളും വർത്തിക്കുന്നതു് അവിടുന്നു വ്യക്തികളിൽനിന്നും ജനപദങ്ങളിൽനിന്നും വിദൂരസ്ഥനാണെന്നുള്ള ഭാവത്തിലാണു്. ഇതു് ആത്മാർത്ഥതയാണോ?

ഒരിക്കൽക്കൂടി ഉത്തരം പറയൂ: പ്രിയമക്കളേ, നിങ്ങൾ പരിശുദ്ധാത്മാവിൽ വിശ്വസിക്കുന്നുണ്ടോ?

ശുദ്ധീകരിക്കുന്നവനാണു് അവിടുന്നു്. പരിശുദ്ധാത്മാവു നിങ്ങളിൽ ഓരോരുത്തരിലും ജീവിച്ചു് നിങ്ങളെ അത്യുന്നതൻെറ സജീവാലയമാക്കിത്തീർക്കുന്നു. എന്നിട്ടും അവിടുത്തെ സാന്നിദ്ധ്യം മനുഷ്യൻ അനുസ്മരിക്കുന്നില്ല; സജീവമായ ഈ ദൈവാലയത്തെ അശുദ്ധമാക്കുകയും, ചിന്തിക്കുവാൻ വഹിയാത്തവണ്ണം അവൻ അതിനെ നശിപ്പിക്കുകയും ചെയ്യുന്നു. നിങ്ങൾ ഇങ്ങനെ ചെയ്യരുതു്. ആത്മാവു നശിക്കാതിരിക്കുവാനും ശരീരം അശുദ്ധമാകാതിരിക്കുവാനും വേണ്ടി പ്രശാന്തമായി മരണം കൈവരിച്ച ആ പെൺകുട്ടിയെ നിങ്ങൾ സ്മരിക്കുവിൻ. മരിയാ ഗൊരേത്തിയും അതുപോലെയുള്ള മററു പല രക്തസാക്ഷികളും ആത്മാർത്ഥതയുള്ളവരായിരുന്നു.

പ്രിയ മക്കളേ, ഒരു ചോദ്യവും കൂടി: നിങ്ങൾ കത്തോലിക്കാ തിരുസ്സഭയിൽ വിശ്വസിക്കുന്നുവോ?

തിരുസ്സഭ ഭൂമിയിലെ ദൈവരാജ്യമാണു്. പത്രോസിൻെറ പിൻഗാമി അതിനെ ഭരിക്കുന്നു. വ്യക്തികളും സമൂഹങ്ങളും, സമസ്തവിശ്വാസികളും, പുണ്യവാന്മാരുടെ അമ്മകൂടി തിരുസ്സഭയിൽ രക്ഷ കണ്ടെത്തുന്നു. എന്നിട്ടും പലരും അതിൽനിന്നകന്നുനിന്നു അതിനെ പുച്ഛിക്കുകയും നിന്ദിക്കുകയും എതിർക്കുകയുമാണു് ചെയ്യുന്നതു്. തിരുസ്സഭയുടെ സമരങ്ങളിലും വിജയങ്ങളിലും പങ്കെടുക്കാതെ ഒഴിഞ്ഞുമാറുന്ന കത്തോലിക്കർക്കു് ആത്മാർത്ഥതയുണ്ടോ?

മൂന്നാമതായി, നിങ്ങൾ സമരസന്നദ്ധരായിരിക്കണം. ഭൂമിയിൽ മനുഷ്യജീവിതം ഒരു നിരന്തരസമരമല്ലേ? സ്ഥൈര്യലേപനം സ്വീകരിക്കുന്നതോടുകൂടി എല്ലാ ക്രിസ്ത്യാനികളും ക്രിസ്തുനാഥൻെറ പടയാളികളാകുന്നില്ലേ? ആകയാൽ ക്രിസ്തീയയുവതികളോടു സമരത്തെപ്പററി നാം പ്രതിപാദിക്കുന്നുവെങ്കിൽ ആരും വിസ്മയിക്കേണ്ടതില്ല. സമരസന്നദ്ധർ സമരം ചെയ്യുകതന്നെവേണം; എന്നാൽ ഈ സമരം സ്നേഹത്തിൻെറ സമരമാണു്. പരാജിതരെ വധിക്കുകയോ അടിമകളായി തരംതാഴ്ത്തുകയോ ചെയ്യുന്നില്ല. വിജയികൾ അവർക്കു സ്വാതന്ത്ര്യവും ജീവനും നൽകുന്നു.

സമരസന്നദ്ധരാകണമെങ്കിൽ നിങ്ങൾ ധീരരായിരിക്കണം. അതിനു നിങ്ങൾ സന്നദ്ധമാണോ?

സമരസന്നദ്ധരാകണമെങ്കിൽ നിങ്ങൾ പ്രേഷിതരാകണം; നിങ്ങൾക്കു് അതിനു മനസ്സുണ്ടോ?

വെറുപ്പുള്ളിടത്തു സ്നേഹവും അഴുക്കുള്ളിടത്തു ശുദ്ധതയും അന്ധകാരമുള്ളിടത്തു പ്രകാശവും മരണമുള്ളിടത്തു ജീവനും സംവഹിച്ചുചെല്ലുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? ദൈവത്തെ സ്വസ്ഥാനത്തു് പ്രതിഷ്ഠിക്കുവാൻ—അതായതു് പള്ളിക്കൂടങ്ങളിലും ഗവമ്മെൻറുകളിലും അച്ചടിശാലകളിലും വിനോദസ്ഥലങ്ങളിലും മനുഷ്യരുടെ

സകല പ്രവർത്തനരംഗങ്ങളിലും അഥവാ എല്ലായിടത്തും സ്ഥാപിക്കുവാൻ നിങ്ങൾ സന്നദ്ധമാണോ?

പ്രിയ മക്കളേ, നിങ്ങളുടെ സാന്നിദ്ധ്യം മാലാഖാമാരുടേതുപോലെയാണെന്നു് ആരംഭത്തിൽ നാം പ്രസ്താവിച്ചുവല്ലോ. നിങ്ങൾ തിരിച്ചുപോകുക; എന്നാൽ നരകവാതിലുകൾ തുറക്കാനല്ല, പ്രത്യുത സ്നേഹരാജൻ എല്ലാ മനുഷ്യഹൃദയങ്ങളേയും അഖിലലോകത്തേയും ഭരിക്കാനായിരിക്കണം നിങ്ങളുടെ അനുസ്യൂതമായ പരിശ്രമം."

കത്തോലിക്കായുവതികളോടായി പരിശുദ്ധ പിതാവു ചെയ്ത ഈ പ്രഭാഷണം യുവാക്കൾക്കും വൃദ്ധന്മാർക്കുമെല്ലാം സമുചിതംതന്നെയാണു്. എല്ലാവരുടേയും വിശ്വാസതീക്ഷ്ണതയോടു പരിശുദ്ധ പിതാവു ചെയ്യുന്ന ഒരു വെല്ലുവിളിപോലെ തോന്നുന്നു ഈ പ്രഭാഷണം. സ്നേഹരാജൻ അഖിലഹൃദയങ്ങളേയും ഭരിക്കുവാൻ സകലരും അനുസ്യൂതമായി പരിശ്രമിക്കണമെന്നുള്ളതാണു പരിശുദ്ധ പിതാവിൻെറ അഭിലാഷം.

# ക്രിസ്തുവിൻെറ സ്വഭാവപഠനം

## "സുവിശേഷങ്ങളിലേക്കു ചുഴിഞ്ഞിറങ്ങി, ക്രിസ്തുവിൻെറ ചിന്താഗതികളേയും വ്യക്തിമുദ്രകളേയും മനസ്സിലാക്കുകയാണു് അവിടുത്തെ അറിയുന്നതിനുള്ള മാർഗ്ഗം"

(റവ. ജെ. വട്ടങ്കി എസ്. ജെ.)

പാശ്ചാത്യസാഹിത്യത്തിലും, തത്വശാസ്ത്രത്തിലും ചിരംജീവിയായി നിലനില്ക്കുന്ന പ്ലേറേറാ ഒരു മാതൃകാപുരുഷനെ ഇപ്രകാരമാണു് ചിത്രീകരിക്കുന്നതു്. "സത്യസന്ധനും വിശാലമനസ്കനുമാണു് ഒരു വീരപുരുഷൻ...യാതൊരനീതിയും അവൻ പ്രവർത്തിച്ചില്ലെങ്കിലും, മററുള്ളവർ അവനെ അനീതിയുടെ മൂർത്തീകരണമായി മുദ്രയടിക്കും. എന്നാലും അവൻെറ ആത്മസ്ഥൈര്യം ഹനിക്കപ്പെടുകയില്ല. മരണത്തിൽപോലും അവൻ ആത്മശക്തി പ്രകടിപ്പിക്കും. ജീവിതകാലം മുഴുവൻ നീതിരഹിതനായി അവൻ ഗണിക്കപ്പെടും, കൂടാതെ അവസാനമായി അവൻ അടിക്കപ്പെടുകയും ചങ്ങലകളാൽ ബന്ധിക്കപ്പെടുകയും ചെയ്യും; അവൻെറ കണ്ണുകൾ കുത്തിപ്പൊട്ടിക്കും. ഇതെല്ലാം സഹിച്ചതിൻെറ ശേഷം അവൻ ക്രൂശിക്കപ്പെടുകയും ചെയ്യും." ഇവയെല്ലാം സമാധാനമായി സഹിച്ചശേഷം മാത്രമേ അവൻ യഥാർത്ഥത്തിൽ ഒരു നീതിമാനായ മനുഷ്യനായി ഗണിക്കപ്പെടുവാൻ നിവൃത്തിയുള്ളൂ. (Plato, Republic. Bk II)

ഇതു വായിക്കുമ്പോൾ നാം ഓർത്തുപോകും, ക്രിസ്തുവിനു് ഏകദേശം 500 വർഷങ്ങൾക്കുമുമ്പു് ജീവിച്ചിരുന്ന ആ താത്വികൻ ക്രിസ്തുവിനെക്കുറിച്ചാണോ ഇപ്രകാരം എഴുതിയതെന്നു്. എങ്കിലും ഒരു കാര്യം വാസ്തവമാണു്. ക്രിസ്തുവിനെപ്പോലെ മറെറാരാളും ഈ മാതൃകാപുരുഷൻെറ നിർവ്വചനത്തെ പൂർത്തീകരിച്ചിട്ടില്ല. (cfr· St· Ignatius. Sp. Exercises, third degree of humility)

ഓരോ ക്രിസ്ത്യാനിയും വേറൊരു ക്രിസ്തുവാണു്, അല്ലെങ്കിൽ ആകണം. എന്നാൽ നാമോരോരുത്തരും മറെറാരു ക്രിസ്തുവാകണമെങ്കിൽ, ക്രിസ്തുവിനെ യഥാർത്ഥമായി അറിയേണ്ടിയിരിക്കുന്നു. ന്യൂമൻെറ ഭാഷയിൽ, കേവലം "ബുദ്ധിപര"മായിട്ടുള്ളതല്ലാ, പ്രത്യുത "പാരമാർത്ഥിക"മായ ഒരറിവു് ക്രിസ്തുവിനെക്കുറിച്ചു് നമുക്കുണ്ടാകണം. ഈ അറിവു വഴി നാം പ്രമാദരഹിതമായും, വസ്തുനിഷ്ഠമായും ചിന്തിക്കണം. താദൃശചിന്തകളിൽനിന്നു് യഥാർത്ഥ പ്രവർത്തനമൂല്യങ്ങൾ രൂപമെടുക്കണം; അവ നമ്മുടെ ജീവിതത്തിലെ ഓരോ പ്രവൃത്തികളേയും സജീവമായി നയിക്കുകയും വേണം. ഇങ്ങനെ ദൈനംദിനം ജീവിക്കുകയാണെങ്കിൽ, നാം ക്രമേണ മറെറാരു ക്രിസ്തുവായി രൂപാന്തരപ്പെടും. "സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ പൂർണ്ണതയുള്ളവരാകും." (Mt V. 48)

ക്രിസ്തുവിൻെറ ജീവിതമഹത്വം തമ്മിൽ നിഴലിക്കണമെന്നു്, ക്രൈസ്തവധർമ്മചൈതന്യം നമ്മെ കരുത്തേറിയ ക്രിസ്ത്യാനികളാക്കണമെന്നു് നമുക്കറിയാം. സൗഭാഗ്യസംദായകങ്ങളായ ക്രിസ്തീയമൂല്യങ്ങൾ മററുള്ളവർക്കു് കൊടുക്കുവാനും നാം ആഗ്രഹിക്കുന്നു. എന്നാൽ എങ്ങിനെയാണു് നാമിതു പ്രായോഗികമാക്കേണ്ടതു്? ഒരേ ഒരുത്തരം മാത്രമേ ഈ ചോദ്യത്തിനുള്ളൂ. ദൈവത്തേയും അവിടുന്നയച്ച ക്രിസ്തുവിനേയും അറിയുക. (Jn. XVII 3) നമ്മുടെയും മററുള്ളവരുടെയും ജീവിത സാക്ഷാത്കാരത്തിനു് ഈ ഒരു മാർഗ്ഗംമാത്രമേയുള്ളൂ. ക്രിസ്തുവഴിയായിട്ടുമാത്രമേ നമുക്കു രക്ഷയുള്ളൂ. (Acts. IV. 10-12) എന്നാൽ ക്രിസ്തുവിനെ—സുവിശേഷത്തിലെ ക്രിസ്തുവിനെ, എന്നും സജീവനായ ക്രിസ്തുവിനെ—എങ്ങനെ "പാരമാർത്ഥിക"മായി നമുക്കറിയുവാൻ സാധിക്കും? സുവിശേഷങ്ങളിലേക്കു് ചുഴിഞ്ഞിറങ്ങി, ക്രിസ്തുവിൻെറ ചിന്താഗതികളേയും, വ്യക്തിമുദ്രകളേയും മനസ്സിലാക്കുക മാത്രമാണു് ഇതിനുള്ള ഉപാധി. ഈ പഠനത്തിൽതീക്ഷ്ണതയുള്ള വിശ്വാസവും ആത്മാർത്ഥമായ ക്രിസ്തീയസ്നേഹവും ഉടനീളം ഉണ്ടായിരിക്കുകയും വേണം.


**അമിതപുഷ്ടിപ്പ്.**
**ഉഷ്ണാധിക്യവും,**
**രക്തദൂഷ്യവും,**
('കഫ' 'പിത്ത' 'മേദസ്സ്'കൾ വദ്ധിക്ക)
നിമിത്തമുണ്ടാവുന്ന

| | |
|---|---|
| രക്തസമ്മർദ്ദം, | തലവേദന, |
| തലചുററൽ, | ഓർമ്മക്കുറവ്, |
| നീർവീഴ്ച, | ചുമ, |
| നീരിറക്കം, | ഏങ്ങൽ, |
| അർശസ്സ്, | അഗ്നിമാന്ദ്യം, |
| വയറുവേദന, | പ്രമേഹം, |
| ചൊറി, | വ്രണം, |

അമിതമായ ഹൃദയസ്പന്ദനം
തുടങ്ങിയ രോഗങ്ങളെ ശമിപ്പിക്കുന്നതിനും. കഫം, മേദസ്സ്, ശുക്ലം, ആർത്തവരക്തം, മലം, മൂത്രം, വിയർപ്പ് എന്നിവകളുടെ ഉരുക്കത്തേയും, അമിതസ്രാവത്തേയും തടയുന്നതിനും— അതാതുകൾക്കാവശ്യമുള്ള ഉറപ്പിനെ നൽകി യഥാസ്ഥാനങ്ങളിൽ നിലനിർത്തുന്നതിനും




ഉപയോഗിക്കുക
20 ഔൺസ് കുപ്പി 1 ക്ക് .. 2 0 0
റജിസ്റ്റേഡ് പാർസൽ അയക്കുന്നതിനു് മുൻകൂർ അയക്കേണ്ടതു് --- 4 0 0
ഫോൺ: അളഗപ്പനഗർ - 5 4 2
ടെലിഗ്രാം: കാളൻ, അളഗപ്പനഗർ
**കാളൻ, നെല്ലായി (S. INDIA)**


ക്രിസ്തുവിൻെറ ആന്തരിക വിചാരങ്ങൾ, പ്രവർത്തനമൂല്യങ്ങൾ ഏവയായിരുന്നു? ആദ്യമായിത്തന്നെ തൻെറ ലൗകികാസ്തിത്വത്തിൻെറ പരമോദ്ദേശ്യം എന്തായിരുന്നുവെന്നു് സുവ്യക്തമായി ക്രിസ്തുവിനു മനസ്സിലായിട്ടുണ്ടായിരുന്നു. ഇതിൽ അവിടുത്തെ ദിവ്യത്വം അങ്ങയെ സഹായിച്ചു. മരപ്പണിക്കാരൻെറ പുത്രനായി ലോകർക്കു കാണപ്പെട്ട ക്രിസ്തു പന്ത്രണ്ടാമത്തെ വയസ്സിൽ ശാസ്ത്രികളെ വിജ്ഞാനത്തിൽ വെല്ലുക മാത്രമല്ല ചെയ്തതു്; ഒരു പടികൂടി കടന്നു് സ്വമാതാവിനോടരുളിച്ചെയ്ത വാക്കുകളിൽ ലോകത്തിനു തൻെറ ജീവിതത്തിൻെറ തത്വശാസ്ത്രത്തെ വിശദീകരിച്ചു കൊടുത്തു. ഞാൻ എൻെറ പിതാവിൻെറ കാര്യങ്ങളിൽ ബദ്ധശ്രദ്ധനാകേണ്ടിയിരിക്കുന്നുവെന്നു് നിങ്ങൾക്കറിയുവാൻ പാടില്ലേ? (Lk II. 49) ക്രിസ്തുവിൻെറ ഇഹലോകജീവിതത്തിലെ ഓരോ ദിവസവും, ഓരോ മണിക്കൂറും അല്ല ഓരോ വിനാഴികയും സ്വജീവിതോദ്ദേശസാദ്ധ്യാർത്ഥം ഉള്ള പ്രവൃത്തികളാൽ പൂർണ്ണമായിരുന്നു. പരസ്യജീവിതം തുടങ്ങട്ടെ, അപ്പോൾ കാണാം തൻെറ അസ്തിത്വത്തിൻെറ യഥാർത്ഥ ഉദ്ദേശ്യത്തെ അവിടുന്നു കുറെക്കൂടി വ്യക്തമാക്കുന്നതു്. മനുഷ്യപുത്രൻ നീതിമാന്മാരെയല്ല; പിന്നെയോ, പാപികളെ വിളിക്കുവാൻ വന്നിരിക്കുന്നു. (Lk, XIX, 10) എൻെറ ഭക്ഷണം എൻെറ പിതാവിൻെറ ഇഷ്ടം നിറവേററുകയാകുന്നു. (Jn. VIII 29) ഞാൻ നിറവേററുന്നതു് എൻെറ ഇഷ്ടമല്ല, പ്രത്യുത എന്നെ അയച്ചവൻെറ ഇഷ്ടം ഞാൻ നിറവേററുന്നു. (Jn. V. 30)

സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഇഷ്ടപൂർത്തീകരണം തന്നെയാണു്, തൻെറ അനുഗാമികളുടെയും ജീവിതോദ്ദേശ്യമായി അവിടുന്നു എടുത്തു കാണിച്ചിട്ടുള്ളതു്. സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനല്ലാതെ, എൻെറകർത്താവെ, എൻെറകർത്താവെ എന്നുവിളിക്കുന്ന ഏവനുമല്ല സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു്. (Mt. VII. 21) "ദൈവത്തിൻെറ തിരുമനസ്സു ചെയ്യുന്നവൻ ആരോ അവനാകുന്നു എൻെറ സഹോദരനും, എൻെറ സഹോദരിയും, എൻെറ അമ്മയും." (Mt. III. 35) യഥാർത്ഥ സ്നേഹത്തിൻെറ അടയാളവും ദൈവതിരുമനസ്സിൻെറ പൂർത്തീകരണം തന്നെയാണു്. "എന്നെ സ്നേഹിക്കുന്നവൻ എൻെറ വചനം കാക്കുന്നു...എന്നെ സ്നേഹിക്കാത്തവൻ എൻെറ വചനം കാക്കുന്നില്ല." (Jn. XIV 3,24) പിന്നെയും ക്രിസ്തു ഉപദേശിക്കുന്നു: നശിച്ചുപോകുന്ന ആഹാരത്തിനു വേണ്ടി നിങ്ങൾ ആകുലപ്പെടാതിരിക്കുവിൻ; അനശ്വരമായ ജീവനുവേണ്ടി പ്രയത്നിക്കുവിൻ. (Jn VI. 27)

പീഡാനുഭവസമയത്തു്, ക്രിസ്തു ഈ ഉദ്ദേശ്യത്തെ തികച്ചും പ്രസ്പഷ്ടമാക്കി. "എൻെറ ഇഷ്ടമല്ല, മറിച്ചു് നിൻേറതു (പിതാവിൻെറ) നിറവേറട്ടെ." (Lk. XXII. 42) പക്ഷെ സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഇഷ്ടം—ക്രിസ്തുവിനെ അയച്ചവൻെറ ഇഷ്ടം—"അവൻ എനിക്കു തന്നവരിൽ ഒരുത്തനേയും അവനിൽനിന്നു ഞാൻ നശിപ്പിച്ചുകളയാതെ അവസാനനാളിൽ അവനെ ഞാൻ ഉയിർപ്പിക്കണം എന്നതാകുന്നു" (Jn. VI. 39) അതായതു് ക്രിസ്തു ഇഹലോകത്തിൽ വന്നതു് "ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കുന്നതിനു്" (Mt· I. 21)വേണ്ടിയായിരുന്നു. ഉത്ഭവദോഷവും മററു ദോഷങ്ങളും നീക്കുവാൻ വേണ്ടിയാകുന്നു. (St. Thomas III. Q. I. A. 4. C.)

ക്രിസ്തു മനുഷ്യരക്ഷ സാധിച്ചതു് തൻെറ കുരിശുമരണം വഴിയായിരുന്നു. (St. Thomas III. Q. XLVI. A. 4) ന്യൂമൻ ഇപ്രകാരം പറയുന്നു, "കുരിശിലും കുരിശിൽ തൂങ്ങിക്കിടക്കുന്നവനിലും എല്ലാം സമാഹരിക്കപ്പെട്ടിരിക്കുന്നു. കുരിശു എല്ലാററിൻേറയും കേന്ദ്രവും വ്യാഖ്യാനവുമാകുന്നു." (Plain & parochial Sermons, Vol. VI P. 86) അപ്പസ്തോലൻ ക്രിസ്തുവിനെ, ക്രൂശിതനായ ക്രിസ്തുവിനെ പ്രസംഗിക്കുന്നു. (I Cor· I. 23) അദ്ദേഹം എഴുതുന്നു, "മിശിഹാ നിയമത്തിൻെറ ശാപത്തിൽനിന്നു് നമ്മെ വിലയ്ക്കുവാങ്ങുകയും, അവൻ നമ്മെപ്രതി ശാപമായിത്തീരുകയുംചെയ്തു." (Gal III. 13) പിന്നെയും മിശിഹാ തന്നെത്തന്നെ താഴ്ത്തി മരണത്തോളം, കുരിശുമരണത്തോളം, അനുസരണമുള്ളവനായിത്തീരുകയുംചെയ്തു. (Phili. II. 8.)

ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാകുന്നു; ക്രിസ്തു സ്വപിതാവിൻെറ ആഗ്രഹനിർവ്വഹണം തൻെറ ജീവിതത്തിൻെറ പരമോദ്ദേശമായി കരുതിയിരുന്നുവെന്നു്. കുരിശുമരണം വഴിയായി അവിടുന്നു അതു് സാധിക്കുകയുംചെയ്തു. പാപഗർത്തത്തിൽ ആണ്ടുപോയ മനുഷ്യവർഗ്ഗത്തെ പീഡാനുഭവം വഴിയായി പരിത്രാണനംചെയ്തു.


**പ്യാരി**
(REGD)
ഔഷധ സോപ്പ്
ചമ്മരോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S


ക്രിസ്തു സ്വജീവിതോദ്ദേശ്യത്തെ അറിയുക മാത്രമല്ല ചെയ്തതു്. ആ ലക്ഷ്യപ്രാപ്തിക്കായി സുശക്തമായ മനഃശക്തിയോടും സുശിക്ഷിതമായ ധാർമ്മികധൈര്യത്തോടുംകൂടി അവിടുന്നു അനുസ്യൂതം പ്രവർത്തിച്ചിരുന്നു. പരസ്യജീവിതത്തിനുള്ള സമയം ഇതാ സമാഗതമായിരിക്കുന്നു, നാടും വീടും വിട്ടു്, ലൗകികസൗഭാഗ്യവും സമ്പത്തും കൈവെടിഞ്ഞു്, കീർത്തിബഹുമാനങ്ങളെ തൃണവൽഗണിച്ചു് അവിടുന്നു നസ്രസ്സുവിടുന്നു. "മനുഷ്യപുത്രനു തല ചായിക്കുവാൻ പോലും സ്ഥലമില്ല" (Mt. VIII. 20) എന്നു് അവിടുന്നു അരുളിച്ചെയ്തപ്പോൾ അതു് അതിശയോക്തിയല്ലായിരുന്നു. മറിച്ചു് ജീവിതത്തിൻെറ ഒരു നഗ്നമായ പരമാർത്ഥം മാത്രം. പ്രസംഗങ്ങളെല്ലാം ദൈവദത്തമായ ആകാശനീലിമയുടെ അടിത്തട്ടിൽതന്നെ ദുരുദ്ദേശപരമായ എതിർപ്പുണ്ടാകട്ടെ, (Jn. XII. 9—11) അക്രമികളായ ജനങ്ങൾ ആർത്തുവിളിക്കട്ടെ, (Jn. XVIII. 3—12, 30) ആലോചനാരഹിതരായ പുരോഹിതാധികാരികൾ തൻെറ പേരിൽ കളങ്കംചാർത്തി തന്നെ ദൈവനിന്ദകനെന്നു

അധിക്ഷേപിക്കട്ടെ, (Mt. XXVI. 59—68; XXVII, 1—26) ദുഷ്ടനായ യോദ്ധാവ് തന്റെ കരണത്തടിക്കട്ടെ, (Jn. XVIII. 22, 23) അവിടുന്നെപ്പോഴും അക്ഷോഭ്യനായും, അജയ്യമായ മനഃശക്തിയോടുകൂടിയും തന്റെ പ്രവൃത്തിയെ പുരോഗമിപ്പിക്കും. സ്വശിഷ്യരിൽ ഒരുത്തൻതന്നെ ക്രിസ്തുവിനെ സ്വജീവിതകർത്തവ്യത്തിൽനിന്നും വിമുഖനാക്കുവാൻ പരിശ്രമിച്ചു. പത്രോസ് കേണപേക്ഷിച്ചു, "എന്റെ കർത്താവേ, നിനക്ക് ഇതു് (പീഡാനുഭവം) സംഭവിക്കുവാൻ ഇടയാകാതിരിക്കട്ടെ." ക്രിസ്തുവിന്റെ പ്രത്യുത്തരമോ, "സാത്താനേ, നീ എന്റെ പിന്നിൽ പോകുക. നീ എനിക്കു ഇടർച്ചയാകുന്നു; എന്തെന്നാൽ നീ മാനുഷികമായിട്ടുള്ളതല്ലാതെ ദൈവികമായിട്ടുള്ളതല്ല വിചാരിക്കുന്നതു്. (Mt. XVI. 16, 17) ഇതിൽ നിന്നെല്ലാം ക്രിസ്തുവിന്റെ ഉദ്ദേശ്യസ്ഥിരതയും അജയ്യമനഃശക്തിയും തെളിവാകുന്നില്ലേ?

സ്വസഹചാരികളായി അവിടുന്നു് തിരഞ്ഞെടുത്തതും ഇപ്രകാരമുള്ള വ്യക്തികളെ ആയിരുന്നു. പാറപോലെ ദൃഢനായ പത്രോസ്, ഇടിയുടെ മക്കളെന്നു വിളിക്കപ്പെടുന്ന സെബദീപുത്രന്മാർ, പരാക്രമിയായ അന്ത്രയോസ്, തീക്ഷ്ണതയുള്ളവനായ ശിമയോൻ, ധൈര്യവാനായ യൂദാ ഇങ്ങനെയുള്ളവരായിരുന്നു അപ്പസ്തോലന്മാർ. ഇവരോടു് സുവ്യക്തമായ ഭാഷയിൽ അവിടുന്നു അരുളിച്ചെയ്തു, തങ്ങളുടെ ജീവിതക്രമം എങ്ങനെയിരിക്കണമെന്നു്. "എന്റെ അടുക്കൽ വരികയും, തന്റെ അപ്പനേയും അമ്മയേയും തന്റെ സഹോദരന്മാരേയും സഹോദരികളേയും തന്റെ ഭാര്യയേയും തന്റെ മക്കളേയും തന്നെത്തന്നെയും ദ്വേഷിക്കാതിരിക്കുകയും ചെയ്യുന്നവനു്, എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കയില്ല; തന്റെ കുരിശെടുത്തുകൊണ്ടു് എന്റെ പിന്നാലെ വരാത്തവനു് എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കയില്ല. (Lk. XIV. 26, 27) അവിടുന്നു വീണ്ടും അനുശാസിക്കുന്നു, "കലപ്പയിന്മേൽ കൈവച്ചശേഷം തന്റെ പിമ്പിലേക്കു തിരിഞ്ഞുനോക്കുന്ന ഒരുത്തനും ദൈവരാജ്യത്തിനു തക്കവനല്ല" (Lk. IX. 62) ഒരവസാനവിധിയെന്നപോലെ അവിടുന്നു ആവശ്യപ്പെടുന്നു, "തന്റെ ജീവനെ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതു നശിപ്പിക്കുന്നു; എന്നെക്കുറിച്ചു് തന്റെ ജീവനെ നശിപ്പിക്കുന്നവൻ ആരോ അവൻ അതു രക്ഷിക്കുന്നു." (Lk. IX. 24)

ഇങ്ങനെ നിഷ്കൃഷ്ടമായ കൃത്യബോധം ക്രിസ്തുവിൽ കുടികൊണ്ടിരുന്നെങ്കിലും, സുശക്തമായ മനഃശക്തിയോടെ നരകുലപരിത്രാണനം പൂർത്തീകരിക്കുവാൻ പ്രയത്നിച്ചെങ്കിലും തന്റെ പ്രവർത്തനങ്ങളിൽ ഒരിക്കലെങ്കിലും മനുഷ്യസഹജമല്ലാത്ത കാഠിന്യമോ, ഹൃദയരാഹിത്യമോ, ഗർവ്വോ അവിടുന്നു കാണിച്ചില്ല. മറിച്ചു് സ്നേഹം, സാഹോദര്യം, ശാന്തത ഇവയായിരുന്നു അവിടുത്തെ പ്രവർത്തനപ്രമാണങ്ങൾ. ക്രിസ്തുതന്നെ ആവശ്യപ്പെടുന്നു, "ഞാൻ ഹൃദയശാന്തതയും എളിമയും ഉള്ളവനാകയാൽ നിങ്ങൾ എന്നിൽനിന്നു പഠിക്കുവിൻ." (Mt. XI. 29) അമാനുഷികമായിത്തന്നെ ചിലപ്പോൾ അവിടുന്നു ശാന്തത പ്രദർശിപ്പിച്ചിരുന്നു. ശത്രുക്കൾ തന്നെ വലയംചെയ്തപ്പോൾ, പത്രോസിനോടു് ക്രിസ്തു കല്പിച്ചു, "നിന്റെ വാൾ അതിന്റെ ഉറയിൽ ഇടുക." "എന്റെ പിതാവു് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടയോ?" (Jn. XVIII. 11) സെബദീപുത്രന്മാർ ഒരിക്കൽ ആകാശത്തിൽനിന്നു് തീയിറക്കി ശത്രു

# ചോദിച്ചാൽ പറയാം

27. ചോ: കത്തോലിക്കർ ദൈവത്തോടു പ്രാർത്ഥിക്കുന്നതുപോലെ തന്നെ വിശുദ്ധന്മാരോടും പ്രാർത്ഥിക്കുന്നുണ്ടല്ലോ. ദൈവം സർവ്വവ്യാപിയും സർവ്വജ്ഞാനിയുമാണെന്നു നമുക്കറിയാം. പക്ഷെ വിശുദ്ധന്മാർ അങ്ങനെയാണോ? കേരളത്തിലും റോമയിലും ന്യൂയോർക്കിലും ടോക്കിയോയിലും ഇരുന്നു് ഒരേസമയം പ്രാർത്ഥിച്ചാൽ അവർക്കു കേൾക്കുവാൻ സാധിക്കുമോ?

(എസ്. വി. ഡി.)

ഉ: കത്തോലിക്കർ വിശുദ്ധന്മാരോടു പ്രാർത്ഥിക്കുന്നതു്, നിങ്ങളുടെ ഉത്തമസുഹൃത്തിനോടു നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നതുപോലെയാണു്. അതു മനസ്സിലാക്കുവാൻ വിഷമം തോന്നുന്നതു്, അതേപ്പററി പല തെററിദ്ധാരണകളും വച്ചു പുലർത്തുന്നതുകൊണ്ടാണു്.

വിശുദ്ധന്മാരോടു പ്രാർത്ഥിക്കുന്നതു ദൈവത്തോടോ ഈശോയോടോ പ്രാർത്ഥിക്കുന്നതുപോലെയല്ല. ദൈവത്തെ നാം നമ്മുടെ സ്രഷ്ടാവായി ആരാധിക്കുന്നു; വിശുദ്ധന്മാരെയാകട്ടെ, നമ്മെപ്പോലെയുള്ള സൃഷ്ടികളായിട്ടാണു നാം പരിഗണിക്കുന്നതു്. നാം ദൈവത്തോടുള്ള നമ്മുടെ പരിപൂർണ്ണവിധേയത്വം ഏററുപറയുകയും, അവിടുത്തെ ദൈവികസംരക്ഷണവും, പൈതൃകസ്നേഹവും, വരപ്രസാദവും, രക്ഷാമാർഗ്ഗങ്ങളും ആവശ്യപ്പെടുകയും ചെയ്യുന്നു. നാം അവിടുത്തെ പരമനന്മയായി സ്നേഹിക്കുകയും, അവിടുത്തോടു ദ്രോഹം ചെയ്തതിനാൽ നമ്മുടെ പാപങ്ങളെപ്പററി പശ്ചാത്തപിക്കുന്നുവെന്നു അവിടുത്തോടു പറയുകയുംചെയ്യുന്നു. നാം അവിടുത്തെ ക്ഷമയാചിക്കുന്നു. വിശുദ്ധന്മാരോടു പ്രാർത്ഥിക്കുമ്പോൾ ഈ സംഗതികൾ യാതൊന്നും നാം പറയുന്നില്ല. നാം ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ, സത്യംതന്നെയായ അങ്ങയിൽ നമുക്കുള്ള പരിപൂർണ്ണവിശ്വാസം നാം പ്രകടിപ്പിക്കുന്നു. വിശുദ്ധന്മാരോടു നാം ആദരവും അവരുടെ പഠനങ്ങളിൽ ബഹുമാനവും കാണിക്കുന്നതേയുള്ളു.

ഈശോ ദൈവമാകുന്നു. ദൈവത്തോടു അവിടുത്തെ ദൈവസ്വഭാവത്തിൽ നാം ചെയ്യുന്ന പ്രാർത്ഥനകളെല്ലാം, ഈശോയോടു അവിടുത്തെ മനുഷ്യസ്വഭാവത്തിലും നാം പ്രാർത്ഥിക്കുന്നു. അവിടുത്തെ ദൈവത്വത്തിൽ നമുക്കുള്ള വിശ്വാസവും നാം പ്രകടിപ്പിക്കുന്നു. തന്റെ മനുഷ്യജീവിതത്താലും കുരിശുമരണത്താലും അവിടുന്നു നമ്മോടു കാണിച്ച സ്നേഹത്തെ നാം അറിയുകയും തിരിച്ചുനൽകുകയും ചെയ്യുന്നു. ദൈവികസത്യങ്ങളെപ്പററിയുള്ള അവിടുത്തെ ആവിഷ്കരണത്തെ ആശ്രയിച്ചു തന്നെ നാം സ്വീകരിക്കുന്നു. അവിടുത്തെ പഠനവും മാതൃകയും അനുസരിച്ചു ജീവിക്കുവാനുള്ള വരപ്രസാദം അവിടുത്തോടു നാം യാചിക്കുന്നു. നമ്മുടെ രക്ഷകനായി നാം അവിടുത്തെ സ്വാഗതംചെയ്യുന്നു. നമ്മുടെ ഏകമദ്ധ്യസ്ഥനെന്നനിലയിൽ അങ്ങയിലൂടെ എല്ലാ ആനുകൂല്യങ്ങളും നാം ചോദിക്കുന്നു. അൾത്താരയിൽ വിശുദ്ധകുർബാനയിൽ സന്നിഹിതനായിരിക്കുന്ന അവിടുത്തെ നാം ആരാധിക്കുന്നു. സ്വർഗ്ഗസിംഹാസനസ്ഥനായ അവിടുത്തെ ദൈവവും മനുഷ്യനുമെന്നനിലയിൽ നാം അഭിവാദനം ചെയ്യുന്നു.

വിശുദ്ധന്മാരോടുള്ള നമ്മുടെ പ്രാർത്ഥനകളിൽ ഈവക യാതൊരു കാര്യങ്ങളും ഉൾപ്പെടുന്നില്ല. അവരെ ആരാധിക്കുന്നതു മായത്തരവും പാപകരവുമാകുന്നു. അങ്ങേഅററം നമുക്കുവേണ്ടി അവർക്കു ചെയ്യാവുന്നതു് നമുക്കുവേണ്ടി പ്രാർത്ഥിക്കുകയാകുന്നു. ഇതുമാത്രമാണു് നാം അവരോടു് ആവശ്യപ്പെടുന്നതും. അവരുടെ നിർമ്മലജീവിതത്തിന്റെ മാതൃക നമുക്കു നിവേശകമായിരുന്നേക്കാം; ചില കാര്യങ്ങളിൽ അവരെ നാം അനുകരിച്ചേക്കാം. എന്നാൽ അവർ നമുക്കു "വഴിയും സത്യവും ജീവനു"മായിരിക്കുന്നില്ല. നാം നടക്കുന്നവഴിയേതന്നെ നടന്നിട്ടുള്ളവർ മാത്രമാണവർ.

നമുക്കു വരപ്രസാദം നൽകുന്നതിനോ, നമ്മുടെ പാപങ്ങൾ പൊറുക്കുന്നതിനോ നാം ഒരു വിശുദ്ധനോടും ഒരിക്കലും ആവശ്യപ്പെടുന്നില്ല. അവരിൽ ദൈവികമായുള്ളതു് ദൈവം അവർക്കു നൽകിയ വരപ്രസാദവും അവിടുത്തോടുകൂടി അവർ അനുഭവിക്കുന്ന മഹത്വവുമാകുന്നു. നാം സ്നേഹിക്കുകയും ആദരിക്കുകയുംചെയ്യുന്ന സുഹൃത്തുക്കളായിട്ടാണു് പ്രാർത്ഥനകളിൽ അവരെ നാം അഭിവാദനം ചെയ്യുന്നതു്. നമ്മൾ ചരിക്കുന്ന ദുസ്തരപഥങ്ങളിൽക്കൂടി, നമുക്കു മുൻപേ പോയിട്ടുള്ളവരാണവർ; അവരിൽ ചിലർ നിങ്ങളേയും എന്നെയുംപോലെ വഴിവിട്ടു പോയിട്ടുള്ളവരുമാണു്. പക്ഷെ സ്വന്തം ധീരതയാലും, ത്യാഗത്താലും, നന്മയാലും ലക്ഷ്യത്തിലെത്തി നമ്മുടെ വീരപുരുഷന്മാരും ക്രിസ്തുവിൽ നമ്മുടെ ആത്മസുഹൃത്തുക്കളുമായിത്തീർന്നിരിക്കുന്നു. അവിടുത്തോടു നമുക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അവരോടു നാം ആവശ്യപ്പെടുന്നു, അത്രമാത്രം.

ഒരു വിശുദ്ധന്റെ ആത്മാവു സർവ്വവ്യാപിയാണെന്നു നാം പറയുന്നില്ല. ദൈവത്തിനുമാത്രമുള്ള ഈ ലക്ഷണം ഒരു വിശുദ്ധനും—പേരുവിളിക്കപ്പെട്ടതായാലും അല്ലെങ്കിലും—നാം നൽകുന്നില്ല. സ്വർഗ്ഗസ്ഥിതമായ ആത്മാവു് അരൂപിയാകുന്നു. അതിനു പക്ഷെ കൂടുതൽ ലഘുത ഉണ്ടായിരിക്കാം. കുറേക്കൂടി കൃത്യമായിട്ടാണെങ്കിൽ, അതു് സ്ഥലത്തിനു(Space) അതീതമാണെന്നു നമുക്കു പറയാം. എന്നാൽ കേരളത്തിലോ, റോമയിലോ, ന്യൂയോർക്കിലോ ടോക്കിയോയിലോ എവിടെയെങ്കിലും രണ്ടു സ്ഥലത്തുനിന്നു ഒരേസമയം ഉയരുന്ന പ്രാർത്ഥനകൾ കേൾക്കുവാൻ, സ്വന്തശക്തികൊണ്ടു അതു പ്രാപ്തമായിരിക്കുന്നില്ല. ദൈവം വഴിയാണു് ഒരു വിശുദ്ധൻ നമ്മുടെ പ്രാർത്ഥന കേൾക്കുന്നതു്. തന്റെ ദൈവികശക്തിയാലും സാന്നിദ്ധ്യത്താലും എല്ലായിടത്തുമായിരിക്കുന്ന ദൈവം നമ്മുടെ പ്രാർത്ഥനകൾ ഒരേസമയം കേൾക്കുകയും യാതൊരു മാററവുംകൂടാതെ അതു പ്രേഷണം ചെയ്യുകയും ചെയ്യുന്നു.

28. ചോ: കത്തോലിക്കാസഭയിലെ വിശുദ്ധന്മാരോടു് പ്രോട്ടസ്റ്റൻറുകാരോ ഹിന്ദുക്കളോ പ്രാർത്ഥിച്ചാൽ കേൾക്കുമോ?

(എസ്. വി. ഡി.)

ഉ: സ്വർഗ്ഗസ്ഥരായിരിക്കുന്ന വിശുദ്ധന്മാർ കത്തോലിക്കാസഭയുടെ തനതുസ്വത്തൊന്നുമല്ല. അവർ വിജയിയായ സഭയുടെ അംഗങ്ങളാകുന്നു. ആ സഭയുടെ തലവൻ ഈശോമിശിഹാതന്നെ. അവർ നമ്മേക്കാൾ കൂടുതലായി അവിടുത്തോടു സംപ്രുക്തരായിരിക്കുന്നു. അവരുടെയിടയിൽ മുൻവിധികളൊന്നുമില്ല; പരസ്നേഹം മാത്രമാണുള്ളതു്. ആരുടേയും—പ്രോട്ടസ്റ്റൻറുകാരുടേയും, യഹൂദന്മാരുടേയും, ഹിന്ദുക്കളുടേയും മുസ്ലീമിങ്ങളുടേയും—പ്രാർത്ഥനകൾ കേൾക്കുവാൻ അവർ സന്നദ്ധരത്രേ. ആത്മാർത്ഥവും സൗഹാർദ്ദപരവുമായ രീതിയിൽ പ്രാർത്ഥിക്കണമെന്നുമാത്രം. ഭൗതികമാനദണ്ഡങ്ങൾ വച്ചുതന്നെ, സത്യസന്ധനായ ഒരു സുഹൃത്തിന്റെ ആത്മാർത്ഥമായ വാക്കുകളെ അവഗണിക്കുന്നതു അവിഹിതവും അപമര്യാദയുമായിട്ടാണല്ലോ നാം പരിഗണിക്കുന്നതു്. സ്വർഗ്ഗീയമാനദണ്ഡങ്ങൾ ഇതിനെക്കാളും ഉൽകൃഷ്ടമല്ലയോ?

അപേക്ഷിച്ചു എന്നതുകൊണ്ടുമാത്രം അത്ഭുതകരങ്ങളായ രോഗശാന്തികളോ മറേറാ ഉണ്ടാകുമെന്നു കത്തോലിക്കരോ പ്രോട്ടസ്റ്റൻറുകാരോ ആരും പ്രതീക്ഷിക്കേണ്ടതില്ല. ഒരു അത്ഭുതം ചെയ്തേ മതിയാവൂ എന്നു ഒരു വിശുദ്ധനെ നിർബന്ധിക്കുവാൻ ആർക്കും സാദ്ധ്യമല്ല. അങ്ങേഅററം ഒരു വിശുദ്ധനു ചെയ്യാവുന്നതു നമുക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയാണു്. അനന്തജ്ഞാനിയായ ദൈവം, നമുക്കും, മററു ലോകത്തിനും കൂടുതൽ പ്രയോജനകരമായിട്ടുള്ളതെന്താണെന്നു തീരുമാനിച്ചുകൊള്ളും.

29. ചോ: "എന്റെ പിന്നാലെ വരിക, എന്നെ അനുഗമിക്കുക, എന്റെ നാമത്തിൽ ചോദിക്കുക" എന്നിങ്ങനെ പഠിപ്പിച്ചിട്ടുള്ള ഈശോ എപ്പോഴെങ്കിലും വിശുദ്ധന്മാരോടു പ്രാർത്ഥിക്കുവാൻ ഉപദേശിച്ചിട്ടുണ്ടോ?"

(എസ്. വി. ഡി.)

ഉ: വിശുദ്ധന്മാരോടു പ്രാർത്ഥിക്കണമെന്നു അനുശാസിക്കുന്നതായോ ഉപദേശിക്കുന്നതായോ ഉള്ള ക്രിസ്തുവിന്റെ വാക്കുകൾ ഇല്ലെന്നുള്ളതു ശരിതന്നെ. എന്നാൽ നമ്മുടെ കാര്യത്തിൽ മാലാഖമാർ താല്പര്യം പ്രകടിപ്പിക്കുന്നുണ്ടെന്നു അവിടുന്നു പറഞ്ഞിട്ടുണ്ടു്. "ഇങ്ങനെതന്നെ അനുതപിക്കുന്ന ഒരു പാപിയെപ്പററി ദൈവത്തിന്റെ ദൂതന്മാരുടെ സന്നിധിയിൽ സന്തോഷം ഉണ്ടാകുമെന്നു ഞാൻ നിങ്ങളോടു പറയുന്നു." (ലൂക്കാ

(ശേഷം 9-ാംപേജിൽ)


ESTD. 1927

# പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

പാലാ

30-6-1956

| | | |
|---|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | 24,87,127 | രൂപാ |
| കരുതൽ ധനം ... | 14,60,819 | രൂപാ |
| ആകെ ഡിപ്പോസിററ് ... | 7,36,63,369 | രൂപാ |
| രൊക്കമിരിപ്പും മററ ബാങ്കുകളിൽ നിക്ഷേപവും | 1,66,38,795 | രൂപാ |
| ഗവമ്മേണ്ടു കടപ്പത്രങ്ങളിലുള്ള നിക്ഷേപം ... | 2,22,81,382 | രൂപാ |
| ആകെ മുതൽ ... | 7,93,08,821 | രൂപാ |

കെ. ജോസഫ് ആഗസ്തി
മാനേജിംഗ് ഡയറക്ടർ

PC. 2096 (Rev)



ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

# 'അമ്മയുടെ ആയുധങ്ങൾ'

(ജോസഫ് തെക്കിനിയത്തു്)

പതിമൂന്നാം നൂററാണ്ടിൽ ദൈവസ്നേഹം നിഷ്പ്രഭമായി തുടങ്ങിയപ്പോൾ അതിനെ പ്രോജ്ജ്വലിപ്പിക്കുവാൻ വിമലാംബിക വ്യഗ്രത പൂണ്ടു. 1206-ൽ പരിശുദ്ധ ജനനി വി. ഡോമിനിക്കിനു് പ്രത്യക്ഷപ്പെട്ടു്, ജപമാല ലോകത്തിനു സമ്മാനിച്ചു. 18-ാം നൂററാണ്ടിൽ, 13-ാം ബനഡിക്ട് മാർപ്പാപ്പായും അനന്തരകാലത്തു "ജപമാല പാപ്പാ"യായ ലെയോ പതിമൂന്നാമനും ജപമാലഭക്തിയെ പരിരക്ഷിക്കയും പരിപോഷിപ്പിക്കയും ചെയ്തു. വിശുദ്ധനായ 5-ാം പീയൂസ് മാർപ്പാപ്പാ ജപമാലയ്ക്കു നൽകുന്ന നിർവചനം ഇങ്ങനെയാണു്:- "ദാവീദിൻെറ സങ്കീർത്തനങ്ങൾ എന്നപോലെ മാലാഖായുടെ മംഗളവാർത്താവചനംകൊണ്ടു് മാതാവിനെ 150 പ്രാവശ്യം പ്രകീർത്തിക്കുന്ന ഒരു സങ്കീർത്തനമാണു് ജപമാല."

കൊന്ത, അതു ജപിക്കുന്ന വ്യക്തിയെ മുഴുവനായി ഏകാഗ്രതയിൽ ലയിപ്പിക്കുന്നു. ആത്മാവിൻെറയും ശരീരത്തിൻെറയും ശക്തികൾ ദിവ്യരഹസ്യങ്ങളുടെ ഉള്ളറകളിലേക്കു കടന്നു മനുഷ്യനെ ധ്യാനനിർല്ലീനനാക്കും.

ഡോമിനിക്കൻ പാരമ്പര്യമനുസരിച്ചു്, കൊന്തയിലെ 15 ദൈവരഹസ്യങ്ങളെ വിശ്വസ്തതയോടുകൂടി ചൊല്ലുന്നവർക്കു് ജപമാലരാജ്ഞി 15 വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ടു്. ഈ വാഗ്ദാനങ്ങൾ മാതാവു് 1251-ൽ വി. സൈമൺസ്റ്റോക്കിനോടും 1917-ൽ ഫാത്തിമായിലും ആവർത്തിച്ചിട്ടുണ്ടു്. ഈശോയുടെ തിരുഹൃദയ വാഗ്ദാനങ്ങളെപ്പോലെതന്നെ മാനവകുലത്തിനു ഏററം ആശ്വാസസംദായകങ്ങളാണവ.

1) ജപമാല ചൊല്ലിക്കൊണ്ടു് എന്നെ നിരന്തരമായി സേവിക്കുന്നവർ ഒരു പ്രത്യേകവരം സ്വീകരിക്കും.

2) കൊന്ത, ഭക്തിയോടുകൂടി ജപിക്കുന്നവർക്കു എൻെറ പ്രത്യേക സംരക്ഷണയും വലിയ അനുഗ്രഹങ്ങളും ഞാൻ വാഗ്ദാനം ചെയ്യുന്നു.

3) ജപമാല നരകാഗ്നിക്കെതിരായ വലിയ ഒരു ആയുധമായിരിക്കും; അതു ദുസ്സ്വഭാവങ്ങളെ നശിപ്പിക്കുകയും പാപത്തെ ക്ഷയിപ്പിക്കുകയും അവിശ്വാസത്തെ ഉന്മൂലനം ചെയ്യുകയും ചെയ്യും.

4) അതു പുണ്യങ്ങളേയും സൽപ്രവൃത്തികളേയും സജീവങ്ങളാക്കും; ദൈവത്തിൻെറ അനന്തമായ കരുണ ആത്മാക്കൾക്കു ധാരാളമായി നേടികൊടുക്കും; ലൗകായതികത്വത്തിലും അതിൻെറ ക്ഷണഭംഗുരങ്ങളായ അനുഭവങ്ങളിലും അള്ളിപ്പിടിച്ചിരിക്കുന്ന മനുഷ്യഹൃദയങ്ങളെ അടർത്തിയെടുത്തു അനന്തമായ സൗഭാഗ്യത്തിലേക്കു ഉയർത്തും.

5) കൊന്തയുമായി എന്നോടു് ബന്ധപ്പെട്ടിട്ടുള്ള ആത്മാക്കൾ ഒരിക്കലും നശിക്കയില്ല.

6) ദിവ്യരഹസ്യങ്ങളിന്മേൽ ധ്യാനിച്ചുകൊണ്ടു് ജപമാല ചൊല്ലുന്നവർ ദൗർഭാഗ്യങ്ങളിൽ വീഴുകയില്ല; ദൈവകോപം അവരുടെമേൽ നിപതിക്കയില്ല; പെട്ടെന്നുള്ള മരണത്താൽ നശിക്കയില്ല; പ്രത്യുത പാപത്തിലാണെങ്കിൽ മനഃപരിവർത്തനത്തിനുള്ള അനുഗ്രഹം ലഭിക്കും. വരപ്രസാദത്തിലാണെങ്കിൽ അതിൽ നിലനില്ക്കുന്നതിനും നിത്യസൗഭാഗ്യം കരസ്ഥമാകുന്നതിനും ഇടയാകും.

7) ജപമാലയോടു് യഥാർത്ഥഭക്തിയുള്ളവർ അന്ത്യകൂദാശ സ്വീകരിക്കാതെ മരിക്കയില്ല.

8) ജപമാലഭക്തർ ജീവിതത്തിലും മരണത്തിലും വിശ്വാസത്തിലും വരപ്രസാദത്തിലും ആയിരിക്കണമെന്നതും അവർക്കു വിശുദ്ധരുടെ സൽപ്രവൃത്തികളിൽ അംശഭാഗിത്വമുണ്ടായിരിക്കണമെന്നതും എൻെറ അഭീഷ്ടമാണു്.

9) ശുദ്ധീകരസ്ഥലത്തുനിന്നു് എല്ലാദിവസവും ഞാൻ ജപമാലഭക്തരെ വിമുക്തരാക്കിക്കൊണ്ടിരിക്കുന്നു.

10) സ്വർഗ്ഗത്തിൽ കൊന്തഭക്തർ വലിയ മഹത്വം അനുഭവിക്കും.

11) കൊന്ത വഴിയായി എന്താവശ്യപ്പെട്ടാലും നിങ്ങൾക്കു അതു ലഭിക്കും.

12) കൊന്തഭക്തിയെ പ്രചരിപ്പിക്കുന്നവരെ തങ്ങളുടെ ഏതാവശ്യത്തിലും ഞാൻ സഹായിക്കും.

13) സ്വർഗ്ഗത്തിലെ വാഴ്ത്തപ്പെട്ടവർ കൊന്തസഭയിലെ അംഗങ്ങൾക്കു ജീവിതത്തിലും മരണത്തിലും സഹായികളും കൂട്ടുകാരുമായിരിക്കുവാനുള്ള അനുഗ്രഹം ഞാൻ എൻെറ തിരുക്കുമാരനിൽനിന്നു നേടിയിട്ടുണ്ടു്.

14) ജപമാല ജപിക്കുന്നവർ എൻെറ മക്കളും എൻെറ ഏകസുതനായ മിശിഹായുടെ സഹോദരരുമാണു്.

15) ജപമാലഭക്തി തിരഞ്ഞെടുക്കപ്പെട്ടവരുടെ വലിയ ഒരടയാളമാണു്.

കൊന്തയോടും ഉത്തരീയത്തോടും അനുബന്ധമായി മാതാവിനു നമ്മോടു് വേറെ ഒരു അഭ്യർത്ഥന കൂടിയുണ്ടു്. അതു മനുഷ്യസ്വഭാവത്തിനു ഇഷ്ടപ്പെടാത്തതാണു്— പരിത്യാഗം. ഫാത്തിമായിൽ മാതാവു് ആവശ്യപ്പെട്ടതു് അന്നു ആരും ശരിക്കു മനസ്സിലാക്കിയില്ലെന്നു തോന്നുന്നു. അതുകൊണ്ടു് 1943-ൽ ദിവ്യരക്ഷകൻതന്നെ ലൂസിക്കു പ്രത്യക്ഷപ്പെട്ടുകൊണ്ടു പറഞ്ഞു: "ഓരോ വ്യക്തിയിൽനിന്നും ആവശ്യപ്പെടുന്ന ത്യാഗം അവനവൻെറ ജീവിതാന്തസ്സിൻെറ ചുമതലകൾ ശരിക്കു നിറവേററുകയും എൻെറ കല്പനകളെ കാക്കുകയുമെന്നതാണു്. ഈ പരിത്യാഗത്തെയാണു് ഞാൻ അന്വേഷിക്കുന്നതും ആവശ്യപ്പെടുന്നതും." തൻെറ പ്രമാണങ്ങൾക്കനുസൃതമായി ജീവിക്കുന്നതിനും എന്തു ത്യാഗവും സഹിച്ചു് വരപ്രസാദത്തിലിരിക്കുന്നതിനും എത്രയോ കുറച്ചു ആത്മാക്കൾ മാത്രമേ പരിശ്രമിക്കുന്നുള്ളുവെന്നു് അവിടുന്നു് ആവലാതിപ്പെടുന്നു.

ത്യാഗമാണു് വിജയത്തിൻെറ അളവുകോൽ. ലോകത്തിൻെറ പകുതിയും കൈയടക്കുന്നതിനു് കമ്മ്യൂണിസ്റ്റുകാർക്കു സാധിച്ചതിൻെറ രഹസ്യവും ഇതുതന്നെയാണു്. അന്തിക്രിസ്തുവിനുവേണ്ടി അവർ ചെയ്യുന്ന ത്യാഗത്തിൻെറ പകുതിയെങ്കിലും ക്രിസ്തുവിനുവേണ്ടി നാം ചെയ്യുന്നില്ലായെന്നുള്ളതാണു് നമ്മുടെ ഗൗരവാവഹമായ തെററു്.

പരിത്യാഗം! എന്താണതു്? കൂടുതൽ നന്മയ്ക്കുവേണ്ടി എന്തെങ്കിലും ഉപേക്ഷിക്കുക. പ്രാർത്ഥനയും സൽപ്രവർത്തനങ്ങൾക്കുമായി നാം നമ്മുടെ വ്യക്തിപരമായ സുഖത്തേയും സ്വാർത്ഥതയേയും ത്യജിക്കുമ്പോൾ അതു ഒന്നാംകിട പരിത്യാഗമായി. അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനും നാം സ്വല്പം ത്യാഗം കൈവരിക്കുമ്പോൾ അതുവഴി




നാം നേടുന്ന പുണ്യപുരോഗതിയെക്കുറിച്ചു് നാം അറിയുന്നില്ല.

അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുന്നതിലും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിലും അന്തർലീനമായിരിക്കുന്ന മഹാനുഗ്രഹത്തെക്കുറിച്ചു് ഇന്നത്തെ കത്തോലിക്കരിൽ അധികംപേരും അജ്ഞരാണു്. എന്നാൽ, വിശുദ്ധനായ പത്താംപീയൂസ് പാപ്പാ ആധുനികലോകത്തിലെ വിപത്തുകൾക്കു ഏകപരിഹാരമാർഗ്ഗമായി നിർദ്ദേശിക്കുന്നതു് ദിവ്യബലിയും ദിവ്യകാരുണ്യസ്വീകരണവുമാണു്.

ആദ്യശനിയാഴ്ചകളിലെ "പരിഹാരദിവ്യകാരുണ്യസ്വീകരണം" നമ്മുടെ അമ്മ ആവശ്യപ്പെട്ടു, രണ്ടാംലോകമഹായുദ്ധത്തെ തടയുന്നതിനായി. അവിടുന്നു പറയുന്നു: "ഇതു (രണ്ടാം ലോകമഹായുദ്ധം) തടയുന്നതിനായി റഷ്യയെ എൻെറ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുന്നതിനും ആദ്യശനിയാഴ്ചകളിൽ "പരിഹാരദിവ്യകാരുണ്യസ്വീകരണം" നടത്തുന്നതിനും ഞാൻ അഭ്യർത്ഥിക്കുന്നു. എൻെറ അഭ്യർത്ഥനകൾ കേൾക്കപ്പെടുന്നുവെങ്കിൽ റഷ്യ മാനസാന്തരപ്പെടും. ലോകത്തിൽ സമാധാനം സംസ്ഥാപിതമാകും. അല്ലെങ്കിൽ ലോകം മുഴുവനും അവൾ തൻെറ തെററു വ്യാപിപ്പിക്കുകയും യുദ്ധങ്ങളും മതമർദ്ദനങ്ങളും വർദ്ധിപ്പിക്കുകയും ചെയ്യും."

തീർച്ചയായും മാതാവിനു അനുദിനദിവ്യകാരുണ്യസ്വീകരണത്തിനു ആവശ്യപ്പെടാമായിരുന്നു. പക്ഷെ, അവിടുന്നു അതു ചെയ്തില്ല. കാരണം, മനുഷ്യൻെറ അലസത, ത്യാഗം സഹിക്കുന്നതിനുള്ള വിമുഖത, ആ അമ്മയ്ക്കു നല്ലവണ്ണമറിയാമായിരുന്നു. ആദ്യവെള്ളിയാഴ്ചകൾ ഈശോയുടെ ദിവ്യഹൃദയം ആവശ്യപ്പെട്ടിട്ടുണ്ടു്. ആദ്യശനിയാഴ്ചകൾ മാതാവിൻെറ വിമലഹൃദയവും. ഈ രണ്ടു ദിവസങ്ങളിലെങ്കിലും സ്വല്പം ത്യാഗം സഹിക്കുവാൻ നാം സന്നദ്ധരാകുകയില്ലേ?

## മോൺ. വല്യാറമ്പത്തു് അവർകൾ

### എറണാകുളംഅതിരൂപതാ വികാരിജനറൽ



റൈററ് റവ. മോൺ: ജോർജ്ജ് വല്യാറമ്പത്തുഅവർകളെ എറണാകുളം അതിരൂപതാ വികാരിജനറലായി മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് നിയമിച്ചിരിക്കുന്നു. മോൺ. വല്യാറമ്പത്തു് അവർകൾ ഒക്ടോബർ 9-ാംനു- അരമനയിൽ എത്തി ഉദ്യോഗത്തിൽ പ്രവേശിച്ചിരിക്കുന്നു.

## ഇടവകവാർത്തകൾ

**പുനാട്ടുകര:** ശ്രീ നടക്കാവുകാരൻ ദേവസ്സി ഇനാശു അവർകളുടെ നിര്യാണത്തിൽ ഇന്നാട്ടിലെ നിവാസികളും കുരുടൻ കോൾ, വാലി കോൾ എന്നിനിലങ്ങളുടെ കൃഷിക്കാരും അനുശോചനം രേഖപ്പെടുത്തുകയും പരേതൻെറ ആത്മാവിൻെറ നിത്യശാന്തിക്കായി സ്ഥലം ദേവാലയത്തിൽ പ്രത്യേകംതിരുകർമ്മങ്ങളും പ്രാർത്ഥനയും നടത്തുകയും ചെയ്തിരിക്കുന്നു.

**തൃശൂർ:** തെക്കേക്കര ഇനാശു ദേവസ്സിയും ചൂണ്ടൽ മാത്തുണ്ണി മകൾ ഡെയിസിയും തമ്മിലുള്ള വിവാഹം സെപ്തംബർ 24-ാം തീയതി തിങ്കളാഴ്ച ചൂണ്ടൽ സെൻറു് തോം പള്ളിയിൽ വെച്ചു നടന്നിരിക്കുന്നു. റവ. ഫാദർ ജോർജ്ജ് ചൂണ്ടൽ അവർകളാണു് വിവാഹകർമ്മം ആശീർവ്വദിച്ചതു്.

**പൊന്നാനി:** ഈ സ്ഥലത്തു് ഒരു കത്തോലിക്കാ ദേവാലയം സ്ഥാപിതമായിട്ടു് ഇരുപത്തഞ്ചു സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. 1910-ൽ ഇവിടെ സ്ഥാപിതമായ ആദ്യദേവാലയം നശിപ്പിക്കപ്പെട്ട വേദനാജനകമായ സംഭവം മലബാറിലെ കത്തോലിക്കർ ഈ അവസരത്തിൽ സ്മരിക്കുകയാണു്. അതിനുശേഷം കോട്ടപ്പടി ഇടവകക്കാരുടെ അശ്രാന്തപരിശ്രമത്താൽ 1930-ൽ സംസ്ഥാപിതമായ ഇപ്പോഴത്തെ ദേവാലയം, തൃശ്ശൂർ മിസ്സത്തിൻെറ പരിചരണത്തിൽ അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുകയാണു്.

**വേങ്ങൽ:** നിയോഗി കമ്മിററി റിപ്പോർട്ടിൽ പ്രതിഷേധിക്കുന്നതിനായി സ്ഥലം നിവാസികളുടെ ഒരു യോഗം റവ. ഫാദർ ജേക്കബ് ഒ. ഐ. സി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. കെ. ജെ. കുര്യൻ അവതരിപ്പിച്ചപ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി. പട്ടികജാതി, പട്ടിക വർഗ്ഗങ്ങളിൽനിന്നു ക്രിസ്തുമതത്തിലേക്കു് പരിവർത്തനം ചെയ്തിട്ടുള്ള ആളുകൾക്കുകൂടി വിദ്യാഭ്യാസസൗജന്യം അനുവദിക്കാത്തതിൽ പ്രതിഷേധിച്ചു വേറൊരു പ്രമേയവും പാസ്സാക്കപ്പെട്ടു.

ലീജിയൻ ഓഫ് മേരിയുടെ സെപ്തംബർ ഫങ്ക്ഷൻ സെപ്തംബർ 30-നു- വേങ്ങൽ സെൻറു് മേരീസ് ദേവാലയത്തിൽ കൂടി. റവ. ഫാദർ ജേക്കബ് ഒ. ഐ. സി, മി. പി. ജെ. ജോസഫ് എന്നിവർ പ്രസംഗിച്ചു.

**ഇരിട്ടി:** ഉളിക്കൽഎന്ന സ്ഥലത്തു് ഒരു ബ്രാഞ്ചു് പോസ്റ്റാഫീസ് തുറക്കുകയുണ്ടായി. പോസ്റ്റ് ഇൻസ്പെക്ടർ ആദിയായി ഒരു ജനക്കൂട്ടം അതിൽ പങ്കെടുത്തു. നെല്ലിക്കാംപോയി പള്ളിവികാരി വെരി റവ. ഫാദർ ഫ്റാൻസിസ് വാളായിൽ ഉൽഘാടനകർമ്മം നിർവഹിച്ചു. കുടിയേററക്കാരായ സാധുകർഷകർക്കു് കത്തുകൾ കിട്ടുന്നതിലുള്ള വിഷമതകൾ ഇതുമൂലം പരിഹരിക്കപ്പെട്ടിരിക്കുന്നു. ഉൽഘാടനാനന്തരം ഒരു ചായസൽക്കാരവും ഉണ്ടായിരുന്നു.

## ചരമവാർത്തകൾ

**വൈക്കം:** അന്നാച്ചേരിൽ പരേതനായ ശ്രീ കുഴ്യാക്കോയുടെ ഭാര്യയും സ്ഥലത്തെ സത്യദീപം ഏജൻറു് എ കെ. സേവ്യറിൻെറ മാതാവുമായ മറിയം വാർദ്ധക്യസഹജമായ സുഖക്കേടിനാൽ അന്ത്യകൂദാശകൾ എല്ലാം സുബോധത്തോടെ കൈക്കൊണ്ടു് തൻെറ 80-ാമത്തെ വയസ്സിൽ ഒക്ടോബർ 3-ാം തീയതി രാത്രി 12-30നു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം വൈകുന്നേരം 4 മണിക്കു് നിർവ്വഹിക്കപ്പെട്ടു.

**വരാപ്പുഴ:** പരേതനായ കാട്ടിപറമ്പിൽ പാപ്പുവിൻെറ ഭാര്യ ത്രേസ്യ വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം 81-ാമത്തെ വയസ്സിൽ ഒക്ടോബർ3-ാംനു- ചരമം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം റവ. ഫാദർ ആൻഡ്രൂസ് ഒ. സി. ഡി. യുടെ പ്രധാനകാർമ്മികത്വത്തിൽ യഥാവിധി നിർവഹിക്കപ്പെട്ടു.

R. I. P.

—സ്പെയിനിലെ 56 വൈദികരും സന്യാസികളും വൈദികവിദ്യാർത്ഥികളും ഈയിടെ അവരുടെ വിശ്രമകാലം ബിൽബോയിലെ ഫാക്ടറികളിൽ തൊഴിലാളികളായി ജോലിചെയ്യുകയുണ്ടായി. തങ്ങളുടെ അനുഭവം തൃപ്തികരവും ഫലപ്രദവുമാണെന്നു് അവർ പിന്നീടു പ്രസ്താവിച്ചു.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. 1956 OCTOBER 10 No. 9.


## വിദ്യാഭ്യാസത്തിൽ മാതാപിതാക്കന്മാരുടെ അവകാശം

വിദ്യാഭ്യാസരംഗംപോലെ അവകാശാധികാരങ്ങളെപ്പററി അത്രയേറെ വിവാദകോലാഹലങ്ങൾ നടന്നുകൊണ്ടിരിക്കുന്ന വേറൊരു രംഗമുണ്ടോയെന്നു സംശയമാണ്. ഭാവിതലമുറയ്ക്കു രൂപംകൊടുക്കുന്ന കളരിയായതുകൊണ്ട് നിക്ഷിപ്ത താല്പര്യങ്ങളുള്ള സ്ഥാപനങ്ങളെല്ലാം അതിൽ പങ്കെടുക്കുന്നതിനു ശ്രമിക്കുകയാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ആർക്കെല്ലാം ഇടപെടാൻ അവകാശവും അധികാരവുമുണ്ട്; അവരുടെ കർത്തവ്യങ്ങൾ എന്തെല്ലാമാണ്; അധികാരാവകാശങ്ങളുടെ പരിധി എത്രത്തോളമുണ്ട് എന്നിപ്രകാരമുള്ള മൗലികതത്വങ്ങളെ വിഗണിച്ചുകൊണ്ടാണ് ചിലർ ഈ രംഗം കൈയടക്കുന്നതിനു ബഹളംകൂട്ടുന്നതും അനർഹമായ വിധത്തിൽ അതിൽ നുഴഞ്ഞുകയറുന്നതും. ജപാപ്പസ്തോലസഖ്യത്തിന്റെ ഒക്ടോബർമാസത്തെ പ്രാർത്ഥനാനിയോഗമായി പരിശുദ്ധ മാർപ്പാപ്പാ നിശ്ചയിച്ചിരിക്കുന്നതു് "സ്വസന്താനങ്ങളുടെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കന്മാർക്കുള്ള അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി" എന്നാണല്ലോ. അതുകൊണ്ട് മാതാപിതാക്കന്മാർക്ക് അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ചുള്ള അവകാശത്തെപ്പററി പ്രത്യേകം പരിചിന്തിക്കുന്നതിനുള്ള ഒരവസരമാണിതു്.

വിദ്യാഭ്യാസവിഷയത്തിൽ പ്രമുഖമായ മൂന്നേജൻസികളെയാണ് നമുക്കു വിവേചിക്കുവാൻ കഴിയുക: കുടുംബം, മതം, രാഷ്ട്രം. ഓരോ മനുഷ്യവ്യക്തിയും അവന്റെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നതിനും ജീവിതലക്ഷ്യത്തെ പ്രാപിക്കുന്നതിനും കുടുംബത്തോടും, മതസ്ഥാപനത്തോടും, രാഷ്ട്രത്തോടും ബന്ധപ്പെട്ടിരിക്കാതെ തരമില്ല. അവൻ മാതാപിതാക്കന്മാരിൽനിന്നു ജനിച്ചു കുടുംബത്തിൽ വളരുന്നു; ജീവിതത്തിന്റെ പരമലക്ഷ്യപ്രാപ്തിക്കായി മതത്തിൽ വിശ്വസിച്ച് അതിലൂടെ പരിശ്രമിക്കുന്നു; ഒരു സാമൂഹിക ജീവിയെന്നുള്ള നിലയിൽ ഐഹികജീവിതലക്ഷ്യങ്ങൾ സാധിക്കുന്നതിനു രാഷ്ട്രത്തിന്റെ ഘടകമായി വർത്തിക്കുന്നു. തന്മൂലം ഈ മൂന്നു ഏജൻസികളും ഓരോ വ്യക്തിയുടേയും ജീവിതത്തിൽ ഇടകലർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഓരോ ഘടകവും അതതിന്റെ സംഗതമായ രംഗങ്ങളിൽ ഒതുങ്ങിനിന്നു പരസ്പരം സഹകരിച്ചു പ്രവർത്തിച്ചെങ്കിൽ മാത്രമേ ആ പ്രവർത്തനം വ്യക്തിയുടെ ഗുണത്തിനു പകരിക്കൂ. ഇപ്രകാരം ഒത്തിണങ്ങി പ്രവർത്തിക്കാത്തതുകൊണ്ടാണു പരസ്പരസംഘട്ടനങ്ങൾ ഉൽഭൂതമാകുന്നതും വ്യക്തിക്കു വിനാശകാരണമാകുന്ന പരിതസ്ഥിതികൾ സൃഷ്ടിക്കപ്പെടുന്നതും. അതുകൊണ്ട് വിദ്യാഭ്യാസരംഗം ഫലപ്രദവും ശ്രേയസ്കരവുമാക്കിത്തീർക്കുന്നതിനു മാതാപിതാക്കന്മാരുടേയും മതാധികാരികളുടേയും സർക്കാർ അധികാരികളുടേയും തത്വനിഷ്ഠമായ സഹകരണം അവശ്യാവശ്യമത്രെ.

കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ചു കുടുംബത്തിനുള്ള അവകാശങ്ങളെ പണ്ഡിതനായ പതിമൂന്നാം ലെയോ മാർപ്പാപ്പാ അവിടുത്തെ വിശ്വവിഖ്യാതമായ "റേരും നൊവാരും" എന്ന സാമൂഹികചാക്രികലേഖനത്തിൽ വിശദീകരിച്ചിട്ടുള്ളതിപ്രകാരമാണ്: "സന്താനങ്ങൾ പിതാവിന്റെ ഒരംശമാണ്, പൈതൃകവ്യക്തിത്വത്തിന്റെ ഒരുവിധത്തിലുള്ള വ്യാപിക്കലാണ്. അതുകൊണ്ട് കൃത്യമായി പറഞ്ഞാൽ അവർ നേരിട്ടു സിവിൽസമുദായത്തിലേക്കു വരികയോ അതിന്റെ അംഗങ്ങളായിത്തീരുകയോ അല്ല ചെയ്യുന്നതു്; പ്രത്യുത അവർ ജനിച്ചു വളരുന്നതു കുടുംബംവഴിയാണ്. ഏവംവിധം പൈതൃകമായ അധികാരം മനുഷ്യജീവനുമായിത്തന്നെ അതിന്റെ മൂലത്തിൽ സംഘടിതമായിരുന്നതുകൊണ്ട് അതിനെ രാഷ്ട്രത്തിൽ ലയിപ്പിക്കുന്നതിനോ രാഷ്ട്രത്താൽ നിരാകരിക്കപ്പെടുന്നതിനോ സാദ്ധ്യമല്ല." കിടയററ തത്വശാസ്ത്രപടുവായ തോമസ് അക്വിനാസ് പൈതൃകാധികാരത്തെപ്പററി ഇങ്ങനെ സിദ്ധാന്തിച്ചിരിക്കുന്നു:- "പുത്രൻ പ്രകൃത്യാ പിതാവിന്റെ ഒരു ഭാഗമാണ്......തന്മൂലം ശിശു അതിന്റെ വിവേചനാശക്തി ശരിയായി ഉപയോഗിക്കുന്നതിനുള്ള പ്രായപൂർത്തിയാകുന്നതുവരെ പ്രകൃതിനിയമമനുസരിച്ചു അതിന്റെ പിതാവിന്റെ സംരക്ഷണത്തിൽ ഇരിക്കേണ്ടതാണ്. അതുകൊണ്ട് വിവേചനാശക്തി വികസിതമായിക്കഴിയുന്നതിനു മുമ്പു ഒരു ശിശുവിനെ അതിന്റെ മാതാപിതാക്കന്മാരുടെ സംരക്ഷണത്തിൽനിന്നു നീക്കംചെയ്യുകയോ, അതിനെ സംബന്ധിച്ചു മാതാപിതാക്കന്മാരുടെ ഇഷ്ടത്തിനു വിരുദ്ധമായി ഏതെങ്കിലും നിബന്ധനകൾ ഉണ്ടാക്കുകയോ ചെയ്യുന്നതു് സ്വാഭാവികനീതിക്കെതിരായിരിക്കും" പണ്ഡിതമായ ഈ അഭിപ്രായങ്ങൾ വ്യക്തമായി മനസ്സിലാക്കുന്നുണ്ട്, കുട്ടികളെ സംബന്ധിച്ചു മാതാപിതാക്കന്മാരുടെ അവകാശങ്ങൾ എത്രമാത്രം സ്വാഭാവികങ്ങളും, മൗലികങ്ങളും, അഭേദ്യങ്ങളുമാണെന്നു്. ഏതാദൃശ അവകാശങ്ങളിൽ പരമപ്രാധാന്യം അർഹിക്കുന്നതു് ശിശുവിന്റെ ബുദ്ധിപരവും ധാർമ്മികവുമായ വികസനമാണ്, അഥവാ വിദ്യാഭ്യാസമാണ്. അതുകൊണ്ടാണ് പറയുന്നതു്, കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ചു മാതാപിതാക്കന്മാർക്കുള്ള അവകാശാധികാരങ്ങൾ യാതൊരു സ്ഥാപനത്തിനോ ഏജൻസിക്കോ കൈകടത്താവുന്നവയല്ല എന്നു്.

മതസ്ഥാപനത്തിനു് അഥവാ സഭയ്ക്കും, സിവിലധികാരത്തിനു് അഥവാ രാഷ്ട്രത്തിനും വിദ്യാഭ്യാസത്തിൽ ചില അവകാശങ്ങളുണ്ട് എന്നുള്ളതും ഇവിടെ അനുസ്മരണീയമാണ്. ആദ്ധ്യാത്മികമായ രംഗത്തു പരിപൂർണ്ണാധികാരങ്ങളോടെ സംസ്ഥാപിതമായിട്ടുള്ളതാണ് സഭ. അതിന്റെ മണ്ഡലത്തിൽ അതു പരിപൂർണ്ണമായി സ്വാതന്ത്ര്യവുമാണ്, മനുഷ്യന്റെ ആദ്ധ്യാത്മികാഭിവൃദ്ധിയേയും പരമാന്ത്യപ്രാപ്തിയേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള സഭയുടെ അധികാരാവകാശങ്ങൾ ദൈവദത്തവും അതിൽതന്നെ പ്രകൃത്യാതീതസ്വഭാവത്തോടുകൂടിയതുമാകുന്നു. അതുകൊണ്ട് ഒരു വ്യക്തിയെ സംബന്ധിച്ചു സർവ്വോപരി പ്രാധാന്യമർഹിക്കുന്ന ആദ്ധ്യാത്മിക രംഗത്തിൽ അതു് അധികാരസമന്വിതം പൈതൃകകർത്തവ്യങ്ങളെ പരിപുഷ്ടിപ്പെടുത്തുന്നതിനു പ്രവർത്തിക്കുകയാണ്. മാതാപിതാക്കന്മാർ അവരുടെ കൃത്യനിർവ്വഹണത്തിൽ ഈ അധികാരസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്കു വിധേയരാകുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നു. രാഷ്ട്രത്തിന്റെ ലക്ഷ്യം വ്യക്തികളുടെ ഭൗമികസൗഭാഗ്യസമ്പാദനമാർഗ്ഗങ്ങളെ സജ്ജീകരിക്കുകയാണ്. ഭൗമികരംഗത്തു ജനക്ഷേമകരമായ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും നിയമത്താൽ ബന്ധിക്കുന്നതിനും അതിനു പരിപൂർണ്ണമായ അധികാരസ്വാതന്ത്ര്യങ്ങളുണ്ട്. ന്യായയുക്തമായ അതിന്റെ ആജ്ഞകളേയും നിയമങ്ങളേയും അനുസരിക്കുന്നതിനു എല്ലാ പൗരന്മാരും ബാദ്ധ്യസ്ഥരാണ്. അതിന്റെ അധികാരവും, എല്ലാ അധികാരങ്ങളുടെയും ആസ്ഥാനമായ ദൈവികാധികാരത്തിൽനിന്നു വരുന്നതുകൊണ്ട് നിയമലംഘനം പാപകരമായിത്തീരുന്നു. പക്ഷെ രാഷ്ട്രത്തിന്റെ അധികാരം അതിനു മുമ്പുള്ള കുടുംബത്തിന്റെ അധികാരാവകാശങ്ങളേയോ, അതിലുപരിയായ ആദ്ധ്യാത്മികാധികാരത്തെയോ അവഗണിക്കുന്നതോ അതിലംഘിക്കുന്നതോ ആയിരിക്കാൻ നിവൃത്തിയില്ല. കുടുംബത്തിന്റേയും സഭയുടേയും അധികാരാവകാശങ്ങളെ അതിക്രമിച്ചുള്ള രാഷ്ട്രത്തിന്റെ അധികാരപ്രയോഗം അധികാരത്തിന്റെ ഒരു ദുഷ്പ്രയോഗം മാത്രമായിരിക്കും. ഇപ്രകാരമുള്ള ദുഷ്പ്രയോഗങ്ങളാണ് ഓരോ രംഗങ്ങളിലും തീരാത്ത സംഘട്ടനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതു്. വിദ്യാഭ്യാസരംഗത്തേയും കഥ അതുതന്നെ. അതുകൊണ്ടു കുട്ടികളുടെ വിദ്യാഭ്യാസരംഗത്തിൽ അവശ്യം പ്രവർത്തിക്കേണ്ട കുടുംബവും, സഭയും, രാഷ്ട്രവും അതതിന്റെ ന്യായയുക്തമായ പരിമിതികളേയും അധികാരാവകാശങ്ങളേയും പരിഗണിച്ചു പ്രവർത്തിക്കുമെങ്കിൽ ഉദ്ദിഷ്ടലക്ഷ്യത്തിലേക്കു ഭാവിതലമുറയെ വിജയപൂർവ്വം നയിക്കുന്നതിനു സാധിക്കുന്നതത്രെ.

## പ്രസാധകക്കുറിപ്പുകൾ

### കരിയാററി മെത്രാപ്പോലീത്തായുടെ പൂജ്യാവശിഷ്ടങ്ങൾ

കേരളസുറിയാനി സമുദായത്തിന്റെ അഭിമാനപാത്രവും പുനരൈക്യത്തിന്റെ പുരാതനപ്രേഷിതോത്തംസവും സർവ്വോപരി പുണ്യശ്ലോകനുമായ യശശ്ശരീരനായ കരിയാററിൽ മാർ യൗസേപ്പു മെത്രാപ്പോലീത്താ തിരുമനസ്സിലെ സംപൂജ്യമായ ശരീരാവശിഷ്ടങ്ങൾ അദ്ദേഹത്തിന്റെ ചരമസ്ഥാനമായ ഗോവയിൽ രണ്ടു നൂററാണ്ടുകളോളമായി അജ്ഞാതമായ നിലയിൽ വിലയം കൊള്ളുകയാണല്ലോ. അദ്ദേഹത്തിന്റെ കഴിമാടത്തെപ്പററി അറിവു ലഭിച്ചതോടെ അവശിഷ്ടം കേരളത്തിൽ കൊണ്ടുവന്നു പ്രതിഷ്ഠിക്കുന്നതിനുള്ള അഭിലാഷം സ്വദേശീയ ഹൃദയങ്ങളിൽ മുളയെടുത്തുവെങ്കിലും അതേപ്പററി കാര്യക്ഷമമായ നടപടികൾ അടുത്തകാലത്തു മാത്രമാണു സ്വീകരിക്കപ്പെട്ടതു്. അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് ഇക്കാര്യത്തിൽ മുൻകൈയെടുത്തു പരിശ്രമിക്കുകയും അതിനായി പ്രത്യേകം ഭരമേല്പിക്കപ്പെട്ട കമ്മററിയുടെ പ്രവർത്തനങ്ങൾ ഏറെക്കുറെ സാഫല്യത്തിലെത്തുകയും ചെയ്തിരിക്കുകയാണ്. പ്രസ്തുതാവശിഷ്ടങ്ങൾ കേരളത്തിൽ എവിടെയാണ് സ്ഥാപിക്കേണ്ടതെന്ന അനന്തരപ്രശ്നം കമ്മററി പര്യാലോചിക്കുകയും കമ്മററിയുടെ കൺവീനർ വെരി റവ. മോൺ. ജോൺ കച്ചിറമററം സെപ്റ്റംബർ 27-ാം തീയതി കൂടിയ കേരളത്തിലെ സീറിയൻ ഹയരാർക്കികളുടെ അഭിപ്രായത്തിനു സമർപ്പിക്കുകയും ചെയ്തു. അർഹമായ വിവിധ കേന്ദ്രങ്ങളുണ്ടെങ്കിലും സൽപുരുഷന്റെ സ്വദേശവും പ്രവർത്തനരംഗവുമായിരുന്ന ആലങ്ങാട്ടു തന്നെയാണ് അവശിഷ്ടം സ്ഥാപിക്കപ്പെടേണ്ടതെന്നു അഭിവന്ദ്യ തിരുമേനിമാർ ഏകയോഗമായി അഭിപ്രായപ്പെട്ടു. ഉടനു് ഒക്ടോബർ 2-ാം തീയതി കോട്ടയത്തു സമ്മേളിച്ച കമ്മിററിയംഗങ്ങളുടേയും പ്രത്യേക ക്ഷണമനുസരിച്ചു സന്നിഹിതനായിരുന്ന കത്തോലിക്കാകോൺഗ്രസ് പ്രസിഡണ്ടു് അവർകളുടെയും പ്രത്യേക യോഗത്തിൽ കൺവീനർ നൽകിയ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങളുടെ വിശദീകരണങ്ങളെ ആധാരമാക്കി ഏതാനും നിശ്ചയങ്ങൾ അംഗീകരിച്ചു 1. കരിയാററി മെത്രാപ്പോലീത്താ തിരുമനസ്സിലെ പൂജ്യാവശിഷ്ടങ്ങൾ ഗോവയിൽനിന്നു കൊണ്ടുവന്നു, അദ്ദേഹത്തിന്റെ ജന്മദേശത്തു്, ആലങ്ങാട്ടു പള്ളിയിൽ സ്ഥാപിക്കുന്നതിനു മലബാർ സീറിയൻ ബിഷപ്പ്സ് കോൺഫറൻസ് തീരുമാനം ചെയ്തനുവദിച്ചതിൽ ഹയരാർക്കിയോടു് കമ്മിററിക്കുള്ള ഹൃദയപൂർവ്വകമായ കൃതജ്ഞത ഭക്തിപൂർവ്വം രേഖപ്പെടുത്തുകയും; 2. ഈ കാര്യം സംബന്ധിച്ചു ഉടനു് ആവശ്യമായ കത്തിടപാടുകൾ കേന്ദ്രഗവമെണ്ടും അപ്രകാരംതന്നെ സംഗതമായ മററു് എല്ലാ അധികാരികളുമായി ത്വരിതഗതിയിൽ നടത്തുന്നതിനു കൺവീനറെ ചുമതലപ്പെടുത്തുകയും; 3. അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമനസ്സുകൊണ്ടു ഈ കമ്മററിയുടെ രക്ഷാധികാരിയായിരിക്കണമെന്നുള്ള അപേക്ഷ എറണാകുളം മെത്രാപ്പോലീത്താവഴി അയക്കണമെന്നു നിശ്ചയിക്കുകയും; 4. ഒരു സ്മാരകഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു റവ. ഫാദർ ആൻഡ്റൂസ് ടി. ഒ. സി. ഡി., റവ. ഫാദർ തോമസ് അരയത്തിനാൽ, മെ. വി. സി. ജോർജ്ജ്, പി. സി. ലൂക്കോസ്, ററി. കെ. വർക്കി എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു. ഏവംവിധം ചിരപ്രതീക്ഷിതവും നമ്മുടെ ഒരു വീരപുരുഷനെ യഥാവിധി ബഹുമാനിക്കുന്നതും ആത്മാഭിമാനപ്രചുരിതവുമായ ആ സംഭവം സാക്ഷാത്കരിക്കപ്പെടുവാൻ പോവുകയാണ്. എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണവും ഉദാരമായ സഹായങ്ങളും ഇക്കാര്യത്തിൽ പ്രകടമാകാതിരിക്കുകയില്ല എന്നും ആ മഹാമഹം അതിനനുയോജ്യമായ വിധംആചരിക്കപ്പെടുമെന്നും ഉറച്ചു വിശ്വസിക്കാവുന്നതാണല്ലോ.

x x x x

### ഒസ്സർവത്തോരെ റൊമാനൊ നിയോഗി റിപ്പോർട്ടിനെ പരാമർശിക്കുന്നു

ഇന്ത്യയിൽ മദ്ധ്യപ്രദേശത്തെ ക്രൈസ്തവ മിഷ്യനുകളെപ്പററിയുള്ള ഒരന്വേഷണക്കമ്മിററി (നിയോഗിക്കമ്മിററി)യുടെ റിപ്പോർട്ട് വസ്തുനിഷ്ഠമായ ഒരു രേഖയല്ലെന്നും നേരെമറിച്ച് അതു് വിവാദാത്മകമായ ഒരു ദൂഷണപത്രികയാണെന്നും അതിൽ കത്തോലിക്കാ വിശ്വാസത്തിന്റെനേർക്ക് സങ്കുചിതമായ ദേശീയചിന്താഗതിയോടു ബന്ധപ്പെട്ട ഒരു വിദ്വേഷബുദ്ധി ഉൾക്കൊള്ളുന്നുവെന്നും വത്തിക്കാൻ അർദ്ധൗദ്യോഗികപത്രമായ ഒസ്സർവത്തോരെ റൊമാനൊ പ്രസ്താവിച്ചിരിക്കുന്നതായി റോയിട്ടർ റിപ്പോർട്ടുചെയ്യുന്നു. പ്രസ്തുത പത്രത്തിന്റെ പത്രാധിപർ ഫ്റെഡറിക്കൊ അലെസാൻഡ്റീണി എഴുതിയിട്ടുള്ള മുഖപ്രസംഗത്തിൽ, ഇന്ത്യയിലെ കത്തോലിക്കാ മെത്രാന്മാർ പ്രസ്തുത റിപ്പോർട്ടിലെ ആരോപണങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഒരപലപനം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടെന്നു ചൂണ്ടിക്കാണിച്ചിരിക്കുന്നു. അന്വേഷണക്കമ്മിററി ഉന്നയിച്ച പ്രധാന പോയിൻറ് റിപ്പോർട്ടിലെ വാക്കുകളിൽതന്നെ മുഖപ്രസംഗത്തിൽ ഉദ്ധരിച്ചിട്ടുണ്ട്: "കത്തോലിക്കാസഭയെ പ്രതിനിധാനം ചെയ്യുന്ന പേപ്പസിയും അമേരിക്കൻ ഡെമോക്രസിയും ക്രിസ്തുമതത്തിലേക്കു കൂടുതൽ ആളുകളെ കിട്ടുവാനും കമ്മ്യൂണിസത്തിനെതിരായി പൊരുതുവാനും ഇന്നു യോജിച്ചിരിക്കുന്നു. പേപ്പസി അതിന്റെ മതപരമായ സാമ്രാജ്യം വിസ്തൃതീകരിക്കുവാനും അമേരിക്കൻ ഡെമോക്രസി ലോകമേധാവിത്വം കരസ്ഥമാക്കുവാനും അഭിലഷിക്കുന്നു" എന്നാണ് കമ്മിററി റിപ്പോർട്ടിൽ പറയുന്നതു്.

ഒസ്സർവത്തോരെ റൊമാനൊ ഇതേപ്പററി ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു. കമ്മ്യൂണിസത്തിന്റെ കത്തോലിക്കാ വിരുദ്ധനയത്തെ ഇന്ത്യൻ കത്തോലിക്കരുടെമേൽ കെട്ടിയേല്പിക്കുവാൻ ചിലർ ആഗ്രഹിക്കുന്ന "പരിഷ്കാര"ത്തോടു താരതമ്യപ്പെടുത്തുവാനുള്ള പ്രേരണയ്ക്കു ഞങ്ങൾ വഴങ്ങുന്നില്ല. അന്വേഷണക്കമ്മിററിയിലെ അംഗങ്ങൾ കമ്മ്യൂണിസ്റ്റുകാരൊന്നുമായിരിക്കുകയില്ലെന്നു കരുതുന്നു. എന്നാൽ ഏഷ്യൻ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പ്രചരണരീതിക്കും പ്രവർത്തനങ്ങൾക്കും സർവ്വസാധാരണമായിട്ടുള്ള ചില രീതികൾതന്നെ അവരും സ്വീകരിക്കുന്നുവെന്ന വസ്തുതയ്ക്കു ഇതു മാററം വരുത്തുന്നില്ല.

ഉദാഹരണമായി, ഈ റിപ്പോർട്ടു പുറത്തുവന്നയുടനെ ക്രൈസ്തവമിഷ്യനറിമാരെ ബഹിഷ്കരിച്ചും ഒരു "സ്വതന്ത്ര"വും സ്വാഭാവികമായി "ദേശഭക്തവുമായസഭ" സ്ഥാപിച്ചും ഇന്ത്യയിലും ചൈനയുടെ മാതൃക അനുകരിച്ചേക്കാമെന്നതിൽ ചൈനീസ് പത്രങ്ങൾ ആഹ്ളാദം പ്രകടിപ്പിക്കുകയുണ്ടായി. ഈ അനുമോദനങ്ങളിൽനിന്നു് നിഗമനങ്ങളിലെത്തിച്ചേരുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അനുമോദനങ്ങൾ ഉണ്ടായിയെന്ന വസ്തുത സ്വയമേവ ശ്രദ്ധാർഹമാണ്.

x x x

### അടുത്ത ഫെബ്രുവരിയിൽ തിരഞ്ഞെടുപ്പു നടക്കും

അടുത്ത ഫെബ്രുവരി ആദ്യമോ അഥവാ ഫെബ്രുവരി മൂന്നാം വാരത്തിലോ അടുത്ത പൊതുതിരഞ്ഞെടുപ്പു നടത്തുന്നതിനുള്ള ഒരുക്കങ്ങളെല്ലാം എലക്ഷൻ കമ്മീഷൻ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്. പോളിംഗ് പൂർത്തിയാകുവാൻ വേണ്ടിവരുന്ന ഏററവും കുറഞ്ഞ കാലാവധി രണ്ടാഴ്ചയാകുന്നു.

ആവശ്യമെങ്കിൽ പുതിയ ബാലട്ട് പെട്ടികൾ പണികഴിപ്പിക്കുകയും ഇപ്പോഴുള്ളവ കേടുപോക്കുകയും ചെയ്യുന്ന ജോലി പുരോ

ഗമിപ്പിക്കേണ്ടതാണെന്നു് എലക്ഷൻ കമ്മീഷൻ വിവിധസംസ്ഥാനങ്ങളിലെ ചീഫ് എലക്ട്രൽ ഓഫീസർമാർക്കു് നിർദ്ദേശം നൽകിയിട്ടുള്ളതായറിയുന്നു.

രാജ്യത്തെ ജനസംഖ്യാവർദ്ധനവുമൂലം അടുത്ത തിരഞ്ഞെടുപ്പിൽ വോട്ടർമാരുടെ സംഖ്യ 5 ശതമാനം വർദ്ധിച്ചിട്ടുണ്ടാകുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വോട്ടർമാരുടെ മൊത്തസംഖ്യ 17.32 കോടിയായിരുന്നു. അതിൽ 45 ശതമാനം സ്ത്രീകളും.

51 കോടി ബാലട്ടുപേപ്പറുകൾ അടുത്ത പാർലമെൻറു്, അസംബ്ളി പൊതുതിരഞ്ഞെടുപ്പുകൾക്കുവേണ്ടി അച്ചടിക്കാൻ ഓർഡർ കൊടുത്തിട്ടുണ്ടു്. ബാലട്ടു് പേപ്പറുകളുടെ ഡിസൈൻ ഇപ്പോൾ രഹസ്യമായി സൂക്ഷിക്കപ്പെട്ടിരിക്കുകയാണു്. ഡിസംബർ അവസാനത്തോടുകൂടി അവ വിവിധ സംസ്ഥാനങ്ങളിൽ എത്തിച്ചേരും.

ഒറീസ്സാ, പശ്ചിമബംഗാൾ, സൗരാഷ്ട്ര, തിരു-കൊച്ചി, കൂർഗ്, ഡൽഹി, ഹിമാചൽപ്രദേശ്, ത്രിപുരം, വിന്ധ്യാപ്രദേശ് ഇവ ഒഴികെയുള്ള സംസ്ഥാനങ്ങളിലെ അവസാന സമ്മതിദായകപ്പട്ടികകൾ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. മേല്പറഞ്ഞ ശേഷിച്ച സ്റ്റേറ്റുകളിലും നവംബറിനു മുൻപായി വിവിധ തീയതികളിൽ അവസാനപട്ടിക പ്രസിദ്ധപ്പെടുത്തുന്നതാണു്.

അടുത്ത പൊതുതിരഞ്ഞെടുപ്പിനു് ഭണ്ഡാഗാരത്തിൽനിന്നു എന്തു ചെലവുവരുമെന്നു് ഇപ്പോൾ കണക്കുകൂട്ടുക അകാലികമായിരിക്കും. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ കേന്ദ്രവും സംസ്ഥാനങ്ങളും വഹിച്ച ചെലവു് 10.45 കോടിക. ആയിരുന്നു എന്നാണു് ആസന്നമായിരിക്കുന്ന തിരഞ്ഞെടുപ്പിനെപ്പററി റിപ്പോർട്ടു ചെയ്തിരിക്കുന്നതു്.

തിരഞ്ഞെടുപ്പു സംബന്ധിച്ച ഒരു തിരുവനന്തപുരം റിപ്പോർട്ടിൽ പറയുന്നതിപ്രകാരമാണു്: തെരഞ്ഞെടുപ്പു അടുത്തുവരുന്നു. കേരളത്തിലെ ആദ്യപൊതുതെരഞ്ഞെടുപ്പു്. അഖിലേന്ത്യാ വ്യാപകമായി നടക്കുന്ന പൊതുതെരഞ്ഞെടുപ്പിൻെറ ഒരു ഭാഗമായിട്ടാണു് ഇവിടെയും പൊതുതെരഞ്ഞെടുപ്പു് നടക്കുന്നതെങ്കിലും മററു പലതിലുമെന്നപോലെ കേരളത്തിലെ തെരഞ്ഞെടുപ്പിനും ഒരു പ്രത്യേകതയുണ്ടു്. ഇന്ത്യയിലെ ഏററവും പ്രബുദ്ധരായ ജനവിഭാഗത്തെ ഉൾക്കൊള്ളുന്ന സാക്ഷരത്വത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ സ്റ്റേററു് ഒരു തരത്തിൽ പറഞ്ഞാൽ ഇന്ത്യൻ ഡെമോക്രസിയുടെ ഉരകല്ലാണു്. ഇവിടത്തെ തെരഞ്ഞെടുപ്പുഫലം ഒരു "ടെസ്റ്റു്കേസ്സാ"ണു്.

അടുത്ത ഫെബ്രുവരിയിൽതന്നെ നടക്കുമെന്നു മിക്കവാറും തീർച്ചയായിക്കഴിഞ്ഞിരിക്കുന്ന ആ "മാമാങ്കത്തിനു" തയ്യാറെടുപ്പാരംഭിച്ചുകഴിഞ്ഞു. കക്ഷികൾ ഒന്നും രണ്ടുമല്ല, പലതാണിവിടെ രംഗത്തിറങ്ങുന്നതു്. ആരെല്ലാം എങ്ങനെയെല്ലാം അടക്കളത്തിൽ അണിനിരക്കുമെന്നു മാത്രമേ കണ്ടറിയേണ്ടതുള്ളു. ഭീഷ്മരും, ദ്രോണരും, ദുശ്ശാസനനും, കർണ്ണനും, ധൃതരാഷ്ട്രരും, ശിഖണ്ഡിയും എല്ലാമുള്ള "പുണ്യഭൂമി"യാണിതു്. ആചാര്യന്മാരിൽ ചിലരുടെ കക്ഷിക്കൂറുകൾ ഇനിയും വ്യക്തമായിട്ടില്ലെന്നുമാത്രം. പടയണിയുടെ പടഹധ്വനി പാളയങ്ങളിൽ കേട്ടുതുടങ്ങിയിട്ടുണ്ടു്. ഓരോ കക്ഷിയും പ്രയോഗിക്കേണ്ട ആയുധങ്ങൾ തെരഞ്ഞുപിടിച്ചു് മൂർച്ചകൂട്ടുന്നു. രണാങ്കണത്തിൽ ആത്മബലി നടത്താൻ തയ്യാറുള്ളവരിൽനിന്നും റിക്രൂട്ടിങ്ങു് നടത്തുന്നു. എന്തായാലും ശ്രുക്ഷമായ ആ സമരം അനിവാര്യമാണു്. ആരുജയിക്കും, ആരു ഭരിക്കും എന്നതുമാത്രമേ പ്രവചനാതീതമായ ഒരു വസ്തുതയായി അവശേഷിക്കുന്നുള്ളു.

# വിവിധവൃത്താന്തങ്ങൾ

## റോമയിലെ ബീഡാകോളെജ്

വളരെ പ്രായംചെന്നശേഷം വൈദികവൃത്തി സ്വീകരിക്കുന്നവരെ ഉദ്ദേശിച്ചു റോമയിൽ സ്ഥാപിച്ചിട്ടുള്ള ഒരു ആംഗ്ലേയസെമ്മിനാരിയാണു ബീഡാകോളെജ്. സെൻറു് നിക്കൊളാസിൻെറ നാമത്തിലുള്ള തെരുവിൽ സ്ഥിതിചെയ്യുന്ന ആ കെട്ടിടം വളരെ പഴയതായിയെന്നു മാത്രമല്ല, പ്രവേശനം ആവശ്യപ്പെടുന്ന അപേക്ഷകരെയെല്ലാം സ്വീകരിക്കുന്നതിനു വേണ്ട വലുപ്പമില്ലാത്തതുമാണിരിക്കുന്നതു്. ഇപ്പോൾ ബീഡാകോളെജ് പുതുതായി പണിയുന്നതിനു വത്തിക്കാനിൽ തന്നെ ഒരു സ്ഥലം മാർപ്പാപ്പാതിരുമേനി നൽകിയിരിക്കുന്നു. സെൻറു് പോൾസ് ബസ്സിലിക്കായുടേയും ടൈബർനദിയുടേയും ഇടയ്ക്കു ബസ്സിലിക്കായുടെ മുഖവാരത്തിനഭിമുഖമായി ഇതു നിർമ്മിക്കുന്നതാണു്.

## സയൻസും കലയും പഠിക്കുക

കാസ്റ്റൽഗൺഡോൾഫോയിലെത്തി തന്നെ സന്ദർശിച്ച 600 ഇററാലിയൻവൈദികരോടു പരിശുദ്ധ പിതാവു ചെയ്ത പ്രസംഗത്തിൽ, "തെററായ താത്വികപദ്ധതി"കളോടു സമരംചെയ്യുന്നതിലേക്കു വൈദികർ ആധുനികശാസ്ത്രവും കലയും ടെക്നോളജിയും പഠിച്ചിരിക്കണമെന്നു ഉദ്ബോധിപ്പിക്കുകയുണ്ടായി. ആത്മാവുകളുടെ രക്ഷയിൽ വ്യാപൃതരായിരിക്കുന്ന വൈദികർ ആധുനികശാസ്ത്രവും കലയും ടെക്നോളജിയും പറയുന്നതെന്താണെന്നു് അവശ്യം മനസ്സിലാക്കിയിരിക്കണമെന്നാണു് തിരുമേനി പ്രസ്താവിച്ചതു്. ആധുനികശാസ്ത്രങ്ങളിലേക്കു് ഇറങ്ങിച്ചെന്നു്, ശാസ്ത്രീയവെളിച്ചത്തിൽ സഭയുടെ പഠനങ്ങളെ വിശദീകരിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്ന ദൈവശാസ്ത്രജ്ഞന്മാരെ തിരുസിംഹാസനം സ്നേഹിക്കുകയും അഭിനന്ദിക്കുകയും സഹായിക്കുകയുമാണു ചെയ്യുന്നതെന്നു തിരുമേനി പ്രസ്താവിച്ചു.

Thanksgiving



For Favours Received
Excuse delay
M. Thomas, Shertallay

## അന്താരാഷ്ട്രീയ ലിററർജിക്കൽ കോൺഗ്രസ്

ആരാധനക്രമം സംബന്ധിച്ച പ്രശ്നങ്ങളെപ്പററി ചർച്ചചെയ്യുന്നതിനായി അസീസിയിൽ സമ്മേളിച്ച അന്താരാഷ്ട്രീയലിററർജിക്കൽ കോൺഗ്രസിൽ, ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നുമുള്ള മെത്രാന്മാരും വൈദികരുമായി 1300 പ്രതിനിധികൾ സംബന്ധിച്ചിരുന്നു. റീത്തുകളുടെ തിരുസംഘമാണു് ഇദംപ്രഥമമായി ഇങ്ങനെയൊരു സമ്മേളനം വിളിച്ചുകൂട്ടിയതു്. അമേരിക്കയിലെ 93 മെത്രാന്മാരുടെ നിർദ്ദേശങ്ങളടങ്ങിയ ഒരു റിപ്പോർട്ടു് ആർച്ചുബിഷപ്പു് ഒഹാരാ—ഇദ്ദേഹം മിലാനിൽവെച്ചു് ഹൃദയസ്തംഭനംമൂലം നിര്യാതനായി— ഹാജരാക്കിയിരുന്നു. അതിലൊന്നു വിശുദ്ധവാരതിരുക്കർമ്മങ്ങളിലെ പ്രാദേശികഭാഷയ്ക്കു കൂടുതലായ സ്ഥാനം നൽകണമെന്നുള്ളതാണു്. ഈ കോൺഗ്രസിലെ ചർച്ചകളുടെ ഫലമായി ആരാധനക്രമത്തിൽ പല പരിഷ്കാരങ്ങളും ഉണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

## ആർച്ചുബിഷപ്പിനെ കാണാൻ നടത്തിയ ശ്രമം


ഇൻറർനാഷനൽ യൂണിയൻ ഓഫ് സ്റ്റുഡൻറ്സ് എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞമാസത്തിൽ ചെക്കോസ്ലോവാക്കിയായിലെ പ്രേഗിൽവെച്ചു് ഒരു അന്താരാഷ്ട്രീയവിദ്യാർത്ഥികോൺഗ്രസ് നടന്നിരിക്കുന്നു. അതിൽ നിരീക്ഷകരായി സംബന്ധിച്ചിരുന്ന ഒരുതരം കത്തോലിക്കാവിദ്യാർത്ഥികൾ ഇപ്പോൾ തടങ്കലിലായിരിക്കുന്ന പ്രേഗ് മെത്രാപ്പോലീത്തായെ സന്ദർശിക്കുന്നതിനു് ഒരു ശ്രമം നടത്തുകയുണ്ടായി. ചെക്കോസ്ലോവാക്കിയായിലെ ആരോഗ്യമന്ത്രിയുടെ ആഫീസിൽവെച്ചു്, കത്തോലിക്കാ പീപ്പിൾസ് പാർട്ടിയുടെ നേതാവായ ഡോക്ടർ പിദയാജ്ഹാറിനെ കാണുവാൻ ക്ഷണിക്കപ്പെട്ടതനുസരിച്ചാണു് അവർ ചെന്നതു്. മെത്രാപ്പോലീത്തായെ കാണാമെന്നും പക്ഷേ നയതന്ത്രപ്രതിനിധികൾവഴി അപേക്ഷിക്കണമെന്നും ആയാൾ പറഞ്ഞു. ഇതനുസരിച്ചു് അനേകം ആഫീസുകളിൽ ആ വിദ്യാർത്ഥികൾ മുട്ടിത്തിരിഞ്ഞു. പക്ഷെ കാണാൻ അനുവാദം ലഭിച്ചില്ല. ആർച്ചുബിഷപ്പു് ബെറാൻ അജ്ഞാതമായ ഏതോ സ്ഥലത്തു തടങ്കലിൽ വയ്ക്കപ്പെട്ടിരിക്കുന്നുവെന്നാണു പറയപ്പെടുന്നതു്.

## ഷീനിൻെറ അസിസ്റ്റൻറ്


അമേരിക്കയിലെ സുപ്രസിദ്ധ വൈദികശ്രേഷ്ഠനും, റേഡിയോ-ടെലിവിഷൻ പ്രഭാഷകനും, അമേരിക്കയിലെ വേദപ്രചാരസംഘം ഡയറക്ടരുമായ ബിഷപ്പു് ഫൾട്ടൻ ഷീൻ തൻെറ പേഴ്സനൽ അസിസ്റ്റൻറായി മംഗലാപുരം സ്വദേശിയായ റവ. ഡോക്ടർ ഹെർമൻ ഡിസൂസായെ നിയമിച്ചിരിക്കുന്നു. വേദപ്രചാരസംഘത്തിൻെറ ഉപഡായറക്ടർമാരുടെ, അഞ്ചുവർഷത്തിലൊരിക്കൽ കൂടുന്ന ദേശീയകൺവൻഷൻ അടുത്തുതന്നെ പ്രൊപ്പഗാന്താതിരുസംഘംസിക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്നുണ്ടു്. ഈ കൺവൻഷൻെറ നടത്തിപ്പിൽ ബിഷപ്പു് ഷീനെ സഹായിക്കുകയാണു ഫാദർ ഡിസൂസായുടെ ഒരു ജോലി. ഫോർഡാംസർവ്വകലാശാലയിൽനിന്നു പി എച്ച്. ഡി. ബിരുദം നേടിയിട്ടുള്ള ഫാദർ ഡിസൂസാ ഇൻഡ്യയിൽ തിരിച്ചെത്തുമ്പോൾ ന്യൂഡൽഹിയിലുള്ള ഇൻഡ്യൻ കാതലിക്കു് ബിഷപ്പ്സ് കോൺഫറൻസ് ആഫീസിൽ ജോലിചെയ്യുന്നതാണു്.

## ഐറിഷ് കുടിയേററം


ഡബ്ളിൻ പോലീസു സ്ക്കൂളിൻെറ സൂപ്രണ്ടായ മി. ചെൻറികീഴടക്കാരുണ്ടെന്നും, ... ഒഹാരായുടെ നേതൃത്വത്തിൽ 64 ഐറിഷ്പോലീസുകാർ ഈയിടെ കാസ്റ്റൽഗൺഡോൾഫോയിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചിരിക്കുന്നു. തദവസരത്തിൽ തിരുമേനി അവരോടു ചെയ്ത പ്രസംഗത്തിൽ ഐറിഷ്കാരുടെ ഇടയിൽ വർദ്ധമാനമായി കാണുന്ന കുടിയേററതാല്പര്യത്തിൽ തിരുമേനി ആശങ്കപ്രകടിപ്പിക്കുകയുണ്ടായി. കുടിയേറുന്ന രാജ്യത്തിലും അവർക്കു മാർഗ്ഗദർശനവും സംരക്ഷണവും നൽകുന്ന നക്ഷത്രം അവരുടെ വിശ്വാസംതന്നെയായിരിക്കുമോയെന്നു തിരുമേനി ആശങ്ക പ്രകടിപ്പിച്ചു. നിർഭാഗ്യത്തിൻെറ കരാളമായ വിനാഴികയിൽ ഭൗതികത്വം മനുഷ്യഹൃദയങ്ങളെ ... അത്യുന്നത



ഇന്ത്യൻ നാവികസേനയിലെ ഒരു കപ്പൽ സമുദ്രത്തിൽവെച്ചു എണ്ണ നിറയ്ക്കുന്നു



ഐ. എൻ. എസ്. ഡൽഹിയിൽവെച്ചു പ്രധാനമന്ത്രി നെഹ്റു ഗാർഡ് ഓഫ് ഓണർ പരിശോധിക്കുന്നു



ബോംബെയിൽവെച്ചു നടന്ന നേവൽ പരിശോധനാവസരത്തിൽ പങ്കെടുത്ത ഇന്ത്യൻ നാവികപ്പടയിലെ ചില കപ്പലുകളും നാവികവിമാനങ്ങളും

## അടുത്തയാഴ്ചയിൽ

ഒക്ടോബർ
11 വ്യാ: വി. ഗോർഗോനിയോസ്
12 വെ: യോഹന്നാൻ മാംദാനയുടെ പിറവി
13 ശ: വി. എദ്വാർദോസ്
14 ഞാ: പന്തക്കുസ്ത 21-ാം ഞാ. ക. മറിയത്തിൻെറ മാതൃത്വം
15 തി: വി. ത്രേസ്യ
16 ചൊ: വി. കെവുറേലോസും മെത്തോദിസും
17 ബു: വി. മറിയം അലക്കോക്കു്

വും ഉത്തമവുമായ നന്മയെന്നു ഹൃദയത്തിൽ ബോദ്ധ്യമുള്ളവയെപ്പോലും ഗോപനംചെയ്യാറുണ്ടെന്നും തിരുമേനി ചൂണ്ടിക്കാണിച്ചു. കുടിയേറുന്ന ഐറിഷ്കാരുടെ ആദ്ധ്യാത്മികകാര്യങ്ങളിൽ വൈദികർ പ്രത്യേകം ശ്രദ്ധചെലുത്തുവാൻ അവിടുന്നു ഉദ്ബോധിപ്പിക്കുകയുംചെയ്തു.

## മദ്യവർജ്ജനപ്രസ്ഥാനം

ഈ പോലീസുകാർ അയർലണ്ടിലെ പയനീയർ ടോട്ടൽ ആബ്സ്റ്റിനൻസ് അസോസിയേഷന്റെ അംഗങ്ങളാണു്; ആ സംഘം ചെയ്യുന്ന മഹാദേലകളെ മാർപ്പാപ്പാ തിരുമേനി ശ്ലാഘിച്ചു. "കുടുംബങ്ങളിലെ ആനന്ദത്തേയും ചിരിയേയും മുക്കിക്കളയത്തക്കവണ്ണം അത്ര വലുതായ ഒരു കണ്ണുനീർപ്രവാഹമാണു മിതപാനഭിത്തികളുടെ വിള്ളലുകളിൽക്കൂടി ഒഴുക്കിക്കൊണ്ടിരിക്കുന്ന"തെന്നു തിരുമേനി ചൂണ്ടിക്കാണിച്ചു. ലോകത്തിലെ ഒന്നിലധികം രാജ്യങ്ങളിൽ കുടിയിലുള്ള സംയമനമില്ലായ്മയും, അമിതമായ മദ്യപാനാസക്തിയും പീഡാകരമായ വിപത്തും ക്രിസ്തുവിനാൽ സമുദ്ധരിക്കപ്പെട്ട ആയിരക്കണക്കിനു ആത്മാവുകൾക്കു നാശവുമായിത്തീരുന്നുണ്ടെന്നു തിരുമേനി പ്രസ്താവിച്ചു. "ഈ തിന്മയുടെ കാരണങ്ങളെ ഇല്ലാതാക്കുന്നതിനു പ്രയത്നിക്കുന്ന, പ്രത്യേകിച്ചു സന്മാതൃകമൂലം, എല്ലാവരേയും കൃതജ്ഞതാപൂർവ്വകമായ സ്നേഹത്തോടുകൂടി നാം ആശീർവ്വദിക്കുന്നു"എന്നു തിരുമേനി അരുളിച്ചെയ്തു.

## കല കലയ്ക്കുവേണ്ടിയല്ല

നന്മയെപ്പററി എഴുതുന്നതിനു തിന്മ എന്താണെന്നു അറിഞ്ഞിരിക്കണമെന്നുള്ള ചിലരുടെ ശാഠ്യം അർത്ഥശൂന്യമാണെന്നു ഇററാലിയൻ ഗ്രന്ഥകാരന്മാരുടെ ദേശീയകോൺഗ്രസിൽ മിലാൻമെത്രാപ്പോലീത്താ മൊന്തീനി തിരുമനസ്സുകൊണ്ടു ചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു: "സർവ്വോപരി നിർമ്മലരായിരിക്കുക; മഹദ്കാര്യങ്ങളെപ്പററി എഴുതുന്നതിൽ ഭീതരല്ലാതിരിക്കുക" എന്നാണു തിരുമേനി ഉദ്ബോധിപ്പിച്ചതു്. കല കലയ്ക്കുവേണ്ടിയെന്ന സിദ്ധാന്തത്തെ അവഗണിക്കുവാൻ അവിടുന്നു ആവശ്യപ്പെട്ടു. "അദൃശ്യമായതിനെ ദൃശ്യമായതിലേക്കു പരിവർത്തനംചെയ്യുന്നതിനുള്ള തീക്ഷ്ണമായ ഒരു അന്വേഷണമാണു കല. സാഹിത്യം ജീവനുള്ള ഒന്നാകുന്നു; മഹത്തായ ആശയങ്ങൾകൊണ്ടു് അതിനെ ഉത്തേജിപ്പിച്ചാൽ അതു അതിജീവിക്കുകതന്നെ ചെയ്യു"മെന്നു തിരുമേനി പറഞ്ഞു. കത്തോലിക്കാഗ്രന്ഥകാരന്മാർ അവർ ഉപയോഗിക്കുന്ന പദങ്ങളുടെ ആഴം നല്ലവണ്ണം മനസ്സിലാക്കണമെന്നും അവിടുന്നു ഉദ്ബോധിപ്പിച്ചു.

## പഥ്യാഹാരക്രമശാസ്ത്രം

ഈയിടെ റോമയിൽ സമ്മേളിച്ച അന്താരാഷ്ട്രീയപഥ്യാഹാരവിദഗ്ദ്ധന്മാരുടെ കോൺഗ്രസിൽ സംബന്ധിച്ചിരുന്ന പ്രതിനിധികൾ കാസ്റ്റൽഗൺഡോൾഫോയിലെത്തി മാർപ്പാപ്പാതിരുമേനിയെ സന്ദർശിക്കുകയുണ്ടായി. തദവസരത്തിൽ തിരുമേനി അവരോടുചെയ്ത പ്രസംഗത്തിൽ, ഇപ്പോൾ പ്രാരംഭദശയിലിരിക്കുന്ന പഥ്യാഹാരക്രമശാസ്ത്രത്തിനു ലോകത്തിലെ ഗവർമ്മെൻറുകളുടേയും സ്വകാര്യപൗരന്മാരുടേയും പിന്തുണ ലഭിക്കുമെന്നു തിരുമേനി പ്രത്യാശിക്കുകയുണ്ടായി. "മനുഷ്യശരീരത്തിന്റെ പ്രവർത്തനങ്ങളെപ്പററി കൂടുതൽ മെച്ചമായ ഒരു ധാരണയുണ്ടാകുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുന്ന മററു പല പുതിയ ശാസ്ത്രങ്ങളെക്കാളും പഥ്യാഹാരക്രമശാസ്ത്രം വർദ്ധമാനമായ ഒരു സംഭാവന നൽകുവാൻ തുടങ്ങിയിരിക്കുകയാണെ"ന്നു തിരുമേനി ചൂണ്ടിക്കാണിച്ചു.

## കർദ്ദിനാളിനെ കാണാൻ

എസ്റ്റർഗം ബസ്ലിക്കായുടെ ശതവത്സരപൂർത്തി സംബന്ധിച്ച ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ വന്നിരുന്ന ആയിരക്കണക്കിനു ഹംഗേറിയൻ കത്തോലിക്കർ, തങ്ങളുടെ പ്രിയപ്പെട്ട കർദ്ദിനാളിനെ എങ്ങനെയെങ്കിലും ഒരുനോക്കു കാണുന്നതിനായി ബസ്ലിക്കായുടെ മുൻപിൽ അനേകദിവസം താവളമടിച്ചുകിടക്കുകയുണ്ടായി. ശതവത്സരാഘോഷങ്ങളിൽ സംബന്ധിക്കാൻ കർദ്ദിനാൾ മിൻസെന്തിയെ ഹംഗേറിയൻ അധികാരികൾ അനുവദിച്ചിട്ടുണ്ടെന്നുള്ള കിംവദന്തിയാണു് ഇതിനു അവരെ പ്രേരിപ്പിച്ചതു്. പക്ഷെ അവർക്കു നിരാശരാകേണ്ടിവന്നു. പക്ഷെ ആ നൈരാശ്യം അവരുടെ കത്തോലിക്കാചൈതന്യത്തെ വർദ്ധിപ്പിക്കുകയേ ചെയ്തിട്ടുള്ളു. ശതവത്സരാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനു കർദ്ദിനാൾ തിരുമേനിയെ അധികാരികൾ അനുവദിക്കുകയുണ്ടായില്ല.

## കർദ്ദിനാൾ ഇററാല്യൻ കപ്പലിൽ

ഈയിടെ ബോംബെ തുറമുഖത്തെത്തിയ "റെയിമോൻഡോ മോന്തിക്കുക്കോലി" എന്ന ഇററാലിയൻ ക്രൂസിയറിന്റെ കമാൻഡർ ക്യാപ്റ്റൻ ബ്രിൻഡെല്ലി ബോംബെ മെത്രാപ്പോലീത്താ കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനിയെ കപ്പലിലേക്കു ക്ഷണിച്ചു് ഒരു സ്വീകരണം നൽകിയിരിക്കുന്നു. തിരുമേനിയുടെ സ്വീകരണവേളയിൽ 21 ആചാരവെടിവെക്കുകയും, നേവൽ കാഡററ്സ് ഗാർഡ് ഓഫ് ഓണർ നൽകുകയുംചെയ്തു.

## സിക്രട്ടറിയേററുകാരുടെ ദിവ്യപൂജ

ബോംബേസിക്രട്ടറിയേററിലേയും അനുബന്ധപ്പെട്ട ഗവമ്മെൻറു ആഫീസുകളിലേയും കത്തോലിക്കാ ഉദ്യോഗസ്ഥന്മാരുടെ വാർഷികകൃതജ്ഞതാപ്രകാശനദിവ്യപൂജയും, സാമൂഹ്യസമ്മേളനവും ഈയിടെ നടത്തപ്പെട്ടിരിക്കുന്നു. തുടർച്ചയായി 46-ാമത്തെ വത്സരമാണു് ഇക്കൊല്ലം ഇതാഘോഷിക്കപ്പെട്ടതു്. സാമൂഹ്യസമ്മേളനത്തിലെ പ്രധാനാതിഥി ബോംബെ പ്രസിഡൻസി മജിസ്റ്റ്രേട്ട് മി. ജീ. ജെ. സൽധാനായായിരുന്നു. അദ്ദേഹം ചെയ്ത പ്രസംഗത്തിൽ, ക്രിസ്തുമതം ഒരു പാശ്ചാത്യമതമാണെന്നുള്ള ചിലരുടെ തെററിദ്ധാരണയെ അപലപിക്കുകയും, ക്രിസ്തുമതം പാശ്ചാത്യമോ പൗരസ്ത്യമോ അല്ലെന്നും പ്രത്യുത സാർവ്വദേശികമാണെന്നും പ്രസ്താവിക്കുകയും ചെയ്തു. ക്രിസ്ത്യാനികൾ കൂടുതലായി ഇതരമതക്കാരുമായി ഇടപഴകിക്കഴിയണമെന്നു് അദ്ദേഹം നിർദ്ദേശിച്ചു. സമ്മേളനത്തിൽ വിനോദകലാപ്രകടനങ്ങൾക്കു ഒരു പ്രധാനസ്ഥാനമുണ്ടായിരുന്നു. മററു സ്ഥലങ്ങളിലെ കത്തോലിക്കാ ഉദ്യോഗസ്ഥന്മാർക്കും അനുകരിക്കാവുന്ന ഒരു സന്മാതൃകയാണിതു്.

## വിദേശവാർത്തകൾ

അമേരിക്കയിൽ പള്ളിയിൽ പോകുന്ന ക്രിസ്ത്യാനികളുടെ സംഖ്യ 100,162,629—ജനസംഖ്യയുടെ 60 ശതമാനം—ആണെന്നു റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. ഇതിൽ പ്രോട്ടസ്റ്റൻറുകാർ 5,84,48,000; കത്തോലിക്കർ 3,33,96,000; പൗരസ്ത്യഓർത്തഡോക്സ്കാർ 20,00,000.

—ആഫ്റിക്കൻമിഷനിൽ ചെയ്തുകൊണ്ടിരിക്കുന്ന മഹത്സേവനങ്ങളെ അഭിനന്ദിച്ചു് മദർ അകപിലൈൻ ടോബിൻ എന്ന കന്യാസ്ത്രീക്കു ലണ്ടനിലെ റോയൽ ആഫ്റിക്കൻ സൊസൈററി അവരുടെ ബഹുമതിമുദ്ര പ്രദാനംചെയ്തിരിക്കുന്നു. കഴിഞ്ഞ 45 കൊല്ലങ്ങളായി ഗോൾഡ്കോസ്റ്റിലെ വിദ്യാലയങ്ങളിലും ആശുപത്രികളിലും അവർ സേവനംചെയ്തുകൊണ്ടിരിക്കുകയാണു്.

—പാരീസിലെ ഭവനരഹിതർക്കു വീടുണ്ടാക്കിക്കൊടുക്കുന്ന മഹാപ്രയത്നത്തിൽ ഏർപ്പെട്ടിരിക്കുന്ന സുപ്രസിദ്ധനായ ആബേ പിയറെ എന്ന വൈദികൻ ഇപ്പോൾ ആസ്ട്രിയായിലെത്തി അതേ സേവനത്തിൽ വ്യാപൃതനായിരിക്കുകയാണു്.



മുക്കുങ്കൽ (പൂതുള്ളിൽ)
ചെറിയ ഭാര്യ മറിയം
പെരുമാനൂർ
ജനനം 1897 ആഗസ്റ്റ് 27
മരണം 1956 ഒക്ടോബർ 3
"ദയാപരനായ ഈശോ, ഈ ആൾക്കു് നിത്യാശ്വാസം നൽകേണമെ."
R. I. P.

—ഫാദർ ലിനോ ഗുസോണി, "നിശ്ശബ്ദസഭ" എന്ന തന്റെ ഗ്രന്ഥത്തിന്റെ ഒരു കോപ്പി പരിശുദ്ധ പിതാവിനു സമർപ്പിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ പീഡനമനുഭവിക്കുന്ന സഭയുടെ ചരിത്രമാണു് ഇതിന്റെ ഉള്ളടക്കം. ഇതു ലോകത്തിലെങ്ങുമുള്ള ജനങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ട സൗകര്യങ്ങളുണ്ടാക്കേണ്ടതാണെന്നു തിരുമേനി പ്രസ്താവിക്കുകയുണ്ടായി.

—ആഫ്റിക്കയിൽ ബ്യൂട്ടോച്ചാൻഡിന്റെ ഭരണാധികാരിയായ കോൺസ്റ്റൻറയിൻ ബിറാങ്ങു സീസോ രാജകുമാരൻ, കത്തോലിക്കാസഭ തന്റെ രാജ്യത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന മഹത്തായ സേവനങ്ങളെ അഭിനന്ദിച്ചു് പരിശുദ്ധ പിതാവിനു ഒരു കത്തയച്ചിരിക്കുന്നു. ഒരു കത്തോലിക്കനായ രാജകുമാരൻ ഇപ്പോൾ ഒരു കോളെജ്വിദ്യാർത്ഥിയാണു്.

—നേപ്പിൾസ് തുറമുഖത്തു് അത്തപൊബേഡാ എന്ന റഷ്യൻകപ്പലിൽ യാത്രചെയ്തിരുന്ന 400 റഷ്യൻസഞ്ചാരികൾ വത്തിക്കാനിലെത്തി സെൻറു് പീററെഴ്സ് ദേവാലയം സന്ദർശിച്ചിരിക്കുന്നു.

—ഓർശ്ലേമിലുള്ള കത്തോലിക്കാ ആശുപത്രി, 1948-ലെ അതിർത്തിവിഭജനമനുസരിച്ചു് ഇസ്രായൽവിഭാഗത്തിലാകയാൽ അറബികൾക്കു് അവിടെ പ്രവേശനാനുവാദമില്ല. ഇപ്പോൾ ഓർശ്ലേമിലെ അറബിവിഭാഗത്തിൽ ബ്റുഹത്തായ ഒരു കത്തോലിക്കാ ആശുപത്രി പണികഴിപ്പിക്കപ്പെട്ടിരിക്കുന്നു.

—ജർമ്മനിയിലെ ഒരു പ്രസിദ്ധ ഡോക്ടരും കവിയുമായിരുന്ന ഹാൻസ് കരോസാ 77-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—ലോകത്തിലേക്കും പ്രായംചെന്ന മിഷനറികന്യാസ്ത്രീയെന്നു് അവകാശപ്പെട്ടിരുന്ന സിസ്റ്റർ മാരിയെററാ കാസെല്ലാ 94-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു. അവരുടെ 76 വർഷത്തെ സന്യാസജീവിതത്തിൽ 57 കൊല്ലവും ഈജിപ്റ്റിൽ അസ്വാൻ എന്ന സ്ഥലത്താണു ചെലവഴിച്ചതു്. വാർദ്ധക്യത്തിന്റെ മൂർദ്ധന്യത്തിലും അവിടത്തെ ഗേൾസ്കോളെജിൽ അവർ തയ്യൽ പഠിപ്പിച്ചുകൊണ്ടിരുന്നു.

—o—

## ഷെവലിയർ കുഞ്ഞിത്തൊമ്മന്റെ ചരമവാർഷികം

പരേതനായ ഇലഞ്ഞിക്കൽ തയ്യിൽ കുഞ്ഞിത്തൊമ്മൻ അവർകളുടെ പ്രഥമചരമവാർഷികം ഒക്ടോബർ 8-ാംനു- കോതമംഗലത്തുവച്ചു കൊണ്ടാടിയിരിക്കുന്നു. ഇതു പ്രമാണിച്ചു് എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ: ജോസഫ് പാറേക്കാട്ടിൽ തിരുമേനി രാവിലെ 7മണിക്കു പൊന്തിഫിക്കൽ റാസ അർപ്പിക്കുകയുണ്ടായി. കോതമംഗലം നിയുക്തമെത്രാൻ റൈററ് റവ. ഡോക്ടർ മാത്യു പോത്തനാമുഴി, ഷെവ. കുഞ്ഞിത്തൊമ്മന്റെ അപദാനങ്ങളെ അനുസ്മരിച്ചു് ഒരു പ്രസംഗംചെയ്തു. തുടന്നു എറണാകുളം വികാരിജനറാൾ റൈററ് റവ. മോൺ: ജോർജ്ജ് വല്യാറമ്പത്തു് പരേതനുവേണ്ടി വലിയ ഒപ്പീസുനടത്തുകയുണ്ടായി. ഈ കർമ്മങ്ങൾക്കുശേഷം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്, നിയുക്തമെത്രാൻ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ, പരേതന്റെ കുഴിമാടത്തിൽ, കോതമംഗലം ഇടവകക്കാരുടെ വകയായ ഒരു മാർബിൾശില സ്ഥാപിക്കുകയുണ്ടായി. അഭിവന്ദ്യ തിരുമേനിമാരെ കൂടാതെ നാല്പതിൽപ്പരം വൈദികരും ഒരു വൻപിച്ച ജനാവലിയും ഈ ചടങ്ങുകളിൽ സംബന്ധിച്ചിരുന്നു.

ഉച്ചയ്ക്കു ഇലഞ്ഞിക്കൽ തറവാട്ടിൽവെച്ചു നടത്തപ്പെട്ട ശ്രാദ്ധ അടിയന്തിരത്തിലും ഒരു വലിയ ജനക്കൂട്ടം സംബന്ധിച്ചിരുന്നു.

## ഇൻഡ്യാ വാർത്തകൾ

ഇൻഡ്യൻ നേവൽ ഫ്ളോട്ടില്ലായുടെ പ്രഥമ ഇന്ത്യൻ ഫ്ളാഗ് ആഫീസറായി നിയമിതനായിരിക്കുന്ന റീയർഅഡ്മിറൽ ആർ. ഡി. കത്താരി ഒക്ടോബർ 2-ാംനു- ചാർജെടുത്തിരിക്കുന്നു.

—ദക്ഷിണേന്ത്യൻ ഹൈക്കോടതികൾ സന്ദർശിക്കുന്നതിനായി പുറപ്പെട്ടിരിക്കുന്ന സുപ്രീംകോടതി ചീഫ് ജസ്റ്റിസ് മി. എസ്. ആർ. ദാസ് ഹൈദ്രബാദും മൈസൂരും സന്ദർശിച്ചശേഷം ഒക്ടോബർ 16-ാംനു- എറണാകുളത്തെത്തുന്നതാണു്. എറണാകുളവും തിരുവനന്തപുരവും സന്ദർശിച്ചശേഷം ഒക്ടോബർ 23-ാംനു- ഡൽഹിയിൽ തിരിച്ചെത്തും.

—സ്റ്റേററ് ബാങ്ക് ഓഫ് ഇന്ത്യയിലെ എംപ്ലോയീസ് യൂണിയൻ ചെയർമൻസ്ഥാനം ഒഴിയുന്ന ഡോക്ടർ ജോൺ മത്തായിക്കു ഹൃദ്യമായ ഒരു യാത്രയയപ്പു സൽക്കാരം നൽകിയിരിക്കുന്നു.

—4 ലക്ഷം അംഗങ്ങളോടുകൂടിയ സിക്കുകാരുടെ അകാലിദൾ സംഘടന കോൺഗ്രസിൽ ലയിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—ഗാന്ധിജയന്തി പ്രമാണിച്ചു യു. പി. യിലെ വിവിധ ജയിലുകളിൽനിന്നു 2000 തടവുകാരെ മോചിപ്പിച്ചിരിക്കുന്നു.

—31-ാമത്തെ അഖിലേന്ത്യാ വിദ്യാഭ്യാസകോൺഫറൻസ് ഒക്ടോബർ 23 മുതൽ 26 വരെ തീയതികളിൽ ജയ്പ്പൂരിൽവെച്ചു നടത്തുന്നതാണു്.

—സംസ്ഥാന പുനസ്സംഘടനയോടുകൂടി കേരള, മൈസൂർ സ്റ്റേററുകളിലേക്കു പോകുന്ന മദ്രാസ് സർവ്വീസിലെ ഉദ്യോഗസ്ഥന്മാർക്കു രണ്ടു മാസത്തെ ശമ്പളം അഡ്വാൻസായി നൽകുന്നതാണു്.

—ഇംഗ്ലണ്ടിലെ മുൻപ്രധാനമന്ത്രീയും ലേബർ കക്ഷിനേതാവുമായ ലോർഡ് ആററ്ലി ഇന്ത്യാപര്യടനത്തിനിടയിൽ ഒക്ടോബർ 15-ാംനു- മദ്രാസു സന്ദർശിക്കുന്നതാണു്.

—ഇന്ത്യയിലെ സംസ്കൃതവിദ്യാഭ്യാസത്തിന്റെ ഇന്നത്തെ സ്ഥിതിയെപ്പററി അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുവാൻ ഡോക്ടർ സുനീതി കുമാർ ചാററർജി അദ്ധ്യക്ഷനായി ഒരു കമ്മിററിയെ ഇൻഡ്യാ ഗവമ്മെൻറു നിയമിച്ചിരിക്കുന്നു.

—ഒമ്പതുദിവസത്തെ പര്യടനം നടത്തുന്നതിനായി ഐക്യരാഷ്ട്ര ജനറൽ അസംബ്ളി പ്രസിഡൻറു് ഡോക്ടർ ജോസ് മാസാ ഇൻഡ്യയിലെത്തിയിരിക്കുന്നു.

—10 ലക്ഷം ക. ചെലവുചെയ്തു ന്യൂഡൽഹിയിൽ നിർമ്മിച്ചിരിക്കുന്ന ഇന്ത്യൻ ആൻഡു് ഈസ്റ്റേൺ ന്യൂസ്പേപ്പർ സൊസൈററിയുടെ ഓഫീസ്കെട്ടിടം പ്രസിഡണ്ടു ഡോക്ടർ രാജേന്ദ്രപ്രസാദു് ഉൽഘാടനം ചെയ്തിരിക്കുന്നു.

## തിരുക്കൊച്ചിവാർത്തകൾ

തിരുക്കൊച്ചിയിലെ താലൂക്കു പുനസ്സംഘടനാ ഉത്തരവു് ഒക്ടോബർ ഒന്നാംതീയതി മുതൽ പ്രാബല്യത്തിൽ വന്നിരിക്കുന്നു. എന്നാൽ പുനസംഘടനയിൽ ഇനിയും ചില മാററങ്ങൾ വരുത്തുന്നതാണത്രെ.

—15 ലക്ഷം ക. ചെലവാക്കി പണിതിരിക്കുന്ന വലിയതുറ കടൽപ്പാലം അഡൈ്വസർ മി. റാവു ഉൽഘാടനം ചെയ്തിരിക്കുന്നു.

—പുതുതായി രൂപം പ്രാപിച്ച ആലുവാ താലൂക്കിന്റെ ആഫീസു ഹൈക്കോടതി ജസ്റ്റി ജസ്റ്റിസ് മി. ശങ്കരൻ ഉൽഘാടനം ചെയ്തിരിക്കുന്നു.

—കേരളപ്രദേശ് കോൺഗ്രസ് കമ്മിററി പ്രസിഡണ്ടായി മി. കെ. മാധവമേനോനെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തിരിക്കുന്നു.

—കേന്ദ്രഗവർമ്മെൻറിന്റെ വകയായി തൃശ്ശൂർ അടുത്തു അയ്യന്തോളിൽ ഒരു ലതർ ഫുട്ടുവെയർ യൂണിററു് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

—എറണാകുളം-കോട്ടയം റെയിൽവേയുടെ ഉൽഘാടനാർത്ഥം കേന്ദ്രറെയിൽവേമന്ത്രി മി. ലാൽബഹദൂർശാസ്ത്രി ഒക്ടോബർ 17-ാം തീയതി ഇവിടെ എത്തുന്നതാണു്.

—തിരുവിതാംകൂർ ക്രെഡിററുബാങ്കിനെ കേരളകോഓപ്പറേററീവു സെൻട്രൽ ലാൻഡു മോർട്ടഗേജ് ബാങ്കായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു.

—കേരളത്തിൽ ആരംഭിക്കുവാനിരിക്കുന്ന ഗ്രാമീണസർവ്വകലാശാലയുടെ ആസ്ഥാനം തൃക്കാക്കരെയായിരിക്കുന്നതാണു്. ഇതിലേക്കു 25 ഏക്കർ സ്ഥലം അവിടെ അക്വയർ ചെയ്യുന്നതാണു്.

—തിരുവനന്തപുരം മെഡിക്കൽ കോളെജ് വൈസ് പ്രിൻസിപ്പൽ ഡോക്ടർ കൃഷ്ണൻതമ്പി തൽസ്ഥാനം രാജിവെച്ചിരിക്കുന്നു.

—കേരളതലസ്ഥാനവും ഹൈക്കോടതിയും എറണാകുളത്തായിരിക്കണമെന്നു് എറണാകുളം നഗരസഭ പാസാക്കിയ ഒരു നിശ്ചയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു

—o—

ജീവചരിത്രപംക്തി

# തിരുഹൃദയത്തിന്റെ പ്രേഷിതയായ വി. മർഗ്ഗരീത്താമറിയം

(ഫാദർ തോമസ് മണ്ണഞ്ചേരി)

ഈശോയുടെ തിരുഹൃദയവണക്കം തിരുസ്സഭയിൽ നടപ്പിലാക്കപ്പെട്ട ഒരു പുതിയ "ഭക്തി"യാണെന്നു പറയാൻപാടില്ല. ഇതു് ഈശോയുടെ മനുഷ്യത്വത്തെ മുഖ്യമായി ആരാധനാവിഷയമാക്കി തിരുസ്സഭയുടെ ആദിമകാലങ്ങളിൽ നിലവിലിരുന്ന ഒരു ഭക്തിയായിരുന്നു. ആദിമകാലങ്ങളിലെ ക്രിസ്ത്യാനികൾ ഭക്തകൃത്യങ്ങളുടെ പരിശീലനത്തിൽ ശൈശവദശയിൽ ആയിരുന്നപ്പോൾ വെറും ധ്യാനപരമായ ആരാധനയെക്കാൾ ദൃഷ്ടിഗോചരമാക്കാവുന്ന ഒരു ആരാധനാവിഷയത്തെ കൂടുതലായി ഇഷ്ടപ്പെട്ടുവെങ്കിൽ അതു വെറും സ്വാഭാവികമെന്നു മാത്രമേ പറയാനുള്ളു. ഇതുകൊണ്ടാണു് തിരുസ്സഭയുടെ പിതാക്കന്മാർ ക്രിസ്തുവിന്റെ മനുഷ്യത്വത്തെ ദിവ്യത്വത്തോടു സംബന്ധിപ്പിച്ചുകൊണ്ടു് വിശ്വാസികൾക്കു ആരാധനാവിഷയമായി കാണിച്ചുകൊടുത്തിട്ടുള്ളതു്. മനുഷ്യഹൃദയം ശരീരത്തിന്റെ അതിപ്രധാനമായിട്ടുള്ള കേന്ദ്രമാണെന്നു് എല്ലാവർക്കും ബോദ്ധ്യമായിട്ടുള്ള സംഗതിയാണല്ലോ. മനുഷ്യജീവൻ ആരംഭിക്കുന്നതും അവസാനിക്കുന്നതും ഹൃദയത്തിലാണെന്നുള്ള കാര്യം സാർവ്വത്രികമായി സമ്മതിക്കപ്പെട്ടിട്ടുള്ളതാണു്. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഈശോയുടെ തിരുഹൃദയം ഒരു മുഖ്യമായ ആരാധനാവിഷയമായിത്തീർന്നിട്ടുള്ളതു് ന്യായയുക്തമാണെന്നുള്ളതിനെപ്പററി തർക്കത്തിനു അവകാശമുള്ളതല്ലോ.

ഹൃദയത്തെ സ്നേഹത്തിന്റെ ഇരിപ്പിടമായി നാമേവരും പരിഗണിക്കുകയും ചൂണ്ടിക്കാണിക്കുകയും ചെയ്തുകൊണ്ടിരിക്കുക പതിവാണല്ലോ. ഈശോയുടെ സ്നേഹത്തിന്റെ ഇരിപ്പിടവും കേന്ദ്രവും എന്ന നിലയിൽ ദിവ്യഹൃദയത്തെ നാം അറിയുകയും ആരാധിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു് ആറാംപീയൂസ് പാപ്പാ തിരുമനസ്സിലെ ബൂളായിൽ പറയുന്നതുപോലെ "വെറും മാംസപിണ്ഡമെന്ന നിലയിലല്ല, ദിവ്യത്വത്തോടു ഏററം സാരമായി യോജിച്ചിരിക്കുന്നുവെന്ന കാരണത്താലാണു് ദിവ്യഹൃദയത്തെ നാം ആരാധിക്കുന്നതു്."

കാലങ്ങളുടെ വ്യതിയാനമനുസരിച്ചു് ഇങ്ങനെയുള്ള ഭക്തികളുടെ കാര്യത്തിൽ ജനങ്ങളുടെ ഇടയിലുള്ള ഉത്സാഹവും തീക്ഷ്ണതയും കുറഞ്ഞുപോകാൻ പാടുള്ളതാണല്ലോ. ഈ ഭക്തിയെ സംബന്ധിച്ചും ഇതുതന്നെയാണു് സംഭവിച്ചതു്. അങ്ങനെയിരിക്കുമ്പോഴാണു് പതിനേഴാം നൂററാണ്ടിന്റെ അവസാനഘട്ടത്തോടുകൂടി ഫ്റാൻസിൽ പാർലിമോനിയായിലെ ഒരു കന്യകവഴിയായി ഈ ഭക്തി പുനരുജ്ജീവിപ്പിക്കപ്പെട്ടതു്. ഈ കന്യക മർഗ്ഗരീത്താ മറിയം അലക്കോക്ക് ആയിരുന്നു. 1647-ൽ ഫ്റാൻസിൽ ലാൻസെക്കറിൽ ജാതയായ ഈ കന്യക ബാല്യപ്രായംമുതൽ വി. കുർബാനയുടെമേൽ തീക്ഷ്ണതാപൂർവ്വകമായ ഭക്തി ആചരിച്ചുപോന്നിരുന്നു. ബാല്യപ്രായത്തിൽ കുട്ടികൾക്കു സഹജമായ വിനോദങ്ങളും മററും അവൾ ഉപേക്ഷിക്കുകയും വി. കുർബാനയുടെ മുമ്പിൽ പ്രാർത്ഥിക്കുന്നതിൽ കൂടുതൽ ഉത്സാഹം പ്രദർശിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനുശേഷം രഹസ്യമായി അവൾ ചില ശാരീരികനിഗ്രഹങ്ങൾ പരിശീലിച്ചുവന്നിരുന്നു. മർഗ്ഗരീത്താമറിയം വളരെ ചെറുപ്പമായിരുന്നപ്പോൾതന്നെ പിതാവു് ചരമംപ്രാപിച്ചതിനാലും അതിനെത്തുടർന്നു ചാർച്ചക്കാരിൽ ഒരാൾ പ്രവർത്തിച്ച അനീതിയുടെ ഫലമായി കുടുംബസ്വത്തുക്കൾ നഷ്ടപ്പെട്ടതിനാലും അവളുടെ ജീവിതത്തിൽ ചില മാററങ്ങൾ വരുത്തേണ്ടിവന്നു. അവൾ വി. കുർബാനയുടെ സന്നിധിയിൽ ആശ്വാസത്തിനായി അഭയംപ്രാപിച്ചു. വി. കുർബാനയിൽ ദിവ്യരക്ഷകനായ ഈശോയുടെ സാന്നിദ്ധ്യവും അവിടുത്തെ സംരക്ഷണവും അവൾക്കു അനുഭവബോദ്ധ്യമായിത്തീർന്നു. ബാല്യപ്രായത്തിൽതന്നെ തളർവാതം പിടിപെട്ടതിനാൽ നമ്മുടെ കഥാനായിക നാലുകൊല്ലക്കാലം രോഗിണിയായി ശയ്യയെ അവലംബിക്കേണ്ടിവന്നു. നാലുകൊല്ലക്കാലം രോഗശയ്യയിൽ കഴിച്ചുകൂട്ടിയതിനുശേഷം അവൾ സന്യാസജീവിതം സ്വീകരിച്ചുകൊള്ളാമെന്നു പരിശുദ്ധ കന്യകയോടു വാഗ്ദാനം ചെയ്തു. ഇതിന്റെ ഫലമായി അത്ഭുതത്താൽ എന്നവണ്ണം അവൾ ആകസ്മികമായി രോഗവിമുക്തയായിഭവിച്ചു. താൻ ചെയ്ത വാഗ്ദാനത്തിന്റെ പൂർണ്ണമായ അർത്ഥം എന്തെന്നു മനസ്സിലാക്കിയിരുന്നില്ല എന്നാണു പിന്നീടു് അവൾ ഇതിനെപ്പററി പ്രസ്താവിച്ചതു്.

ഈ കാലഘട്ടത്തിൽ മർഗ്ഗരീത്തായുടെ കുടുംബസ്വത്തുക്കൾ തിരികെകിട്ടി. തന്മൂലം ഭൗതികവും ആഡംബരപൂർവ്വകവുമായ ജീവിതത്തിനു സ്വമാതാവു് അവൾക്കു പ്രേരണനൽകിക്കൊണ്ടിരുന്നു. ബാല്യപ്രായത്തിൽ അവൾ പരിശുദ്ധ കന്യകയുടെ മുമ്പാകെ നടത്തിയ സന്യാസജീവിതവാഗ്ദാനം അത്ര നിർബന്ധമായിട്ടുള്ളതല്ലായെന്നു് അവൾ വിചാരിച്ചു. ലോകാഡംബരങ്ങളിൽ ശ്രദ്ധപതിച്ചുതുടങ്ങി. ഒരു രാത്രി ദിവ്യരക്ഷകൻ മുൾമുടിചൂടപ്പെട്ട രൂപത്തിൽ അവൾക്കു പ്രത്യക്ഷനായി. "ലോകത്തിനു് നിന്റെ ഹൃദയത്തിൽ എന്തെങ്കിലും അവകാശമുണ്ടാകുന്നതിനുമുമ്പു് നീ കന്യകാവ്രതം പറഞ്ഞൊത്തപ്പോൾ ഞാൻ നിന്നെ എന്റെ മണവാട്ടിയായി തിരഞ്ഞെടുത്തിരുന്നു"വെന്നു് അരുൾചെയ്യുന്നതായി അവൾ കേട്ടു. ആഡംബരജീവിതത്തിൽ കൂടുതലായി ഔൽസുക്യംപ്രദർശിപ്പിച്ചതിനെപ്പററി അവൾ പശ്ചാത്തപിച്ചു.

അക്കാലത്തു ഫ്റാൻസിൽ എല്ലായിടത്തും പ്രബലപ്പെട്ടുകൊണ്ടിരുന്ന ജാൻസെനിസം എന്ന എടത്തുടനിമിത്തം മർഗ്ഗരീത്താമറിയം ഇരുപത്തിരണ്ടാമത്തെ വയസ്സിൽമാത്രമാണു് മുമ്പിലത്തെ ഒപ്പ്രശ്രമാ സ്വീകരിച്ചതു്. അതിന്റെശേഷം തന്റെ ബാല്യകാലപ്രതിജ്ഞയെ നടപ്പിലാക്കണമെന്നുകരുതി പാർലിമോനിയായിലെ വിസിറ്റേഷൻ കന്യകാശ്രമത്തിൽ അവൾ പ്രവേശിച്ചു് സഭാവസ്ത്രം സ്വീകരിക്കയും ഒരു കൊല്ലത്തിനുശേഷം നിത്യപാരഞ്ഞൊപ്പു നടത്തുകയുംചെയ്തു. നിത്യപാരഞ്ഞൊപ്പു നടത്തുന്നതിനുമുമ്പു് ഗുരുതരങ്ങളായ ചില പ്രയാസങ്ങളെ അവൾ അഭിമുഖീകരിക്കേണ്ടിവന്നു. ആ മഠത്തിലെ അംഗങ്ങളിൽ പലരും അവളെ തെററിദ്ധരിക്കയും അവളുടെ ദർശനങ്ങളുടെ യാഥാർത്ഥ്യത്തെപ്പററി സംശയിക്കുകയുംചെയ്തു. ഈവക പ്രതികൂലസാഹചര്യങ്ങൾനിമിത്തം ഒട്ടും തന്നെ അധൈര്യപ്പെടാതെ ദിവ്യരക്ഷകന്റെ ദർശനങ്ങളിൽനിന്നും അവൾ കൂടുതൽ ശക്തിപ്രാപിച്ചുകൊണ്ടിരുന്നു. അവൾ ഉപവാസങ്ങളും ശാരീരികനിഗ്രഹങ്ങളും അനുഷ്ഠിക്കുന്നതിൽ കൂടുതൽ ശ്രദ്ധപതിച്ചിരുന്നു. അവളുടെ ശരീരത്തിന്റെ ബലഹീനതയെ വകവയ്ക്കാതെ അവളുടെ സ്വഭാവത്തിനു വളരെ വെറുപ്പുവരുത്തിയിരുന്ന കൂട്ടങ്ങൾ അവർ അവൾക്കായി തിരിഞ്ഞെടുത്തുകൊണ്ടിരുന്നു. അവളുടെ ദൗത്യം സഫലമാകയും അവളുടെ ഉദ്യമം വിജയിക്കുകയും ചെയ്യുന്നതുവരെ അവൾ അനുസരണം, എളിമ, ഉപവി എന്നീ പുണ്യങ്ങളുടെ നിയന്ത്രണത്തിനു വിധേയയായി തപസ്സിന്റേയും പരിത്യാഗത്തിന്റേയും ഭക്തകൃത്യങ്ങളുടേയും ജീവിതം തുടർന്നുകൊണ്ടിരുന്നു. അവളെ പീഡിപ്പിക്കുകയും അധിക്ഷേപിക്കുകയും ചെയ്തവരോടു ഉപവിയോടും ക്ഷമയോടുംകൂടി അവൾ വർത്തിച്ചിരുന്നു.

1673 ഡിസംബർ 27-ാംനു കത്തോലിക്കാലോകം മുഴുവനേയും ഭക്തജീവിതത്തിലേക്കു് ആകർഷിക്കുന്നതിനു് ഹേതുവായ അവളുടെ വെളിപാടുകളും ദർശനങ്ങളും ആരംഭിച്ചു. മർഗ്ഗരീത്താ മറിയം വി. കുർബാനയുടെ സന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ കർത്താവു് അവൾക്കു് പ്രത്യക്ഷനായി അവിടുത്തെ തിരുഹൃദയത്തെ കാണിച്ചുകൊണ്ടു് ഇപ്രകാരം അരുളിച്ചെയ്യുകയുണ്ടായി: "മനുഷ്യരുടെനേരെയുള്ള സ്നേഹത്താൽ കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന എന്റെ ഹൃദയത്തെ കണ്ടാലും; ഈ ഹൃദയത്തിന്റെ സ്നേഹജ്വാലകളെ ഉള്ളിൽ അടക്കാൻ നിവൃത്തിയില്ലാത്തതിനാൽ നീ വഴിയായി ഈ സ്നേഹാഗ്നിയെ മററുള്ളവരിലേക്കു് പകർന്നുകൊടുക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു." തന്റെ പീഡാനുഭവത്തിന്റെ രാത്രിയിൽ ഗെദെസേമ്മൻ തോട്ടത്തിൽവെച്ചു അനുഭവിച്ച മരണകരമായ വ്യാകുലതയിലും അവിടുന്നു് ശത്രുക്കൾക്കു ഏല്പിക്കപ്പെട്ടപ്പോൾ ശിഷ്യന്മാർ തന്നെ പരിത്യജിച്ചു ഓടിപ്പോയതുനിമിത്തം അവിടുത്തെ തിരുഹൃദയം അനുഭവിച്ച മഹാദുഃഖത്തിലും തന്റെ ഭക്തജനങ്ങൾ പങ്കുകൊള്ളേണ്ടതിനായി "തിരുമണിക്കൂർ" ആരാധന സ്ഥാപിച്ചു നടപ്പിൽ വരുത്തണമെന്നും ഈശോ മർഗ്ഗരീത്താ മറിയത്തോടു് ആവശ്യപ്പെട്ടു. വി. കുർബാനയിൽ അവിടുന്നു് മനുഷ്യരിൽനിന്നു് അനുഭവിച്ചുകൊണ്ടിരിക്കുന്ന നന്ദിഹീനതകൾക്കും ദ്രോഹങ്ങൾക്കും പരിഹാരം ചെയ്യാൻവേണ്ടി "ആദ്യവെള്ളിയാഴ്ചഭക്തി" നടപ്പിൽ വരുത്തണമെന്നും ദിവ്യരക്ഷകൻ അനുശാസിച്ചു.

ആദ്യത്തെ വെളിപാടിൽ ക്രിസ്തുനാഥൻ തന്റെ ദിവ്യഹൃദയത്തിൽ നിക്ഷിപ്തമായിരിക്കുന്ന കരുണയുടേയും സ്നേഹത്തിന്റേയും നിക്ഷേപങ്ങളെ കാണിച്ചുകൊണ്ടു് മനുഷ്യരാൽ സ്നേഹിക്കപ്പെടുന്നതിനുവേണ്ടിയുള്ള തന്റെ തീവ്രമായ ആഗ്രഹം അവളെ അറിയിച്ചു. വിശുദ്ധ കുർബാനയുടെ തിരുനാളിന്റെ എട്ടാമിടം കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച "തിരുഹൃദയത്തിരുനാളായി" ആചരിക്കണമെന്നു് അവിടുന്നു് നിർദ്ദേശിച്ചു. ഈ തിരുനാൾമൂലം മനുഷ്യവർഗ്ഗം തന്റെ തിരുഹൃദയത്തോടു കാണിക്കുന്ന നന്ദിഹീനതകൾക്കും അവഗണനകൾക്കും പൊതുവായ പരിഹാരം ചെയ്യണമെന്നു് ദിവ്യരക്ഷകൻ അറിയിച്ചു. പക്ഷെ, അവളുടെ വാക്കുകൾ മററുള്ളവർ വിശ്വസിച്ചില്ല.

ഈ അവസരത്തിൽ പാർലിമോനിയായിലെ ജെസ്യൂട്ട സഭയുടെ തലവനായിരുന്ന ക്ലാവുഡെ കൊളംബിയർ എന്ന വേദശാസ്ത്രജ്ഞനും ഭക്തനും ആയ വൈദികൻ ഈ മഠത്തിലെ കന്യാസ്ത്രീകളുടെ ആദ്ധ്യാത്മികോപദേഷ്ടാവും കുമ്പസാരക്കാരനും ആയി നിയമിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തോടു മർഗ്ഗരീത്താമറിയം അവൾക്കു സിദ്ധിച്ച ആദ്ധ്യാത്മികമായ അനുഗ്രഹങ്ങളെ വെളിപ്പെടുത്തുകയും തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നതിനുള്ള ദിവ്യരക്ഷകന്റെ ആജ്ഞയെ അറിയിക്കുകയും ചെയ്തു. സഭാസംബന്ധമായി ഇങ്ങനെയുള്ള കാര്യങ്ങളിൽ പരമ്പരാഗതമായി സ്വീകരിച്ചുവരാറുള്ള അന്വേഷണങ്ങളും കരുതലുകളും ഒരുവഴിയേ നടന്നുകൊണ്ടിരിക്കുമ്പോൾ ഫാദർ കൊളംബിയർ ഈ കന്യാസ്ത്രീയുടെ നിഷ്കാപട്യവും പരമാർത്ഥതയും സംശയരഹിതമായി സ്ഥാപിക്കുന്നതിനുവേണ്ട ശ്രദ്ധയും പരിശോധനയും നടത്തിക്കൊണ്ടിരുന്നു. അവസാനമായി ദൈവത്തിന്റെ കരം ഇവിടെയുണ്ടെന്നു് ഗ്രഹിച്ചുകൊണ്ടു് അദ്ദേഹം തിരുഹൃദയഭക്തിയുടെ പ്രചാരണത്തിനുവേണ്ടിയുള്ള ഒരു മുഖ്യപ്രേഷിതനായിത്തീർന്നു. 1672-ൽ ഫാദർ കൊളംബിയർ ഇംഗ്ലണ്ടിലേക്കു പോയി അവിടത്തെ കത്തോലിക്കരുടെ ഇടയിൽ ഈ ഭക്തിയെപ്പററി പ്രസംഗിച്ചു. മൂന്നു കൊല്ലക്കാലം അദ്ദേഹം ഇംഗ്ലണ്ടിൽ താമസിച്ചുകൊണ്ടു് ഈ ഭക്തി സാർവ്വത്രികമായി പ്രചരിപ്പിക്കാൻ തീവ്രയത്നംചെയ്തു. അതിന്റെ ശേഷം ഫാദർ കൊളംബിയർ പാർലിമോനിയായിലേക്കു് പോകുകയും ഫ്റാൻസിൽ അനേകം സ്ഥലങ്ങളിൽ ഈ ഭക്തിയുടെ അർത്ഥത്തേയും പ്രയോജനത്തേയുംപററി പ്രസംഗിക്കുകയും ചെയ്തു. 1683-ലാണു് ഫാദർ കൊളംബിയർ ചരമംപ്രാ

---

(4-ാംപേജു് തുടർച്ച)

XV. 10). ചെറിയ കുട്ടികൾക്കു "സ്വർഗ്ഗത്തിൽ അവരുടെ സ്വന്തം ദൂതന്മാരുണ്ടു്" എന്നും അവിടുന്നു നമ്മോടു പറയുന്നു. (മത്താ: XVIII. 10)

തീർത്തും ഭിന്നമായ ഒരു പദവിയിൽപെട്ട സൃഷ്ടികളായ മാലാഖമാർക്കു മനുഷ്യരുടെ കാര്യങ്ങളിൽ താല്പര്യമുണ്ടെങ്കിൽ, സ്വഭാവത്തിലും വരപ്രസാദത്തിലും നമ്മുടെ സഹോദരന്മാരായിരിക്കുന്ന വിശുദ്ധന്മാർ, ഇപ്പോഴും ഭൂമിയിലായിരിക്കുന്ന തങ്ങളുടെ സഹമനുഷ്യരുടെ കാര്യത്തിൽ താല്പര്യമുള്ളവരായിരിക്കുമെന്നു നമുക്കു സങ്കല്പിച്ചുകൂടെയോ? മനുഷ്യർക്കും മാലാഖമാർക്കും തമ്മിൽ സമ്പർക്കം സാദ്ധ്യമാണെങ്കിൽ, നമുക്കും വിശുദ്ധന്മാർക്കും തമ്മിൽ അതു് ഇരട്ടി എളുപ്പമായിരിക്കണമല്ലോ. സ്വർഗ്ഗസ്ഥരായ വിശുദ്ധന്മാർ മാലാഖമാരെപ്പോലെയാണെന്നു നമ്മുടെ കർത്താവുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. "മരിച്ചവരുടെ ഉയിർപ്പിൽ അവർ സ്വർഗ്ഗത്തിൽ ദൈവദൂതന്മാരെപ്പോലെ ആയിരിക്കും....." (മത്തായി XXII, 30)

സ്വർഗ്ഗസ്ഥിതർക്കു നമ്മുടെ കാര്യങ്ങൾ അറിയാമെന്നും, നമ്മുടെ പ്രാർത്ഥനകൾ അവർ കേൾക്കുമെന്നുമുള്ളതിനു വേദപുസ്തകത്തിൽ വേറെയും തെളിവുകളുണ്ടു്. ഗോത്രപിതാവായ യാക്കോബു പ്രാർത്ഥിച്ചിരിക്കുന്നതു നോക്കുക: "സകല തിന്മകളിൽനിന്നും എന്നെ രക്ഷിച്ച മാലാഖ ഈ കുട്ടികളെ അനുഗ്രഹിക്കട്ടെ." (സൃഷ്ടി 48, 16). റഫായൽ മാലാഖ തോബിയാസിനു തന്നെത്തന്നെ പരിചയപ്പെടുത്തുന്നതിങ്ങനെയാണു്: "നീ കണ്ണുനീരോടുകൂടി പ്രാർത്ഥിക്കുകയും... ചെയ്തപ്പോഴൊക്കെ ഞാനാണു നിന്റെ പ്രാർത്ഥനകളെ ദൈവത്തിനു സമർപ്പിച്ചതു്" (തോബി: XII, 12)

തന്റെ സ്നേഹഭാജനങ്ങളായ മദ്ധ്യസ്ഥന്മാർ മുഖേനയുള്ള പ്രാർത്ഥന ദൈവത്തിനു് ഇഷ്ടമാണെന്നുള്ളതിനു വേദപുസ്തകംതന്നെ തെളിവാണു്. "അബ്രാഹം ദൈവത്തിന്റെ മുൻപാകെ പ്രാർത്ഥിച്ചു. അപ്പോൾ ദൈവം അബീമെലെക്കിനേയും അവന്റെ ഭാര്യയേയും അവന്റെ ദാസികളേയും സുഖപ്പെടുത്തി." (സൃഷ്ടി XX, 17) മോശ കൈകൾ വിരിച്ചു പ്രാർത്ഥിച്ചിരുന്നപ്പോൾ ഇസ്രായേൽക്കാർ വിജയിച്ചിരുന്നു. (പുറ: XVII, 11) ദൈവം യോബിന്റെ സ്നേഹിതന്മാരോടു പറഞ്ഞു: "എന്റെ ദാസൻ യോബു നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും; അവന്റെ പ്രാർത്ഥനയെ ഞാൻ സ്വീകരിക്കും." (യോബു് XIII, 8) വിശുദ്ധ യാക്കോബ്ശ്ലീഹാ എഴുതുന്നു: "......ഒരുവൻ മറെറാരുവനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുവിൻ. എന്തെന്നാൽ നീതിമാൻ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയ്ക്കു വലിയ ശക്തിയുണ്ടു്." (യാക്കോ: V 16)

---

സ്നേഹസ്മാരകം



മാരേത്തു് ഉലഹന്നൻ ഔസേപ്പു്
ചുണ്ടേൽ, വയനാടു്
ജനനം: 7 1 1874
മരണം: 26 9 1956
R. I. P.

---

## കൃതജ്ഞത

ശുദ്ധീകരാത്മാക്കളുടേയും മാർ തോമ്മാശ്ലീഹായുടേയും മാദ്ധ്യസ്ഥത്താൽ, ഭാര്യയുടെ കണ്ണിലെ ഓപ്പറേഷൻ, ഡോക്ടറുടെ പ്രതീക്ഷയിൽ കവിഞ്ഞു വിജയപ്രദമാകത്തക്കവണ്ണം ദൈവം നൽകിയ അനുഗ്രഹത്തിനു് അകമഴിഞ്ഞ കൃതജ്ഞത.

തോമസ്സ് പി. പീച്ചാട്ടു്
കോതമംഗലം.

---


# കൊരട്ടിമുത്തിയുടെ തിരുനാൾ

## ഇക്കൊല്ലം ഒക്ടോബർ 14-ാംതിയതി ഞായറാഴ്ചയാണു്

വികാരി

പിച്ചതു്. മർഗ്ഗരീത്താമറിയത്തിനു നൽകിയ വെളിപാടു് അനുസരിച്ചു് ദൈവം ഇദ്ദേഹത്തെയാണു് തിരുഹൃദയഭക്തി പ്രചരിപ്പിക്കാൻ മുഖ്യമായ ഒരുപകരണം ആക്കിത്തീർത്തതു്.

ഈ അവസരത്തിൽ പാർലിമോനിയായിലെ മഠത്തിൽ ഒരു പുതിയ ശ്രേഷ്ഠത്തി നിയമിക്കപ്പെടുകയും മർഗ്ഗരീത്താ മറിയത്തെ ആ മഠത്തിന്റെ അസ്സിസ്റ്റന്റു് സുപ്പീരിയർ ആയി തിരഞ്ഞെടുക്കുകയും ചെയ്തു. ഈ മഠത്തിന്റെ സാമ്പത്തികമായ കഴിവുകൾ വളരെ പരിമിതമായിരുന്നുവെന്നുവരികിലും ഈശോയുടെ തിരുഹൃദയത്തിന്റെ സ്തുതിക്കായി മർഗ്ഗരീത്താ മറിയത്തിന്റെ അഭിലാഷം അനുസരിച്ചു് ഒരു കപ്പേള പണിയിക്കുകയും 1688-ൽ അതിന്റെ പ്രതിഷ്ഠ ആഘോഷപൂർവ്വം നടത്തപ്പെടുകയും ചെയ്തു.

ഈ സംഭവവും തിരുഹൃദയഭക്തിയുടെ വിസ്മയനീയമായ പ്രചാരവും മർഗ്ഗരീത്താമറിയത്തിനു് അത്യന്തം സന്തോഷഹേതുകമായിരുന്നുവെന്നു് പ്രസ്താവിക്കേണ്ടതില്ലല്ലോ. രണ്ടു കൊല്ലത്തിനു ശേഷം സംഭവിച്ച അവളുടെ മരണത്തിനുമുമ്പു് സിസ്റ്റർ മർഗ്ഗരീത്താ മറിയത്തിനു സിദ്ധിച്ച വെളിപാടുകൾ യഥാർത്ഥമാണെന്നു് തിരുസ്സഭയിൽ പൊതുവെ അംഗീകരിക്കപ്പെടുകയും തിരുഹൃദയഭക്തിക്കു് യൂറോപ്പിൽ അനേകം രാജ്യങ്ങളിൽ പ്രചുരപ്രചാരം

## കൃതജ്ഞത

വിൻസെന്റു ഡി പോൾ പുണ്യവാന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി.

കെ. എ. റോസക്കുട്ടി,
അവിട്ടത്തൂർ

സിദ്ധിക്കുകയും ചെയ്തു. തിരുഹൃദയ തിരുനാൾ മിക്കരാജ്യങ്ങളിലും പ്രാദേശികമായി ആഘോഷിക്കപ്പെട്ടു തുടങ്ങിയിരുന്നുവെങ്കിലും ഭാഗ്യസ്മരണാർഹനായ ഒമ്പതാം പീയൂസ് മാർപ്പാപ്പാ തിരുമേനിയാണു് ഈ തിരുനാൾ തിരുസ്സഭ മുഴുവനും ഭക്തിപൂർവ്വം ആഘോഷിക്കപ്പെടണമെന്നു് നിർദ്ദേശം നൽകിയതു്. 1920-ൽ ബനഡിക്ടു് 15-ാമൻ മാർപ്പാപ്പായാണു് അവളെ വിശുദ്ധയെന്നു് നാമകരണം ചെയ്തതു്. അവളുടെ പൂജ്യാവശിഷ്ടം പാർലിമോനിയായിലെ മഠത്തിന്റെ കപ്പേളയിലാണു് നിക്ഷേപിക്കപ്പെട്ടിരിക്കുന്നതു്. അസംഖ്യം തീർത്ഥകർ ആണ്ടുതോറും ഈ സ്ഥലം സന്ദർശിച്ചു് വിശുദ്ധ മർഗ്ഗരീത്താ മറിയത്തെ ബഹുമാനിക്കുകയും അവളുടെ മദ്ധ്യസ്ഥത അപേക്ഷിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

—o—

(11-ാംപേജ് തുടർച്ച)

“കൊച്ചുപൂക്കളിലെ” സ്മരണകൾതന്നെ ഫലിതസമ്പൂർണ്ണമാണു്. ശ്രീ മയ്യനാട്ടിന്റെ ഭാഷാശൈലി ആ ഫലിതങ്ങളുടേയും ആദ്ധ്യാത്മികനിഗമനങ്ങളുടേയും ആസ്വാദ്യത അത്യധികം വർദ്ധിപ്പിച്ചിട്ടുണ്ടു്. സഹോദരൻ ബെർണാർദിന്റെ ചില കുററങ്ങൾ ഓർത്തുപോയതിനു് അദ്ദേഹത്തിനെക്കൊണ്ടു് മുഖത്തു ചവിട്ടിപ്പിച്ചതും “ഇരപ്പാളി” എന്നു വിളിപ്പിച്ചതും വായിച്ചപ്പോൾ വാസ്തവത്തിൽ ഈ ലേഖകൻ ചിരിച്ചുപോയി. ഇത്തരം നിരവധി സംഭവങ്ങളാണു കൊച്ചുപൂക്കളിൽ ഗ്രന്ഥകാരൻ നിരത്തിവച്ചിരിക്കുന്നതു്.

പൂക്കൾ ആർക്കാണു് ഇഷ്ടപ്പെടാത്തതു്? “കൊച്ചുപൂക്കൾ” ശൈലീവിശേഷംകൊണ്ടും പ്രതിപാദ്യവസ്തുവിന്റെ മാധുര്യംകൊണ്ടും യഥാർത്ഥത്തിൽ പൂക്കളെപ്പോലെ തന്നെ തോന്നും. ഇത്രയും നല്ല ഒരു ഗ്രന്ഥം രചിച്ച ശ്രീ ജോൺ മയ്യനാട്ടിനെ ഹാർദ്ദമായി അനുമോദിക്കുന്നു. ബഹുജനങ്ങൾ അദ്ദേഹത്തിന്റെ പ്രസിദ്ധീകരണങ്ങൾക്കു പ്രോത്സാഹനം നൽകിയാൽ അദ്ദേഹത്തിന്റെ വിദഗ്ദ്ധതൂലിക ഇനിയും മനോഹരങ്ങളായ നിരവധി ഗ്രന്ഥങ്ങൾ വരച്ചുവയ്ക്കാതിരിക്കയില്ല.

(റവ. ഫാദർ തോമസ് മുത്തേടൻ
എം. എ; ഡി. ഡി.)

വിമർശനപംക്തി

# സഭകളുടെ ഐക്യത്തിന്

കോട്ടയത്തുള്ള മലയാളമനോരമ പ്രസ്സിൽനിന്നും ശ്രീ എൻ. എം. അബ്രാഹം ബി. എ. അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്ന “ചർച്ചുവീക്കിലി”യുടെ സെപ്റ്റംബർ 30-ാം തീയതിയിലെ ലക്കത്തിൽ “അപ്രമാദിത്വമുള്ള പ്രമാദങ്ങൾ” എന്ന തലക്കെട്ടിൽ ഒരു മുഖപ്രസംഗമുണ്ടു്. “ദൈവത്തിന്റെ സഭ ദൃശ്യമായ ഏകകൂട്ടായ്മയിൽ വരുന്നതിനു്” വളരെയധികം ആഗ്രഹിക്കുന്ന തൽപത്രാധിപർ, അതിനു് അദ്ദേഹത്തിനു തോന്നുന്ന പ്രതിബന്ധങ്ങളെപ്പററി ചർച്ച ചെയ്യുന്നതാണു് ഈ ലേഖനം. ആ ചർച്ചകളുടെ അവസാനത്തിൽ “ഇതരസഭകൾ“റോമാസഭ”യിൽ ലയിക്കുകയല്ലാ, റോമാസഭയുടെ വേർപാടിനുശേഷം അവർ സ്വയമായി വരുത്തിവെച്ച പ്രതിബന്ധങ്ങൾ നീക്കുകയാണു് ആദ്യത്തെ പടി” എന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. “വിശ്വാസപ്രമാണത്തിൽ നാം ഏററു പറയുന്ന ഏകസഭ ലോകത്തിൽ ഇന്നു യാഥാർത്ഥ്യമായി തീരുന്നതിനു റോമൻ കത്തോലിക്കസഭ ഒരു വലിയ വിഘ്നതടി തന്നെയാണു്” എന്ന മുൻവിധിയും തെററിദ്ധാരണയുമാണു ഈ നിഗമനത്തിനു കാരണമായിരിക്കുന്നതു്.

“ദൈവത്തിന്റെ സഭ ദൃശ്യമായ ഏക കൂട്ടായ്മയിൽ വരണ”മെന്നുള്ള ആഗ്രഹമെങ്കിലും “ചർച്ചുവീക്കിലി”ക്കുണ്ടായിരിക്കുന്നതിൽ നാം അവരെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ നിഖ്യാവിശ്വാസപ്രമാണം സ്വീകരിക്കുന്ന ഏതൊരു ക്രിസ്ത്യാനിയും സഭയുടെ ഏകത്വത്തിൽ വിശ്വസിച്ചേ മതിയാവൂ. ക്രിസ്തുവിന്റെ അന്തിമപ്രാർത്ഥനതന്നെ “നീ എന്നെ അയച്ചിരിക്കുന്നുവെന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു്, എന്റെ പിതാവേ, നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ, അവരും നമ്മിൽ ഒന്നാകേണ്ടതിനു (ഞാൻ പ്രാർത്ഥിക്കുന്നു)” എന്നതാണല്ലോ. എന്നു തന്നെയുമല്ല വിശുദ്ധ പൗലോസു ഗുണദോഷിക്കുന്നു: നിങ്ങളുടെ വിളിയുടെ ഏകമായ പ്രത്യാശയിൽ, നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്ന പ്രകാരം, നിങ്ങൾ ഒരേ ശരീരത്തോടും ഒരേ ആത്മാവോടും ഇരിക്കേണ്ടതിനായി സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം കാത്തുകൊള്ളുവാൻ ഉത്സാഹിക്കുവിൻ. എന്തുകൊണ്ടെന്നാൽ കർത്താവു് ഒരുവനാകുന്നു. വിശ്വാസവും ഒന്നു്. മാമ്മോദീസായും ഒന്നു്. എല്ലാവരുടെയും പിതാവും...(ആയിരിക്കുന്ന)ദൈവവും ഒരുവൻ” (എഫേ V. 3-6) ശീശ്മയേയും ഇടത്തൂടിനെയും കൊലപാതകം, വിഗ്രഹാരാധന മുതലായ പാതകങ്ങളോടൊപ്പമാണു് വിശുദ്ധ പൗലോസ് കണക്കാക്കിയിരിക്കുന്നതു്.

ദൈവത്തിന്റെ സഭ ഏകമാണു്. തൊഴുത്തു രണ്ടില്ലാ, ഒന്നേയുള്ളൂ. തന്മൂലം തൊഴുത്തിനു പുറത്തു നിൽക്കുന്ന ആടുകൾ തൊഴുത്തിനുള്ളിലേക്കു വന്നേ മതിയാവൂ. ആടുകളുടെ പ്രവേശനത്തിനു പ്രതിബന്ധമായി തൊഴുത്തിന്റെ വാതിൽ അടഞ്ഞു കിടക്കുകയാണെങ്കിൽ, വാതിൽ തുറക്കുക തന്നെ വേണ്ടതാണു്. ആകയാൽ തൊഴുത്തു് ഏതാണെന്നും, അതിന്റെ വാതിൽ ബന്ധിച്ചിട്ടിരിക്കുകയാണോയെന്നും അന്വേഷിക്കേണ്ടതു് ആവശ്യം തന്നെ. “ചർച്ചുവീക്കിലി” ആ ഒരു ശ്രമത്തിലും ഏർപ്പെട്ടു കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. പക്ഷേ അന്വേഷണത്തിനു് ഇറങ്ങിത്തിരിച്ച വഴി ശരിയായിട്ടുള്ളതാണോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

“കിഴക്കൻ സഭകളുടെ കൂട്ടായ്മയിൽനിന്നു റോമാസഭ വേർപെട്ടശേഷം ആ സഭ കൂട്ടിച്ചേർത്തിട്ടുള്ള പുതിയ വിശ്വാസപ്രഖ്യാപനങ്ങളാണു സഭൈക്യത്തിനു പ്രധാനമായ പ്രതിബന്ധമായി നിലകൊള്ളുന്നതു്” എന്നുള്ള ചർച്ചു് വീക്കിലിയുടെ സമർത്ഥനം, അടിസ്ഥാനപരമായിത്തന്നെപല തെററിദ്ധാരണകൾക്കും വഴി നൽകുന്നുണ്ടു്. കൂട്ടായ്മ എന്ന പദംകൊണ്ടു് അവർ ഉദ്ദേശിക്കുന്നതെന്താണു്? സഭകൾ യോജിച്ചിരിക്കുകയെന്നാണോ? ഒന്നായിത്തീരുകയെന്നാണോ? ആദ്യത്തേതാണെങ്കിൽ, അതിൽ വലിയ കഴമ്പൊന്നുമില്ല. സഭകൾ ഒന്നായിത്തീരുകയാണു വേണ്ടതു്. എന്തെന്നാൽ ക്രിസ്തു ഒരു സഭയെ മാത്രമേ സ്ഥാപിച്ചിട്ടുള്ളുവെന്നതു വ്യക്തമാണു്. “ഞാൻ എന്റെ സഭയെപണിയും”(മത്തായി XVI.18) എന്നല്ലാതെ എന്റെ സഭകളെ പണിയും എന്നു ക്രിസ്തു പറഞ്ഞിട്ടില്ല. അവിടുന്നു ഒരു തൊഴുത്തിനെപ്പററി(യോഹ: X 16)യല്ലാതെ പല തൊഴുത്തുകളെപ്പററി പറയുന്നില്ല. അവിടുന്നു തന്റെ സഭയെ ഒരു രാജ്യത്തോടാണു് (ലൂക്കാ I, 32-33) ഒരു ഫെഡറേഷനോടോ സാമ്രാജ്യത്തോടോ അല്ലാ ഉപമിച്ചിരിക്കുന്നതു്.

ആകയാൽ, സഭയുടെ ഐക്യത്തെപ്പററി പറയുമ്പോൾ, “കിഴക്കൻ സഭകൾ” എന്ന പ്രയോഗം ദുരർത്ഥകവും തെററിദ്ധാരണാജനകവുമായിരിക്കുന്നു. ക്രിസ്തു സ്ഥാപിച്ച സഭ, ഏകവും ശ്ലൈഹികവും പരിശുദ്ധവും സാർവത്രികവുമായിരിക്കുമ്പോൾ, കിഴക്കിനുമാത്രമായി ഒരു സഭയോ പല സഭകളോ ഉണ്ടാകുന്നതെങ്ങനെയാണു്? ക്രിസ്തു സ്ഥാപിച്ച സഭ അപ്പസ്തോലികകാലം മുതലുള്ളതും. എല്ലാരാജ്യങ്ങളിലും വ്യാപിച്ചു കിടക്കുന്നതും ഏകവുമായിരിക്കണം. “ലോകമെങ്ങും പോയി സകലജാതികളോടും സുവിശേഷം പ്രസംഗിക്കുവാ”നാണു് ക്രിസ്തു തന്റെ ശിഷ്യന്മാരോടു് ആവശ്യപ്പെട്ടതു്. പലസ്തീനായിൽ മാത്രമോ, പൗരസ്ത്യദിക്കുകളിൽ മാത്രമോ അവർ പ്രസംഗിച്ചാൽ പോരാ. ആകയാൽ കിഴക്കിനു തനിച്ചായി ഒരു ക്രൈസ്തവസഭ ഉണ്ടായിരിക്കുക സാദ്ധ്യമല്ല.

## കൃതജ്ഞത

വി. അമ്മത്രേസ്യായുടെ മാദ്ധ്യസ്ഥതാലും വ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ആർ. ഔസേഫ്, ചുള്ളി
അയ്മുറി.

വിശ്വാസത്തിലും അധികാരത്തിലും (ഇവ രണ്ടുമാണല്ലോ ക്രിസ്തു അപ്പസ്തോലന്മാർക്കു പ്രദാനം ചെയ്തതു്.) ഏകവും സാർവ്വത്രികവുമായ ഒരു ക്രൈസ്തവസഭ ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു് തീർച്ചയായും അപ്പസ്തോലികകാലം മുതൽ അങ്ങനെയൊരു സഭ ഉണ്ടായിരുന്നിരിക്കണം. ആ സഭയുടെ ഐക്യത്തിൽനിന്നു വേർപെട്ടുപോന്നിട്ടുള്ള സഭകൾ തിരിച്ചു് അതിലേക്കു ചെല്ലുകയാണു് ആവശ്യമായിരിക്കുന്നതു്. ഏകഇടയനും ഏകതൊഴുത്തുമാകണമെന്നു ക്രിസ്തു അഭിലഷിക്കുന്നതു ഈദൃശമായ ഒരു ഐക്യത്തെയാണു്.

“കിഴക്കൻ സഭകളുടെ കൂട്ടായ്മയിൽനിന്നു റോമാസഭ വേർപെടുക”യായിരുന്നോ റോമാസഭയിൽനിന്നു കിഴക്കൻസഭകളെ വേർപെടുത്തിക്കളയുകയായിരുന്നോയെന്നതു ചരിത്രംനോക്കി തീരുമാനിക്കേണ്ട ഒരു സംഗതിയാണു്. ക്രിസ്തുവിന്റെ സഭ ഏകമാണെന്നും, ആ ഏകസഭയിൽ ഉൾപ്പെടേണ്ടതു ക്രിസ്തുവിന്റെ യഥാർത്ഥാനുഗാമിയാകുന്നതിനു ആവശ്യമാണെന്നും ബോദ്ധ്യമുള്ള ഒരാൾക്കു് സകല മുൻവിധികളും മാററിവെച്ചുകൊണ്ടു് ഈ ചരിത്രത്തെ നിഷ്പക്ഷമായി പരിശോധിക്കാതെ തരമില്ല. മററുള്ളവരെ ബോദ്ധ്യപ്പെടുത്തുകയെന്നതിനെക്കാൾ അധികമായി സ്വന്തം ആത്മബോദ്ധ്യത്തിനുവേണ്ടി. അല്ലെങ്കിൽ, “ക്രിസ്തുവിന്റെ സഭയുടെ കൂട്ടായ്മ”യിൽ പെടാതെപോയി എന്നുള്ള വിപത്തിനു് ഇടയായിത്തീരും.

“കിഴക്കൻസഭകളുടെ കൂട്ടായ്മയിൽനിന്നു റോമാസഭ വേർപെട്ടശേഷം, ആ സഭ കൂട്ടിച്ചേർത്തിട്ടുള്ള പുതിയ വിശ്വാസപ്രഖ്യാപനങ്ങളാണു സഭൈക്യത്തിനു പ്രധാനമായ പ്രതിബന്ധമായി നിലകൊള്ളുന്നതു്” എന്നു “ചർച്ചുവീക്കിലി” പറയുമ്പോൾ എന്താണു യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നതെന്നു വ്യക്തമല്ല. “പുതിയ” വിശ്വാസപ്രഖ്യാപനങ്ങൾ ഇല്ലായിരുന്നുവെങ്കിൽ സഭ ഒന്നായിത്തീർന്നേനെയെന്നാണോ അർത്ഥം? പുതിയ വിശ്വാസപ്രഖ്യാപനങ്ങൾ .ഉണ്ടാകുന്നതിനു മുൻപാണല്ലോ വേർപാടു്. യോജിപ്പിനു പ്രതിബന്ധം പുതിയ വിശ്വാസപ്രഖ്യാപനങ്ങൾ മാത്രമാണെങ്കിൽ, പിന്നെ “വേർപെട്ട”തെന്തിനായിരുന്നു എന്നൊരു ചോദ്യം ന്യായമായി ഉദിക്കുന്നു. വേർപാടിനുകാരണം പുതിയ വിശ്വാസ പ്ര ഖ്യാപനങ്ങളല്ലല്ലോ. ആകയാൽ വേർപാടിനുള്ള യഥാർത്ഥകാരണം എന്തെന്നു കണ്ടുപിടിച്ചു് ആദ്യം അതു പരിഹരിക്കുകയാണു വേണ്ടതു്.

നിഖ്യാവിശ്വാസപ്രമാണത്തിൽ ഏററുപറയുന്ന ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭ റോമാ മാർപ്പാപ്പാക്കു വിധേയമായ കത്തോലിക്കസഭയാണെന്നു ചരിത്രം സാക്ഷ്യംവഹിക്കുന്നു. പത്രോസിൽ തുടങ്ങി അഭംഗുരമായ പിന്തുടർച്ചയോടുകൂടിയ അതിന്റെ ശ്ലൈഹികസ്വഭാവത്തെപ്പററിയോ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അതിന്റെ സാർവ്വത്രികതയെപ്പററിയോ, ഒരേ മേലദ്ധ്യക്ഷസ്ഥാനത്തിനു കീഴ്പെട്ടിരിക്കുന്ന അതിന്റെ ഐക്യത്തെപ്പററിയോ,ഇന്നാരെങ്കിലും സംശയിക്കുമെന്നു തോന്നുന്നില്ല. കത്തോലിക്കസഭയുടെ സാർവ്വത്രികതയേയും ലോകവ്യാപ്തിയേയും ചർച്ചുവീക്കിലിയും സമ്മതിക്കുന്നുണ്ടു്.

ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവാൻ ക്രിസ്തുനാഥൻ കല്പിച്ചിട്ടു 20 നൂററാണ്ടുകളായെങ്കിലും ഇപ്പോഴും കിഴക്കുമാത്രമായി കഴിയുന്ന ചില സഭകളുണ്ടു്. അവയുടെ ചരിത്രം പിന്നിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ഓരോരോ കാലത്തു് അവ ശ്ലൈഹികസഭയിൽനിന്നും പിരിഞ്ഞുപോയിട്ടുള്ളതാണെന്നു കാണാം. അങ്ങനെ തായിത്തടിയിൽനിന്നും ഛേദിക്കപ്പെട്ട ശിഖരങ്ങളായ ആ കൊച്ചുകൊച്ചുസഭകൾ വളരാതിരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ആകയാൽ കിഴക്കൻ സഭകൾ ഇന്നു ചെയ്യേണ്ടതു ഏകവും ശ്ലൈഹികവും സാർവ്വത്രികവുമായ മൂലസഭയിലേക്കു പിന്തിരിഞ്ഞുവരികയാകുന്നു.

കത്തോലിക്കാസഭ പുതുതായി പ്രഖ്യാപനം ചെയ്തിട്ടുള്ള വിശ്വാസസത്യങ്ങൾ ഈ സഭൈക്യത്തിനു് ഏതെങ്കിലും തരത്തിൽ പ്രതിബന്ധമായിത്തീരുന്നുണ്ടോയെന്നു നമുക്കൊന്നു പരിശോധിക്കാം. (തുടരും)

(12-ാംപേജ് തുടർച്ച)

സ്ഥലത്തിൽ ഉദയംചെയ്തു. അനശ്വരവും അഭൗമവുമായ ഒരു സൗകുമാര്യത്തെ അവൻ ദീർഘദർശനം ചെയ്തു. ആത്മാവിന്റെ അമൂല്യതയെ അവൻ മനസ്സിലാക്കി. ദാഹാർത്തനായ ദിവ്യരക്ഷകന്റെ നാവിലേക്കു് ആത്മാക്കളാകുന്ന പാനീയം പകരുവാൻ അവന്റെ ഹൃദയം വെമ്പൽകൊണ്ടു.

× × × ×

താരകപ്പൂക്കൾ പതിച്ച രാത്രിയുടെ യവനിക തെരുത്തുമാററപ്പെട്ടു. പൂർവ്വാശയുടെ കനകകവാടത്തെ തള്ളിത്തുറന്നുകൊണ്ടു് ഭാനുമാൻ എത്തിനോക്കി. ജോസ് യാത്രയായി, ദേവാലയത്തിലേക്കു്, ദിവ്യബലിയിൽ സംബന്ധിക്കുവാൻ.

കുർബാന കഴിഞ്ഞു് ആളുകൾ പുറത്തിറങ്ങി. തന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ആത്മീയ പിതാവിന്റെ മുറിയിലേക്കാണു് ജോസ് പോയതു്. അരമണിക്കൂർ സമയത്തെ ആശയവിനിമയത്തിനുശേഷം ദൃഢചിത്തനും പ്രസന്നവദനനുമായി ആ യുവാവു പുറത്തേക്കിറങ്ങി. ഉറക്കമൊഴിഞ്ഞ ഒരു രാത്രി പ്രസന്നമായ ഉഷസ്സിൽ സമാപിച്ചു.



# കൊച്ചുമിഷ്യനറിമാർ

(മോൺ: ജോൺ കച്ചിറമററം, B. A., L. D., L. T.)

മിഷനറിമാർ ക്രിസ്തുവിൻെറ സന്ദേശവാഹകരാണ്. ക്രിസ്തുവിൻെറ സന്ദേശം സ്നേഹമാണ്. "ദൈവം സ്നേഹമാകുന്നു" എന്നു് വി. യോഹന്നാൻ നിർവ്വചിക്കുന്നു. ആ പരബ്രഹ്മമൂർത്തിയുടെ ഏകതനയനാണ് ക്രിസ്തു. ആ സ്നേഹപിതാവിൽ മനുഷ്യമക്കളെ ലയിപ്പിക്കുകയെന്നതായിരുന്നു ആ ദൈവകുമാരൻെറ സന്ദേശലക്ഷ്യം.

നിഷ്കളങ്കതയുടെ പര്യായമായ ശിശുക്കളിൽനിന്നു് ചിറമുറിഞ്ഞു പൊട്ടിപ്പുറപ്പെടുന്ന ദിവ്യസ്നേഹചൈതന്യപ്രസരം എല്ലാ മനുഷ്യഹൃദയത്തേയും ഒരുപോലെ പുളകംകൊള്ളിക്കുന്ന ഒന്നാണ്. തങ്കപ്പകിട്ടോടുകൂടിയ അവരുടെ ശാലീനതയ്ക്കു ഒരു വശ്യശക്തിയുണ്ടു്. തന്മൂലം ദൈവംപോലും അവരിൽ ക്ഷണേന സംപ്രീതനായിത്തീരുന്നു. ക്രിസ്തുവും ശിശുസഹജമായ നിർമ്മലതയാണ് ഏവരിൽനിന്നും അവകാശപ്പെടുന്നതു്.

കൊലപാതകിയായ ഫ്രാൻസീനിയെ കൊലയ്ക്കു വിധിച്ചുവെന്ന വാർത്ത മൂന്നുവയസ്സു മാത്രം പ്രായമുള്ള ത്രേസ്യാ മാർട്ടിൻ സ്വപിതാവിൻെറ മടിയിലിരുന്നു ശ്രവിച്ചു. അവൾക്കു വലിയ ദുഃഖമായി. ആ പാതകിയുടെ ആത്മാവു് നഷ്ടപ്പെട്ടുപോകുമല്ലോയെന്ന ദുരന്തചിന്ത അവളുടെ പിഞ്ചുഹൃദയത്തെ മുറിപ്പെടുത്തി. എങ്കിലും പ്രതീക്ഷയുടെ ചിറകുകൾ വിരിച്ചു് അവൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മൂന്നാംദിവസം കേട്ട വാർത്ത അവൾക്കു് അത്യധികം ആനന്ദം നൽകി. ഫ്രാൻസീനി കഴുമരത്തോടു സമീപിച്ചപ്പോൾ ക്രൂശുരൂപം വാങ്ങി ചുംബിക്കുകയും, കണ്ണുനീർ വീഴ്ത്തുകയും ചെയ്തുവെന്നതായിരുന്നു റിപ്പോർട്ടു്. ഇതായിരുന്നു അവൾ നേടിയ ഒന്നാമത്തെ വിജയം.

വേറൊരവസരത്തിൽ അമ്മയുടെ പ്രാർത്ഥനപ്പുസ്തകത്തിൽനിന്നു് ക്രൂശിതനായ ക്രിസ്തുവിൻെറ ഒരു പടം പുറത്തേക്കു തള്ളിനില്ക്കുന്നതു് ത്രേസ്യാ മാർട്ടിൻ കണ്ടു. ആണിപ്പഴുതുകളിൽനിന്നു് രക്തത്തുള്ളികൾ ഇററിററു് നിലംപതിക്കുന്നതായി അവൾക്കു തോന്നി. പാപികൾക്കായി ചിന്തപ്പെടുന്ന രക്ഷാകരമായ നിർമ്മലരക്തബിന്ദുക്കൾ നഷ്ടപ്പെട്ടുപോകുന്നുവല്ലോയെന്നു് അവൾ വ്യസനിച്ചു. തൽഫലമായി ഇൻഡോചൈനായിൽ പോയി മിഷൻവേല ചെയ്യണമെന്നുള്ള ആഗ്രഹം കുട്ടിക്കാലത്തിൽ തന്നെ അവളിൽ അങ്കുരിക്കുകയുണ്ടായി.

സായാഹ്നവേളയിൽ നടക്കുവാൻ പോകുമ്പോൾ സെലിഗ്വരിൻ കൊച്ചുമകളേയും കൈയ്ക്കുപിടിച്ചു കൊണ്ടുപോവുക പതിവായിരുന്നു. യാചകരെ വഴിക്കു കാണുമ്പോൾ അവൾ പോക്കററിൽ നിക്ഷേപിച്ചിരുന്ന ചെറുനാണയത്തുട്ടുകൾ ഉൽസാഹപൂർവ്വം വാങ്ങി അവർക്കു കൊടുത്തിരുന്നു.

ഒരു യാത്രകഴിഞ്ഞു് വീട്ടിൽ മടങ്ങിയെത്തിയപ്പോൾ കൊച്ചുത്രേസ്യാ ഒരു ഗ്ലാസ് വെള്ളം കുടിക്കുന്നതിനായി ചോദിച്ചു. അവളുടെ ദാഹം പാപികളുടെ മാനസാന്തരത്തിനായി കാഴ്ചവയ്ക്കണമെന്നു് അവളുടെ ജ്യേഷ്ഠസഹോദരി ഉപദേശിച്ചു. ഔദാര്യപൂർവ്വം ആ ത്യാഗം അവൾ സഹിച്ചു.

മറെറാരവസരത്തിൽ ലയോണിസഹോദരി അവളുടെ കൊച്ചനുജത്തിമാർക്കു് ഒരു കുട്ട നിറയെ കളിപ്പാവകൾ സമ്മാനിച്ചു. ഒരാൾ ഒരു പന്തു്, മറെറാരാൾ ഒരു ബലൂൺ തുടങ്ങിയ സാധനങ്ങൾ എടുത്തു. എന്നാൽ കൊച്ചുത്രേസ്യാ കുട്ട മുഴുവനെ എടുത്തുകൊണ്ടു പറഞ്ഞു: "പകുതിയായിട്ടു സ്നേഹിക്കുവാൻ എനിക്കറിവില്ല" എന്നു്. ഇതിനെ വിശദീകരിച്ചുകൊണ്ടു് പില്ക്കാലത്തു് സ്വയംകൃതചരിത്രത്തിൽ അവൾ എഴുതിയിരിക്കുന്നതു്: "കർത്താവു കുരിശുകൾ നൽകുമ്പോൾ, അവയിൽനിന്നു് ഇഷ്ടമുള്ളതു തിരഞ്ഞെടുക്കുകയല്ല വേണ്ടതു്. പുണ്യവതിയാകുവാൻ വേണ്ടി എല്ലാം സ്വീകരിക്കണം" എന്നാണ്.

ഫ്രാൻസിസ് ക്സ്രീനി ചെറുബാലനായിരിക്കുമ്പോൾ അനാഗതരായ ചൈനാക്കാരെപ്പററികേട്ടിരുന്നു. അമ്മയോടു് ജിജ്ഞാസയോടെ അവൻ ചോദിച്ചു, അവരാരാണെന്നു്. അവർ രക്ഷകനായ ക്രിസ്തുവിനെ അറിയാത്തവരാണെന്നു് അമ്മ മറുപടിനൽകി. അതിൻെറ കാരണമെന്താണെന്നു വീണ്ടും അവൻ അന്വേഷണംചെയ്തു ചോദിച്ചു. അവിടെപ്പോയി പ്രസംഗിക്കുന്നതിനു് മിഷനറിമാരില്ലാത്തതുനിമിത്തമാണ് അവർ ഇനിയും അനാഗതരായിരിക്കുന്നതെന്നു ആ നല്ലയമ്മ തുടർന്നുപറഞ്ഞു. അവനു അമ്മ പലപ്പോഴും വാങ്ങിക്കൊടുക്കാറുള്ള ചോക്കലററു്മിഠായി വേണ്ടെന്നുവച്ചാൽ കൂടുതൽ മിഷനറിമാരുണ്ടാകുമോയെന്നു ആ കുഞ്ഞു് തുടർന്നു അമ്മയോടു ചോദിച്ചു. തീർച്ചയായും ഉണ്ടാകുമെന്നു് ഉത്സാഹപൂർവ്വം അമ്മ മറുപടിനൽകിയപ്പോൾ, ഏററവും രുചികരമായ ചോക്കലററു് മേലാൽ അവനു വേണ്ടെന്നു ആ ബാലൻ ദൃഢവ്രതംചെയ്തു.

× × ×

മഹത്തായ ടൂറിൻപട്ടണത്തിനുള്ളിൽ വേറൊരു ചെറുനഗരമെന്നോണം നിലകൊള്ളുന്ന "ദൈവപരിപാലനയുടെ ചെറിയ വീടു്" (La Piccola Casa) എന്ന അത്ഭുതസദനത്തിൻെറ സ്ഥാപകനായ വി. ജോസഫ് കൊത്തലെൻഗോ ഒരു കുട്ടിയായിരിക്കുന്ന കാലത്തു് തൻെറ വീട്ടിലുള്ള മുറികളുടെ നീളവും വീതിയും അളന്നുകുറിക്കുന്നതു് അവൻെറ അമ്മ ഒരിക്കൽ കാണുകയുണ്ടായി. ഇതെന്തിനാണെന്നു അമ്മ ചോദിച്ചപ്പോൾ, അനാഥരും, രോഗികൾക്കുമായി എത്ര കട്ടിലുകളിടുവാൻ സൗകര്യപ്പെടുമെന്നു കണക്കുകൂട്ടിനോക്കുകയാണെന്നു ആ ബാലൻ മറുപടി പറഞ്ഞു. 14000 അവശരും, രോഗികളുമാണ് ആ ചെറിയ ഭവനത്തിൽ ഇന്നു അഭയം കണ്ടെത്തുന്നതു്.

× × ×

ശിശുവായ ജോൺവിയാന്നിയെ മടിയിലിരുത്തിക്കൊണ്ടു് അമ്മ ഭക്ഷണമെടുത്തുകൊടുക്കുമായിരുന്നു. ഒരുദിവസം ആ കുഞ്ഞു വായ് തുറന്നില്ല. അമ്മ ആശ്ചര്യ

---

(2-ാംപേജ് തുടർച്ച)

കുയുക്തികളെയെല്ലാം കുടഞ്ഞെറിയുവാൻ നാം സംഘടിതമായി ശ്രമിക്കേണ്ടതല്ലേ, സൈമൺ?"

"അതേ ഗോപി, നാം അതിനു അങ്ങേയററംവരെ പരിശ്രമിക്കണം. സമയം വൈകിയല്ലോ. തല്ക്കാലം നമുക്കു പോകാം."

ചന്ദ്രിക സുസ്മേരവദനയായി നീലാകാശപ്പരപ്പിലേററവും ഉയരത്തിലേറി ആ സുഹൃത്തുക്കളുടെ വഴിത്താരയിലെ അന്ധകാരപടലങ്ങളെയെല്ലാം അടിച്ചുകററിക്കൊണ്ടിരുന്നു. കാർമേഘവൃന്ദങ്ങൾ വിരണ്ടോടി. ഒരു മന്ദാനിലൻ ആ സുഹൃത്തുക്കളെ മന്ദംമന്ദം തലോടിക്കൊണ്ടു് അനുധാവനം ചെയ്തു.

—o—

ആദ്ധ്യാത്മികവീഥി

# പരിത്യാഗപരിശീലനം

(തുടർച്ച)

ദൈവത്തിൻെറ വൽസലമക്കളേ,

കഴിഞ്ഞ ലക്കത്തിൽ ഒരു കൊച്ചുകുട്ടിയെക്കൊണ്ടു ഈശോയ്ക്കു ഉടുപ്പു കൊടുപ്പിച്ചവിധം പറഞ്ഞല്ലൊ. ഇന്നു വേറൊരു സംഭവം പറയാം.

"ജോണീ, ഇതാ നിനക്കു പോക്കറ്റുമണിയായി ഒരു നാലണ." സ്കൂളിലേക്കു പോകാൻ ഒരുങ്ങിയിറങ്ങിയ പുത്രനോടു അമ്മ പറഞ്ഞു: "നിനക്കു ഇഷ്ടംപോലെ എന്തിനെങ്കിലും അതു ചിലവാക്കാം. മിഠായി വാങ്ങാനോ, ബലൂൺ വാങ്ങാനോ ധർമ്മം കൊടുക്കാനോ എന്തിനെങ്കിലും...എന്തുചെയ്യണമെന്നാണു നീ കരുതുന്നതു്?" "ഞാനൊന്നും നിശ്ചയിച്ചില്ല." "എന്നാൽ ഞാൻ പറയാം. നീ പോകുന്ന വഴിക്കു ആ പള്ളിപ്പടിക്കൽ ഒരപ്പാപ്പനിതന്നു ഭിക്ഷയിരക്കുന്നില്ലേ, നിനക്കിഷ്ടമുണ്ടെങ്കിൽ അയാൾക്കു അതു മുഴുവനുമോ, അല്ലെങ്കിൽ ഒരു ഭാഗമോ കൊടുക്കാം. സാധുക്കൾക്കു കൊടുക്കുന്നതു് ആർക്കു കൊടുക്കുന്നതായിട്ടാണു ഞാൻ പറഞ്ഞുതന്നിരിക്കുന്നതു്?"

"ഈശോയ്ക്കു കൊടുക്കുന്നതായിട്ടു്."

"കൊള്ളാം. അതു നിനക്കു് ഓർമ്മയുണ്ടല്ലോ. എന്താ നീ തീരുമാനിച്ചോ?"

"ഈശോയ്ക്കു് ഏതായിരിക്കും കൂടുതൽ ഇഷ്ടം? മിഠായി വാങ്ങിക്കുന്നതോ? ധർമ്മംകൊടുക്കുന്നതോ?"

"നിനക്കെന്തു തോന്നുന്നു?"

"മിഠായി ഉപേക്ഷിച്ചു ധർമ്മം കൊടുക്കുന്നതായിരിക്കും. എന്നാലും കുറെ മിഠായി വാങ്ങിച്ചാൽ പാപം വല്ലതുമുണ്ടോ?"

"ഒരു പാപവുമില്ല. നീ കൊണ്ടുപോകുന്ന പണമല്ലല്ലോ ഞാൻ തന്നതല്ലേ. പക്ഷേ നാം പാപംചെയ്യാതിരുന്നാൽ മാത്രം പോരല്ലോ. പാടുള്ള പുണ്യവും ചെയ്യേണ്ടേ? ഏതായാലും ഞാൻ പറഞ്ഞിട്ടു എന്നെ തൃപ്തിപ്പെടുത്താൻ നീ ഒന്നും ചെയ്യണ്ടാ. നീ പള്ളിയിൽ കയറി ഈശോയോടു തന്നെ നേരിട്ടു അഭിപ്രായം ചോദിച്ചിട്ടു അവിടുന്നു നിനക്കു തോന്നിക്കുന്നതനുസരിച്ചു എന്തെങ്കിലും ചെയ്തുകൊള്ളുക."

ജോണി നാലുമണിക്കു തിരിച്ചുവന്നപ്പോൾ സംഗതി എങ്ങനെ കലാശിച്ചു എന്നു അമ്മ ചോദിച്ചു. "ഞാൻ ഇവിടെനിന്നു പോയപ്പോൾ പകുതി ഈശോയ്ക്കും പകുതി എനിക്കും എന്നാണു കരുതിയിരുന്നതു്. പള്ളിയിൽ കയറി പ്രാർത്ഥിച്ചപ്പോൾ മറെറ പകുതികൂടി കൊടുത്തേക്കരുതോ എന്നു ഈശോ ചോദിച്ചു. സാധിക്കുകയില്ലെന്നു ഞാൻ എങ്ങനെ പറയും? അതുകൊണ്ടു മുഴുവനും അപ്പാപ്പനു് അല്ല, ഈശോയ്ക്കു കൊടുത്തു."

"കുഞ്ഞു നന്നായി ചെയ്തു. ആ ത്യാഗത്തെക്കുറിച്ചു ഇപ്പോൾ ഖേദമാണോ സന്തോഷമാണോ?"

"വളരെ സന്തോഷമാണ്. അല്പമെങ്കിലും സ്വന്തമായിട്ടു മാററിവച്ചെങ്കിൽ അതിനും മാത്രമുള്ള സന്തോഷക്കുറവുണ്ടാകുമായിരുന്നു."

ശ്രമിച്ചാൽ നിശ്ചയമായും നമുക്കു ഈവിധം നമ്മുടെ കുട്ടികളെ അഭ്യസിപ്പിക്കാം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

അപ്പോൾ അവർക്കു ഓർമ്മവന്നു, പതിവായി ചെയ്യാറുള്ള കുരിശടയാളം അന്നു കുഞ്ഞിൻെറ നെററിയിൽ വരച്ചില്ലെന്നു്. കുരിശടയാളം നടത്തിയശേഷം ഭക്ഷണംകൊടുത്തപ്പോൾ, ആ ശിശു വായ്തുറന്നു അതു സ്വീകരിച്ചു.

× × ×

കത്തോലിക്കാ സഭാകാര്യങ്ങൾ അനുഭാവപൂർവ്വം പഠിച്ചുകൊണ്ടിരുന്ന ഒരു പ്രോട്ടസ്റ്റൻറുകാരൻ, ഒരു സായാഹ്നത്തിൽ, തൻെറ കൊച്ചുമകനേയും കൂട്ടിക്കൊണ്ടു് ലണ്ടൻ പട്ടണവീഥിയിലൂടെ നടക്കുവാൻ പോയി. അവർ ഒരു കത്തോലിക്കാദേവാലയത്തിൽ പ്രവേശിച്ചു അവിടെ ഒരു വിളക്കു കത്തിനിന്നിരുന്നു. അതെന്തിനാണെന്നു് ആ കുട്ടി പിതാവിനോടു ചോദിച്ചു. കത്തോലിക്കാദേവാലയങ്ങളിൽ വി. കുർബാന സ്ഥാപിച്ചിട്ടുണ്ടെന്നു് ജനങ്ങളെ അറിയിക്കുവാനാണ് വിളക്കു കത്തുന്നതെന്നു പിതാവുത്തരം പറഞ്ഞു. അടുത്തതായി അവർ ഒരു പ്രോട്ടസ്റ്റൻറു് ദേവാലയത്തിൽ പ്രവേശിച്ചു. ആ കുഞ്ഞു് കത്തുന്ന വിളക്കുകാണുവാൻ തിരക്കോടെ ചുററുംനോക്കി. വിളക്കു കത്തുന്നില്ലല്ലോയെന്നു പിതാവിനോടു പറയുകയുംചെയ്തു. "ഇവിടെ ഈശോ സന്നിഹിതനല്ല; അതുകൊണ്ടു് വിളക്കു കത്തിക്കാറുമില്ല" എന്നു പിതാവുത്തരം പറഞ്ഞു. "ഈശോയില്ലാത്തിടത്തു നമുക്കു നില്ക്കണ്ടാ" എന്നു ആ ബാലൻ പ്രത്യുത്തരിച്ചു. അർത്ഥഗർഭമായ ആ മറുപടി പിതൃഹൃദയത്തെ സ്പർശിച്ചു. അതോടെ അയാളുടെ മാനസാന്തരം പൂർത്തിയായി.

× × ×

ജൂനിയർവേദപാഠ ക്ലാസ്സിൽനിന്നു് ഒരു കുട്ടി വീട്ടിൽ മടങ്ങിയെത്തിയപ്പോൾ, അപ്പനും അമ്മയും തമ്മിൽ വലിയ ശണ്ഠ നടന്നുകൊണ്ടിരുന്നു. അവർ കാണാതെ പിറകിൽക്കൂടെ ചെന്നു് ഒരു മേശപ്പുറത്തുകയറി നിന്നുകൊണ്ടു്, "Peace, be still" എന്നു കൈ ഉയർത്തികൊണ്ടു് അവൻ പറഞ്ഞു. അവർ രണ്ടുപേരും മകനെനോക്കി പുഞ്ചിരിച്ചു. "കുഞ്ഞേ, നീ ഇതെവിടെനിന്നു പഠിച്ചു" എന്നു അമ്മ അവനോടു ചോദിച്ചു. വേദപാഠക്ലാസ്സിൽ വെച്ചാണെന്നുത്തരംനൽകി. ഓളങ്ങൾ ഇരമ്പിയപ്പോൾ, ദിവ്യരക്ഷകൻ മുകളിലുദ്ധരിച്ച വാക്കുകളാണരുളിച്ചെയ്തതു്. ഓളങ്ങൾ ശാന്തമാകുകയും ചെയ്തു.

ഈ കൊച്ചുമിഷനറിമാർ ഈശോയേയും, ആത്മാക്കളേയും ഒരുപോലെ സ്നേഹിക്കുന്നു. ദൈവചൈതന്യം തുളുമ്പുന്ന കുടുംബാന്തരീക്ഷത്തിൽ അവർ വിരിഞ്ഞു വികസിക്കുന്നു. നല്ല ദൈവഭയമുള്ള മാതാപിതാക്കളുടെ ഹൃത്തടങ്ങളിൽ തങ്ങിനില്ക്കുന്ന സ്നേഹമധു നുകർന്നു് ഈ പിഞ്ചുകുഞ്ഞുങ്ങൾ ഉന്മത്തരായിത്തീരുന്നു.

നമ്മുടെ കുടുംബനാഥന്മാർ കുറച്ചുകൂടെ സ്നേഹസമ്പന്നരായിത്തീർന്നിരുന്നുവെങ്കിൽ, അടുത്ത ഭാവിയിൽതന്നെ ധാരാളം കൊച്ചുമിഷനറിമാർ ഈ കേരളക്കരയിൽ ജനിച്ചുവളരുമായിരുന്നു. അവരാണ് വിസ്തൃതഭാരതത്തെ ക്രിസ്തുവിലേക്കു ആനയിക്കേണ്ടവർ.

# പുസ്തകാഭിപ്രായം

## കൊച്ചുപൂക്കൾ

(ഗ്രന്ഥകർത്താ: ശ്രീ മയ്യനാട്ട് എ. ജോൺ ബി. എ. പക്ഷം 182. വില 2 ക. അസ്സീസിപ്രസ് കൊല്ലം)

ശ്രീയേശുക്രിസ്തു, അന്തോനി പാദുവാ, കന്യകാമറിയം, ഫ്രാൻസിസ് അസ്സീസി, ഫ്രാൻസിസ് സേവിയർ, ക്രിസ്തുദേവാനുകരണം മുതലായ വിശിഷ്ടഗ്രന്ഥങ്ങൾ വിരചിച്ച ശ്രീ മയ്യനാടൻെറ തൂലിക നിശ്ചലമായിപ്പോയോ എന്നു വിചാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് "കൊച്ചുപൂക്കൾ" എന്ന ഈ ഗ്രന്ഥം കാണുവാനിടയായതു്. സെൻറ് ഫ്രാൻസിസിൻേറയും അദ്ദേഹത്തിൻെറ ആദിമശിഷ്യരുടേയും ജീവിതരീതിയേയും ധർമ്മപ്രചരണസംരംഭങ്ങളേയും സംബന്ധിച്ചു് പരമ്പരാഗതമായി പ്രചാരത്തിലിരുന്ന ഐതിഹാസികകഥകളുടെ ഒരു സമാഹാരമാണു കൊച്ചുപൂക്കൾ. ഫ്രാൻസിസ് അസ്സീസിപുണ്യവാൻേറയും അദ്ദേഹത്തിൻെറ ധർമ്മസഹോദരരായ ലെയോ, മസ്സേയോ, ജൂന്നിപ്പർ മുതലായവരുടേയും ജീവിതത്തിനു് ഒരു പ്രത്യേക ശാലീനതയും സൗന്ദര്യവുമുണ്ടു്. തന്മൂലം അവരുടെ പ്രലോഭനങ്ങളും, പ്രവൃത്തനങ്ങളും, പ്രായശ്ചിത്തങ്ങളും ഇതിഹാസത്തിൻെറ നിറംകൊടുത്തും ആദ്ധ്യാത്മികതത്വങ്ങളുടെ സൗരഭ്യംചേർത്തും ശ്രീ മയ്യനാടൻ വിവരിച്ചുതീർന്നപ്പോൾ ഒരാഖ്യായികയുടെ ആസ്വാദ്യതയും ഒരു ആദ്ധ്യാത്മികഗ്രന്ഥത്തിൻെറ ആകർഷണവും കൊച്ചുപൂക്കൾക്കുണ്ടായിട്ടുണ്ടു്.

പുണ്യാത്മാവായ ഫ്രാൻസിസിനെപ്പററിയുള്ള സ്മരണകളെ അദ്ദേഹത്തിൻെറ അന്തേവാസികളും ശിഷ്യപരമ്പരകളും സംഭരിച്ചുസമാഹരിച്ചിട്ടുള്ള "ഫിയോറെററി" (Fioretti) എന്ന ഇററാലിയൻ മൂലകൃതിയുടെ ആംഗലാനുവാദത്തിൻെറ സ്വതന്ത്രപരിഭാഷയാണു് കൊച്ചുപൂക്കൾ; എന്നാൽ ഒരു പരിഭാഷയാണെന്നു തോന്നാൻപാടില്ലാത്തവിധം പദങ്ങൾ ചെത്തിമിനുക്കിയാണ് വാക്യങ്ങൾ സംഘടിപ്പിച്ചിട്ടുള്ളതു്. വൈദികവശത്തുനിന്നു തിരുവനന്തപുരം സഹായമെത്രാനും സാഹിത്യകാരന്മാരുടെ ഭാഗത്തുനിന്നു ശൂരനാട്ടുകുഞ്ഞൻപിള്ളയും പ്രശംസാവചസ്സുകൾ വർഷിച്ചു് ഓരോ അവതാരിക എഴുതി ഗ്രന്ഥത്തെ അലങ്കരിച്ചിട്ടുണ്ടു്. മലയാളഭാഷാസാഹിത്യത്തിൽ തഴക്കവും പഴക്കവും സിദ്ധിച്ചിട്ടുള്ള ഒന്നാംകിട സാഹിത്യകാരന്മാരിൽ സമുന്നതസ്ഥാനം സമ്പാദിച്ചിട്ടുള്ള ശ്രീ ജോണിൻെറ "കൊച്ചുപൂക്കൾ" അതിൻെറ മനോരഞ്ജകമായ സൗരഭ്യം നാടെങ്ങും പരത്തി അതിനെ ആസ്വദിക്കുന്നവർക്കു ലോകോത്തരമായ ആനന്ദം പ്രദാനം ചെയ്യട്ടെ എന്നിങ്ങനെ പോകുന്നു ബിഷപ്പു് തിരുമേനിയുടെ ആശംസ. ഫ്രാൻസിസ് മഹാൻെറ പുണ്യയശഃപരിമളംകലർന്ന സ്മൃതികുസുമങ്ങളുടെ സൗരഭ്യം കാലംകൊണ്ടും ദേശംകൊണ്ടും കുറയുന്നതല്ലെന്നും അങ്ങനെയുള്ള അക്ഷയ കല്യാണസൗരഭ്യധികകുസുമങ്ങളെ കോർത്തിണക്കിയ ഒരു മാലയാണു് ശ്രീ ജോൺ അവർകൾ മലയാളഭാഷാദേവിയുടെ തിരുമാറ്റിടത്തു ഇപ്പോൾ ചാർത്തിയിരിക്കുന്നതെന്നു ശ്രീ ശൂരനാടൻ.

കേട്ടതീന്ന പദങ്ങൾ ഭംഗിയായി ചേർത്തു് ഇണക്കിവയ്ക്കുകയെന്നതാണു മയ്യനാടൻ സാഹിത്യത്തിനുള്ള വിശേഷം. "മാപ്പിളമലയാള"ത്തിൻെറ ഒരു ലാഞ്ഛനപോലും അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ കാണുകയില്ല. ഈ ഉദ്ദേശം മുൻനിറുത്തി വിവാദാത്മകമായ പദങ്ങൾ, ക്രിസ്തുദേവൻ, ഭഗവാൻക്രിസ്തു മുതലായവ തൻെറ ഗ്രന്ഥങ്ങളിൽ സുലഭമായി ചേർത്തുതുടങ്ങി ചിലർക്കു് ആ പ്രയോഗത്തോടു് ഇതുവരേയും രമ്യപ്പെടുവാൻ കഴിഞ്ഞിട്ടില്ല; എന്നാൽ മയ്യനാടൻപക്ഷത്തു് ഇതിനകം പല എഴുത്തുകാരും പ്രത്യക്ഷപ്പെട്ടു കാണുന്നതുകൊണ്ടു് പ്രസ്തുത പ്രയോഗങ്ങളും ലബ്ധപ്രതിഷ്ഠങ്ങളാകുകയാണ്.

(ശേഷം 10-ാംപേജിൽ)

Wednesday
October 10
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY — ERNAKULAM (T. C. STATE)

Reg. No. M. 2293
Vol. 30
No. 9




പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,




റോമിലെ വങ്കന്മാരായ യുവസരസന്മാർ സൗന്ദര്യധാമമായ ആഗ്നസിനെ വട്ടമിട്ടുകൊണ്ടിരുന്നു, ആഭിജാത്യവും അഭിമാനവും മറന്നു്. ശാലീനതയുടെ സദൃശമായ വയലറ്റുപുഷ്പംപോലെ ആഗ്നസ് തലകുനിച്ചു നടന്നു, അവരുടെ വിഡ്ഢിത്തങ്ങൾ കണ്ടു്. ഭരണാധികാരി റൂഫസ് മാർക്കസിന്റെ സേവകൻ അവളുടെ അടുത്തു പലതരം നയോപായങ്ങൾ പ്രയോഗിച്ചു മണ്ടാടിനോക്കിയെങ്കിലും ഒരു മാറ്റവുമുണ്ടായില്ല, അവളെ വശീകരിക്കാൻ. അവളെ എങ്ങനെ വശീകരിക്കാനാണു്! നല്ല അറിവും തന്റേടവുമുള്ള ഒരു യുവതി. ലോകോത്തരഗുണഗണങ്ങൾ നിറഞ്ഞ ദിവ്യമണവാളനു സ്വയം അർപ്പിക്കപ്പെട്ടവൾ. അവളുണ്ടോ ഈ മിന്നാംമിനുങ്ങുകളുടെ വികൃതപ്രകാശംകണ്ടു മയങ്ങിപ്പോകുന്നു! ദൂതനോടു നല്ല കണക്കിനുപററുന്ന മറുപടികൾ സൗമ്യമായും വിനയമായും പറഞ്ഞുവിട്ടു. അവൻ ഇളിഭ്യനായി മടങ്ങി.

റൂഫസ്മാക്കു് വിവരങ്ങളെല്ലാമറിഞ്ഞു കുണ്ഠിതപ്പെട്ടു. ഇത്ര ഉയർന്ന സ്ഥാനത്തിരിക്കുന്ന തന്റെ അഭിലാഷം ആ ബാലിക നിരങ്കുശം അവഗണിച്ചു തള്ളിക്കളഞ്ഞല്ലോ എന്നോർത്തപ്പോൾ അയാൾക്കു നിരാശതോന്നി. ഊണുമുറക്കവുമില്ലാതെ ആ യുവാവു വിചാരം പിടിച്ചിരിക്കുകയാണു്. അയാളുടെ മാതാപിതാക്കന്മാർ ഇതികർത്തവ്യതാമൂഢരായി. ഒടുവിൽ ഒരു മാർഗ്ഗം കണ്ടുപിടിച്ചു. റോമിലുള്ള എല്ലാ യുവതീയുവാക്കന്മാർക്കുമായി ഒരു വലിയ സദ്യ ഒരുക്കുകതന്നെ. അങ്ങനെ എല്ലാ യുവതീയുവാക്കന്മാരും ആ സദ്യയിൽ വന്നുചേരുമ്പോൾ ആഗ്നസു് റൂഫസ്മാക്കിന്റെ പ്രതാപവും പ്രാമാണ്യവും മനസ്സിലാക്കാതിരിക്കുകയില്ല. അവൾ അങ്ങനെ അയാളെ വിവാഹം ചെയ്യുവാൻ സമ്മതിക്കുകയുംചെയ്യും. റൂഫസ്മാക്കിന്റെ പ്രിയമാതാവു് ഈ എളുപ്പമാർഗ്ഗം മകനെ പറഞ്ഞു മനസ്സിലാക്കുകയും അതിനുവേണ്ട എല്ലാ സജ്ജീകരണങ്ങളും ചെയ്യുകയുംചെയ്തു. അയാളുടെ യുവഹൃദയത്തിൽ വീണ്ടും ചില പ്രത്യാശകളെല്ലാം തളിരെടുത്തുതുടങ്ങി. പക്ഷെ എന്തായിരിക്കാം സാധിക്കാൻപോകുന്നതെന്നു ആരുകണ്ടു!

വല്യേട്ടൻ




## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടർച്ച)

86. ജോൺ ജെ. കണയംപ്ലാക്കൽ, നിർമ്മലപുരം.
87. ബി. ടി. ജോയി ഭരണികുളങ്ങര, മള്ളുശ്ശേരി.
88. ജോയി ചെറിയാൻ തേമ്പത്തുപറമ്പിൽ, പെരുമാനൂർ.
89. സെലസ്റ്റിൻ ഡിക്രോസ്റ്റ ചക്കാലപ്പാടത്തു്, ഓച്ചന്തുരുത്തു്
90. കെ. ജെ. മാത്തുക്കുട്ടി കുന്നപ്പിള്ളി, മണ്ണാറക്കയം.

88–ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—മണിമേട.

### പ്രശ്നം നമ്പർ 89

(കെ. ടി. അഗസ്റ്റിൻ കരളുതറ
Reg. No. 11)

പണക്കാരനും പാവപ്പെട്ടവനും അത്യധികം ബഹുമാനിക്കുന്ന ഒരു വിശിഷ്ടസമ്പത്താണു് ഞാൻ. പണത്തിനുവേണ്ടി അവർ എന്നെ വില്ക്കുകയില്ല. എന്നെ സംരക്ഷിക്കുന്നതിനു അവർ ജീവൻപോലും പണയപ്പെടുത്തും. എന്റെ പേരിനു നാലക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം അരുവിയിലുണ്ടു്, സമുദ്രത്തിലില്ല. രണ്ടാമത്തെ അക്ഷരം സുരഭിലതയിൽ കാണും, മനോഹരതയിൽ ഇല്ല. മൂന്നാമത്തെ അക്ഷരം ഭാരതമാതാവു തരും, രാഷ്ട്രപിതാവിനു തരുവാൻ സാദ്ധ്യമല്ല. നാലാമത്തെ അക്ഷരം മോട്ടോർ വാഹനത്തിൽ കാണാം, തീവണ്ടിയിലോ കപ്പലിലോ കാണുകയില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## ‘യുവവേദസാക്ഷി’

(Reg. No. 76
അഗസ്റ്റിൻ എം. ഇടക്കര)

കത്തോലിക്കാസഭയെ വിയററ്നാം ഗവമ്മെന്റു് ആവുംവിധം പീഡിപ്പിച്ചുകൊണ്ടിരുന്ന കാലം. നിഷ്കളങ്കത വിലസുന്ന ആയിരമായിരങ്ങൾ അലറുന്ന കമ്മ്യൂണിസ്റ്റുകടുവായുടെ വായിലേക്കു എടുത്തെറിയപ്പെട്ടു. ക്രിസ്തുവിന്റെ സന്ദേശം വഹിക്കുന്ന യുവത്തിടമ്പുകൾ യന്ത്രത്തോക്കിനുമുമ്പിൽ മരിച്ചു വീണു കൊണ്ടിരുന്നു. കത്തോലിക്കർക്കു അഭിപ്രായസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, ആരാധനാസ്വാതന്ത്ര്യം ഇത്യാദി സ്വാതന്ത്ര്യങ്ങളെല്ലാം ഒന്നടങ്കം ഗവമ്മെന്റു് നിരോധിച്ചു. എങ്കിലും ഇത്തരം പീഡനങ്ങളെ എല്ലാം അതിജീവിച്ചുകൊണ്ടു തിരുസഭാതരു വളർന്നുകൊണ്ടിരുന്നു.

ഒരു സുപ്രഭാതത്തിൽ റോഡിൽക്കൂടി ഒരു പിഞ്ചുബാലൻ തുടിക്കുന്ന ഹൃദയത്തോടെ ക്രിസ്തുരാജസങ്കേതത്തിലേക്കു്, പള്ളിയിലേക്കു്, മന്ദംമന്ദം ഗമിച്ചുകൊണ്ടിരിക്കുന്നു. മഞ്ഞുകാലമായിരുന്നതുകൊണ്ടു് സസ്യങ്ങൾ വെള്ള മൂടുപടമണിഞ്ഞു് രാത്രിയിലെ നിലാവെളിച്ചത്തിൽ പ്രശോഭിച്ചിരുന്നു. പ്രഭാതത്തിൽ സൂര്യാതപമേററു മഞ്ഞുതുള്ളികൾ ഇററിററായി പൊടിഞ്ഞുവീണുകൊണ്ടിരിക്കുകയാണു്. ഉദയസൂര്യന്റെ ചെങ്കതിർകിരണങ്ങളേററു ഓരോ വെള്ളത്തുള്ളിയും വെൺമുത്തുപോലെ ശോഭിക്കുന്നു. നിഷ്കളങ്കനായ ആ ബാലൻ പള്ളിയുടെ അങ്കണത്തേക്കു പ്രവേശിച്ചു. ബേബി, അതായിരുന്നു അവന്റെ പേർ.

കാർമേഘങ്ങൾ ഇല്ലാത്ത രാത്രിയിൽ ആകാശത്തു് താരഗണങ്ങൾ അങ്ങിങ്ങായി വിലസുന്നതുപോലെ രക്തകണങ്ങൾ പള്ളിയകത്തു അങ്ങിങ്ങായി തെറിച്ചുവീണുകിടക്കുന്നു. പള്ളിയുടെ ഉയരത്തിലായി ഒരു ചെങ്കൊടി കാററിൽ ആടിപ്പറക്കുന്നു. പള്ളിയുടെ ഏതാനും ഭാഗങ്ങൾ ഇടിഞ്ഞു പൊളിഞ്ഞുകിടക്കുന്നു. എങ്ങുനിന്നോ മുദ്രാവാക്യഘോഷണങ്ങൾ കേൾക്കുന്നുണ്ടു്. ദേവാലയത്തിലെ തിരുസ്വരൂപങ്ങൾ കാണ്മാനില്ല. ബേബി ഈ കണ്ടതായ കാഴ്ചകളെപ്പററി ചിന്തിക്കുവാൻതുടങ്ങി. അധികം സമയം വേണ്ടിവന്നില്ല, അവനു കാരണം മനസ്സിലാക്കുവാൻ. കമ്മ്യൂണിസ്റ്റുകളുടെ ഒരു വിളയാട്ടം അവിടെ നടന്നു എന്നതു സ്പഷ്ടമായിരുന്നു. കത്തോലിക്കരുടെ ചുടുരക്തമായിരുന്നു അവിടെ ചിതറിക്കിടന്നിരുന്നതു്. ദേവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ക്രിസ്ത്യാനികളുടെമേൽ കമ്മ്യൂണിസ്റ്റ്കിങ്കരന്മാർ നടത്തിയ മൃഗീയമായ വേട്ടയുടെ ആ അവശിഷ്ടങ്ങളുടെ മദ്ധ്യത്തിൽ ബേബി ഏകാകിയായി ഇതികർത്തവ്യതാമൂഢനായി നിന്നു.

“തെല്ലുമറിയാതെ ചെയ്യുമീ പാപങ്ങൾ സ്വർഗ്ഗീയനാഥാ പൊറുത്തിടേണെ!” എന്നു് അവൻ ആത്മനാ ഉരുവിട്ടു. ആ പാവം ആകപ്പാടെ സംഭ്രമിച്ചു. ഒന്നുഞെട്ടി. ദേവാലയസമീപം ചെങ്കൊടികൾ വഹിക്കുന്ന കുറെ ആയുധധാരികൾ അണിനിരന്നു നടന്നടുത്തുകൊണ്ടിരിക്കുന്നു. ബേബി ഉടനെ മുട്ടുകുത്തി ഭക്തിപൂർവ്വം നെററിയിൽ കുരിശുവരച്ചു. സത്യദൈവത്തെ ആരാധിച്ചു. ദൈവദ്രോഹികൾ അശുദ്ധമാക്കിയ ആ സ്ഥലത്തു നിർമ്മലനായ ആ ബാലൻ പരിഹാരബലിയായി സ്വയം അർപ്പിക്കുകയാണു്. അക്രമികൾ ഇരച്ചുകയറി. ബേബിയുടെ നേരെ അവർ തോക്കു ചൂണ്ടി. ബേബി ഇതൊന്നുകൊണ്ടും ചഞ്ചലപ്പെട്ടില്ല. അഭൗമികമായ ധൈര്യവും ശക്തിയും അവനു അനുഭവപ്പെട്ടു.

അക്രമികളുടെ പ്രധാനി അവനോടു ചോദിച്ചു: “നീ നിന്റെ വിശ്വാസം ഉപേക്ഷിക്കുന്നുവോ, അതോ മരിക്കുന്നുവോ?” ധൈര്യസമേതം അവൻ മറുപടി പറഞ്ഞു: “എന്റെ വിശ്വാസം ഞാൻ ഉപേക്ഷിക്കുകയില്ല. മരണത്തെ ഞാൻ ഭയപ്പെടുന്നില്ല.” അടുത്ത സെക്കൻറിൽ തോക്കുയർന്നു, നെഞ്ചിനുനേരെ വെടിപൊട്ടി. കൈകൾകൂപ്പി പുഞ്ചിരിതൂയാടുക്കൂടി ബേബി ഒരു ഭാഗത്തേക്കു മറിഞ്ഞുവീണു. അവന്റെ പാവനാത്മാവു് മാടപ്രാവിനെപ്പോലെ സ്വർഗ്ഗത്തിലേക്കു് പറന്നുപോവുകയും ചെയ്തു. സ്നേഹരാജനായ മിശിഹായ്ക്കുവേണ്ടി, ക്രിസ്തുവിനുവേണ്ടി വേദസാക്ഷിയായി അവൻ ഇഹലോകവാസം വെടിഞ്ഞു.

ചെറുകഥ

## “ഉറക്കമൊഴിഞ്ഞ രാത്രി”

(ജോൺ ജെ. കണയംപ്ലാക്കൽ,
Reg. No. 86)

രക്തപരിക്ലിന്നനായ ഭാനുമാൻ അന്ത്യശ്വാസം വലിച്ചു. ഇരുളിനെ വാരിയുടുത്തുകൊണ്ടു് നിശാംഗന രംഗപ്രവേശം ചെയ്തു. വിശാലമായ നീലാകാശം അതിന്റെ ചെറുദന്തമൊട്ടുകൾ വിടർത്തി. പുഞ്ചിരിക്കുന്നുണ്ടു്. വികിരശ്രേണികൾ ചേക്കേറി. ജംബൂകവൃന്ദങ്ങൾ “ക്കൂ” ആരവം മുഴക്കി ഇരതേടി യാത്രയായി. ഭയാനകമായ ശ്മശാനമൂകത ദിക്കെങ്ങും വ്യാപിച്ചുകഴിഞ്ഞു.

x x x

തെക്കേ വീട്ടിലെ കിഴക്കുവശത്തുള്ള ആ കൊച്ചുവരാന്തയിൽ കാലുകൾ വെളിയിലേക്കു നീട്ടി സ്വഹസ്തങ്ങളിൽ താങ്ങിയ മുഖകമലവുമായി ഒരാൾ ഇരിക്കുന്നു. ഇരുളിന്റെ ചുരുളുകൾ അഴിഞ്ഞഴിഞ്ഞുവീണിട്ടും വികാരാധീനനായ അയാൾ അതറിയുന്നില്ല. ജോസ്! തെക്കേവീട്ടിലെ ഫ്രാൻസീസുസാറിന്റെ ഏകപുത്രനാണവൻ. സ്കൂൾഫൈനൽ പരീക്ഷയിൽ വിജയം നേടിയശേഷം ജീവിതത്തിന്റെ നാല്ക്കവലയിൽ വന്നുനില്ക്കുന്ന ഒരു ഇരുപതുകാരൻ. ജീവിതത്തിന്റെ പരുപരുത്ത പരിസരങ്ങളുമായി ഏററുമുട്ടാൻ അണിഞ്ഞൊരുങ്ങുന്ന ഒരു സേനാനായകൻ. വിശിഷ്ടഗുണങ്ങളുടെ കേളീരംഗമായ ഒരു യുവാവു്. ജീവിതത്തിന്റെ നാൽക്കവലയിലെ ചൂണ്ടുപലകയെത്തേടി അവൻ ഉഴറുകയാണു്. ഉന്നതവിദ്യാഭ്യാസത്തിനുള്ള സാമ്പത്തികശക്തിയും അയാൾക്കില്ല. അതിനാൽ ഏതുവഴിക്കു താൻ തിരിയണമെന്നുള്ള പ്രശ്നം അവനെ ചിന്താകുലനാക്കിയിരിക്കുന്നു.

ഹൃദയത്തെ അമ്മാനമാടുന്ന സുന്ദരാനുഭൂതികൾ ഒരുവശത്തു്. കരളിനെ കുത്തിനോവിക്കുന്ന അനുഭവങ്ങൾ മറുവശത്തു്. തന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു തരുണീമണിയെ വിവാഹം ചെയ്തു സ്വൈരമായി ജീവിക്കണമോ? ആ കുടുംബജീവിതത്തിന്റെ പൊൻകിനാവുകൾ ഒരുവശത്തു്. രണ്ടായിരക്കൊല്ലങ്ങൾക്കപ്പുറത്തു് കപാലഗിരിയുടെ വിശാലവക്ഷസ്സിൽ, മരക്കുരിശിൽനിന്നും അടർന്നുവീണ “എനിക്കു ദാഹിക്കുന്നു” എന്ന തിരുവായ്മൊഴികൾ ഹൃദയത്തിന്റെ മറുഭാഗത്തു്. ഒരു നീണ്ട വടംവലിതന്നെ നടന്നു.

x x x

ഗൃഹാന്തർഭാഗത്തു് കത്തിയെരിഞ്ഞിരുന്ന ദീപങ്ങൾ കണ്ണടച്ചു. മൂകമായ പ്രപഞ്ചം സുഖസുഷുപ്തിയിൽ ആണ്ടുകഴിഞ്ഞു. ജോസ് എഴുന്നേററു. ഭീമമായ ചിന്താഭാരവും പേറി വിവശനായ അവൻ മുറിതുറന്നു്, അകത്തുകടന്നു് തന്റെ കട്ടിലിൽ ചെന്നിരുന്നു. വികാരങ്ങളുടെ വേലിയേററം അപ്പോഴും അവനിൽ നടന്നുകൊണ്ടിരുന്നു. നിദ്രാദേവി അന്നവനെ തലോടിയില്ല. വികാരങ്ങളുടെ സംഘട്ടനത്തിൽ വ്രണിതമായ തന്റെ ഹൃദയത്തിലൂടെ ആയിരം “കൊള്ളിമീനുകൾ” കടന്നുപോയി. പൊൻകിനാവുകളുടെ ജന്മഭൂവായ ഒരു ജീവിതത്തെ ആലിംഗനം ചെയ്യാൻ അയാൾ കൊതിച്ചു. പക്ഷെ അപ്പോഴിതാ “കൊയ്ത്തു വളരെ, എന്നാൽ വേലക്കാരോ ചുരുക്കം” എന്നു വിലപിച്ചരുളിച്ചെയ്തുകൊണ്ടു് സായുധരായി തന്റെ വയലിലേക്കു് ഇറങ്ങിച്ചെല്ലുവാൻ ആഹ്വാനം ചെയ്യുന്ന ക്രിസ്തുനാഥന്റെ മൃദുലസ്വനം ഹൃദയത്തിൽ പ്രതിദ്ധ്വനിക്കുന്നു.

ജോസ് കട്ടിലിൽനിന്നും എഴുന്നേററു. സാഹസികനായ ഒരു സേനാനായകനെപ്പോലെ അവൻ അങ്ങുമിങ്ങും നടന്നു. ഏതോ ഒരു ദൃഢനിശ്ചയത്തിന്റെ ചിഹ്നങ്ങൾ അവന്റെ മുഖത്തു് ദൃശ്യമാകുന്നുണ്ടു്, അതേ, ക്രിസ്തുനാഥന്റെ മുന്തിരിത്തോപ്പിൽ ഒരു പടയാളിയാകുവാൽതന്നെ അവൻ നിശ്ചയിച്ചുകഴിഞ്ഞു. ഐഹികസുഖഭോഗങ്ങളുടെ ഹ്രസ്വതയും നശ്വരതയും അവന്റെ ചിന്താമ

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-I